XXVII

# സോവിയററ് കമ്യൂണിസ്റ്റ് പാർട്ടി 27-ാം കോൺഗ്രസ്സ്

സി. പി. എസ്. യു. സെൻട്രൽ
കമ്മിററിയുടെ രാഷ്ട്രീയ
റിപ്പോർട്ടിനെപ്പററി
27-ാം കോൺഗ്രസ്സിൻെറ പ്രമേയം

•

സി. പി. എസ്. യു. സെൻട്രൽ
കമ്മിററി പ്ലീനം സംബന്ധിച്ച
കമ്യൂണിക്കെ

•

27-ാം സി. പി. എസ്. യു.
കോൺഗ്രസ്സിൽ
മിഖയിൽ ഗോർബച്ചേവ് ചെയ്ത
ഉപസംഹാരപ്രസംഗം

947.005
SOV

പുസ്തകം 21
സോസ
സോവിയറ്റ് സമീക്ഷ
മാർച്ച് 14
ലക്കം 11
1986

J651

# സി. പി. ഐ. കോൺഗ്രസ്സിന്നു സി. പി. എസ്. യു. സെൻട്രൽ കമ്മിററിയുടെ അഭിവാദന സന്ദേശം

Library & Research Center

സി. പി. എസ്. യു. സെൻട്രൽ കമ്മിററി ഇന്ത്യൻ കമ്യൂണിസ്റ്റു പാർട്ടിയുടെ 13-ാം കോൺഗ്രസ്സിന്നു ഒരു അഭിവാദന സന്ദേശമയച്ചിരിക്കുന്നു. അതിൽ ഇങ്ങിനെ പറയുന്നു:

''സങ്കീർണ്ണമായ ഒരു പരിതഃസ്ഥിതിയിലാണ് നിങ്ങളുടെ കോൺഗ്രസ്സ് നടക്കുന്നത്. കൂടുതൽ ആക്രമണ വ്യഗ്രരായ സാമ്രാജ്യത്ത വൃത്തങ്ങൾ സൈനികമേൻമ ഉന്നമാക്കിയുള്ള കർമ്മസരണി തുടർന്നും അനുവർത്തിക്കുകയും തങ്ങളുടെ ഹിതം ഇതര രാഷ്ട്രങ്ങളുടെമേൽ അടിച്ചേല്പിക്കുവാൻ ശ്രമിക്കുകയും ചെയ്യുന്നു. ഈ വസ്തുതയാണ് പ്രസ്തുത സ്ഥിതിവിശേഷം സൃഷ്ടിച്ചിട്ടുള്ളത്''.

''നൂക്ലിയർ യുഗത്തിൽ വ്യത്യസ്ത സാമൂഹ്യ സമ്പ്രദായങ്ങളോടുകൂടിയ രാജ്യങ്ങളുടെ സമാധാനപരമായ സഹവർത്തനത്തിന്ന് യുക്തിയുക്തമായ മററൊരു ബദലില്ല, ഉണ്ടാവാൻ നിവൃത്തിയുമില്ല എന്ന സങ്കല്പത്തെ ആധാരമാക്കിയാണ് സോവിയററ് യൂണിയൻ മുന്നോട്ടുപോകുന്നത്. ഇയ്യിടെ നടന്ന 27-ാം സി. പി. എസ്. യു കോൺഗ്രസ്സ് സമസ്ത ജനതകൾക്കും സമാധാനം ഉറപ്പുവരുത്തുന്ന വിശാലമായ ഒരു പരിപാടി മുൻവെച്ചിരിക്കുന്നു'', സന്ദേശം ചൂണ്ടിക്കാട്ടുന്നു.

''യുദ്ധത്തെ തടയുക എന്നത് ലോകമൊട്ടുക്കുമുള്ള ജനതകളുടെ അഭിനിവേശങ്ങൾക്ക് അനുസാരമായ നടപടിയാണ്. ആയുധപ്പന്തയം നിർത്തണമെന്നും ആയുധപ്പന്തയം ബാഹ്യാകാശത്തേക്ക് പരക്കുന്നത് തടയണമെന്നും ലോകത്തിൻെറമീതെ തൂങ്ങിനില്ക്കുന്ന നൂക്ലിയർ വിനാശഭീഷണി തട്ടിമാററപ്പെടണമെന്നും ജനതകൾ ശക്തിയുക്തം ആവശ്യപ്പെടുന്നു'', സന്ദേശം പറയുന്നു.

''നൂക്ലിയർ യുദ്ധഭീഷണിക്കെതിരായി, സമാധാന സംരക്ഷണത്തിന്നുവേണ്ടി, ഇന്ത്യൻ കമ്യൂണിസ്റ്റു പാർട്ടി നടത്തിവരുന്ന ഊർജ്ജസ്വലമായ നടപടികളെ സോവിയററ് യൂണിയൻ അഭിനന്ദിക്കുന്നു. ഇന്ത്യയും സോവിയററ് യൂണിയനും തമ്മിൽ സൗഹൃദവും സഹകരണവും വളർത്തുകയും ഊട്ടിയുറപ്പിക്കുകയും ചെയ്യുന്നതിലേക്ക് സി. പി. ഐ. സാരവത്തായ സംഭാവനചെയ്യുന്നു. ഇരുരാജ്യങ്ങളിലെയും ജനതകളുടെ ജീവൽ താൽപര്യങ്ങൾക്ക് നിരക്കുന്നതും ഇന്ത്യയിലും ലോകത്തൊട്ടുക്കും സമാധാനത്തിൻെറയും സുരക്ഷിതത്വത്തിൻെറയും ദൃഢീകരണത്തെ പ്രോത്സാഹിപ്പിക്കുന്നതുമായ സംഭാവനയാണിത്'', സന്ദേശം കൂട്ടിച്ചേർക്കുന്നു.

രാജ്യത്തിൻെറ ദേശീയ സ്വാതന്ത്ര്യവും ഐക്യവും ഭൂപരമായ അഖണ്ഡതയും ഊട്ടിയുറപ്പിക്കുന്നതിന്നുവേണ്ടി എല്ലാ ജനാധിപത്യ ശക്തികളുമായും ദേശീയ-ദേശാഭിമാന അണികളുമായും ഐക്യം വളർത്തുന്നതിലും, ഇന്ത്യയിലെ അദ്ധ്വാനിക്കുന്ന ജനങ്ങളുടെ ജീവൽ താൽപര്യങ്ങൾക്കുവേണ്ടിയും ജനാധിപത്യത്തിൻെറയും സാമൂഹ്യ പുരോഗതിയുടേയും പാതയിലൂടെയുള്ള രാജ്യത്തിൻെറ വികാസത്തിന്നുവേണ്ടിയുമുള്ള സമരത്തിലും എല്ലാ ഇന്ത്യൻ കമ്യൂണിസ്റ്റുകൾക്കും സി. പി. എസ്. യു. സെൻട്രൽ കമ്മിററി അധികതര വിജയങ്ങൾ ആശംസിക്കുന്നു. □

# ഉള്ളടക്കം

947.005 SOS

പേജ്

സി. പി. ഐ. കോൺഗ്രസ്സിന്ന് സി. പി. എസ്. യു. സെൻട്രൽ കമ്മിററിയുടെ അഭിവാദനസന്ദേശം 1

സി. പി. എസ്. യു. സെൻട്രൽ കമ്മിററിയുടെ രാഷ്ട്രീയ റിപ്പോർട്ടിനെപ്പററി 27-ാം കോൺഗ്രസ്സിൻെറ പ്രമേയം 3

സി. പി. എസ്. യു. സെൻട്രൽ കമ്മിററി പ്ലീനം സംബന്ധിച്ച കമ്യൂണിക്കെ 33

27-ാം സി. പി. എസ്. യു. കോൺഗ്രസ്സിൽ മിഖയിൽ ഗോർബച്ചേവ് ചെയ്ത ഉപസംഹാരപ്രസംഗം 34

ഇന്ത്യൻ അതിഥികൾ സി. പി. എസ്. യു. കോൺഗ്രസ്സിനെ അഭിവാദ്യം ചെയ്യുന്നു 40

— സി. രാജേശ്വരറാവു 40

— എം. ബസവ പുന്നയ്യ 43

— അർജ്ജുൻസിങ്ങ് 46

# സി. പി. എസ്. യു. സെൻട്രൽ കമ്മിററിയുടെ രാഷ്ട്രീയ റിപ്പോർട്ടിനെപ്പററി 27-ാം കോൺഗ്രസ്സിൻെറ പ്രമേയം

**സി.** പി. എസ്. യു. സെൻട്രൽ കമ്മിററിയുടെ രാഷ്ട്രീയ റിപ്പോർട്ടിനെപ്പററി സോവിയററു കമ്യൂണിസ്റ്റുപാർട്ടിയുടെ 27-ാം കോൺഗ്രസ്സംഗീകരിച്ച പ്രമേയം ചുവടെ കൊടുക്കുന്നു:

സി. പി. എസ്. യു. സെൻട്രൽ കമ്മിററിയുടെ ജനറൽ സിക്രട്ടറി സഖാവ് മിഖയിൽ ഗോർബച്ചേവ് അവതരിപ്പിച്ച, സെൻട്രൽ കമ്മിററിയുടെ രാഷ്ട്രീയ റിപ്പോർട്ട് കേൾക്കുകയും അതിനെപ്പററി ചർച്ച നടത്തുകയും ചെയ്തശേഷം സോവിയററു കമ്മ്യൂണിസ്റ്റുപാർട്ടിയുടെ 27-ാം കോൺഗ്രസ്സ്, നമ്മുടെ ലെനിനിസ്റ്റു പാർട്ടി നിർമ്മാണപ്രവർത്തനങ്ങളിലെ പുതിയ അനുഭവങ്ങൾ കൊണ്ടു സമ്പന്നവും ഉററ് ഐക്യപ്പെട്ടുമാണ് പാർട്ടികോൺഗ്രസ്സിലേക്ക് വന്നതെന്ന വസ്തുത കണക്കിലെടുക്കുന്നു. സോവിയററുജനങ്ങൾ സി. പി. എസ്. യു.വിൻെറ പരിപാടി കുറിമാനങ്ങളും 26-ാം പാർട്ടികോൺഗ്രസ്സിൻെറ തീരുമാനങ്ങളും നിറവേററിയതിൻെറ ഫലമായി ഗണ്യമായ സാമ്പത്തിക, സാമൂഹ്യ, സാംസ്കാരിക മുന്നേററങ്ങൾ കൈവരിച്ചു. വിദേശകാര്യങ്ങളിൽ സോവിയററുയൂണിയൻെറ കൈനിലകൾ പൂർവ്വാധികം ശക്തിപ്പെടുകയും അതിൻെറ സാർവ്വദേശീയാന്തസ്സ് ഉയരുകയും ചെയ്തു. സി. പി. എസ്. യു. സമാധാനത്തിന്നും സാമൂഹ്യപുരോഗതിക്കുംവേണ്ടിയുള്ള സമരത്തിൻെറ കൊടിക്കൂറ ഉയർത്തിപ്പിടിക്കുന്നു.

ഇന്നത്തെ ഈ വഴിത്തിരിവുഘട്ടത്തിൽ, രാജ്യത്തിന്നകത്തും ലോകരംഗത്തും ഉണ്ടായ ഗുണപരമായി പുതിയ സ്ഥിതിവിശേഷത്തിൽ, മാർക്സിസം-ലെനിനിസത്തോടുള്ള തൻെറ കൂറ് പാർട്ടി ഒരിക്കൽകൂടി പ്രദർശിപ്പിച്ചു; സ്ഥിതിയെ കൂലങ്കഷമായി പരിശോധിക്കുവാനും അനുഭവങ്ങളിൽനിന്ന് ശരിയായ സാധനപാഠങ്ങൾ ഉൾക്കൊള്ളുവാനും അടിയന്തിരപ്രശ്നങ്ങൾക്ക് പരിഹാരമാർഗ്ഗങ്ങൾ കണ്ടുപിടിക്കുവാനും കാലഹരണപ്പെട്ടതും ജീവനക്ഷമമല്ലാത്തതുമായ എല്ലാററിനേയും തരണം ചെയ്യുവാനും ഉള്ള കഴിവ് പാർട്ടി ഒരിക്കൽകൂടി തെളിയിച്ചുകാട്ടി.

സി. പി. എസ്. യു. സെൻട്രൽ കമ്മിററി 1985 ഏപ്രിൽ പ്ലീനത്തിൽ ദേശീയ സമ്പദ്വിധാനത്തിലേയും സമുദായത്തിൻെറ ഇതരമണ്ഡലങ്ങളിലേയും സ്ഥിതി അവധാനപൂർവ്വം അപഗ്രഥനം ചെയ്കയും രാജ്യത്തിൻെറ സാമൂഹ്യ-സാമ്പത്തിക വികസനം ത്വരിപ്പിക്കുന്ന കർമ്മതന്ത്രം ആവിഷ്കരിക്കുകയും ചെയ്തു. ഈ കർമ്മതന്ത്രത്തിന്ന് കമ്മ്യൂണിസ്റ്റുകളുടെയും മുഴുവൻ സോവിയററുജനങ്ങളുടെയും സർവ്വാത്മനായുള്ള പിന്തുണയുണ്ട്. പ്രസ്തുത പ്ലീനം പോരായ്മകൾ ധീരമായെടുത്തുകാട്ടുകയും പ്രയാസങ്ങളും കുറവുകളും കലവറയില്ലാതെ ജനങ്ങളെ അറിയിക്കുകയും ചെയ്തു. നമ്മുടെ മുന്നേററത്തിന്ന് ശക്തിമത്തായ ഒരു ഉത്തേജനം അത് നൽകി. ഊർജ്ജസ്വ

ലമായ പ്രായോഗികകർമ്മങ്ങളിലേക്കുള്ള അടിസ്ഥാനപരമായ ഒരു തിരിവിന്ന് അത് തുടക്കം കുറിച്ചു. അച്ചടക്കം കർശനമാക്കുവാനും കാര്യക്ഷമത ഉയർത്തുവാനും അത് പ്രചോദനം നൽകി.

സെൻട്രൽ കമ്മിററിയുടെ ഏപ്രിൽ പ്ലീനത്തിന്റെ തീരുമാനങ്ങൾക്കും സി. പി. എസ്. യു. പരിപാടിയുടെ പുതിയ പതിപ്പ്, പാർട്ടി നിയമാവലിക്കുള്ള ഭേദഗതികൾ, 1986–1990-കാലത്തേക്കും 2000-ാമാണ്ടിൽ അവസാനിക്കുന്ന കാലഘട്ടത്തിലേക്കുമുള്ള സോവിയററുയൂണിയന്റെ സാമ്പത്തികവും സാമൂഹ്യവുമായ വികസനത്തിന്നുള്ള മാർഗ്ഗരേഖകൾ എന്നിവയുടെ കരടുകൾക്കും ലഭിച്ച രാജ്യവ്യാപകമായ അംഗീകാരം പാർട്ടിയും ജനങ്ങളും തമ്മിലുള്ള ഐക്യം ഇനിയും ശക്തിപ്പെടുമെന്നതിന്ന്, പാർട്ടിയുടെ നേതൃപങ്ക് വിപുലപ്പെടുമെന്നതിന്ന്, തെളിവാണ്. സോഷ്യലിസത്തിന്റെ സാമ്പത്തികവും ആത്മീയവുമായ ശേഷിസാദ്ധ്യതകളെ പൂർണ്ണതരമായുപയോഗപ്പെടുത്തുന്നതിന്ന് പുതിയ അവസരങ്ങൾ പ്രദാനം ചെയ്യുന്നു അത്.

സോവിയററു കമ്യൂണിസ്റ്റുപാർട്ടിയുടെ 27-ാം കോൺഗ്രസ്സ് ഇങ്ങിനെ തീരുമാനിക്കുന്നു:

— സി. പി. എസ്. യു. സെൻട്രൽ കമ്മിററിയുടെ രാഷ്ട്രീയ കർമ്മപദ്ധതിയേയും പ്രായോഗിക വ്യവഹാരങ്ങളേയും ശരിവെക്കുക;

— കോൺഗ്രസ്സിന്നുള്ള സെൻട്രൽ കമ്മിററിയുടെ രാഷ്ട്രീയ റിപ്പോർട്ടിൽ മുൻവെക്കപ്പെട്ട വ്യവസ്ഥകളേയും നിഗമനങ്ങളേയും കടമകളേയും ശരിവെക്കുകയും അവയെ തങ്ങളുടെ പ്രവർത്തനങ്ങളിൽ മാർഗ്ഗദർശനമായി സ്വീകരിക്കുവാൻ എല്ലാ പാർട്ടിഘടകങ്ങളോടും നിർദ്ദേശിക്കുകയും ചെയ്യുക.

## I

1. സി. പി. എസ്. യു. സെൻട്രൽ കമ്മിററിയുടെ രാഷ്ട്രീയ റിപ്പോർട്ടിൽ സമകാലീന ലോകവികാസത്തിലെ അടിസ്ഥാനപ്രവണതകളേയും വൈരുദ്ധ്യങ്ങളെയും പററി നടത്തപ്പെട്ട വിശകലനത്തേയും റിപ്പോർട്ടിലെ വിലയിരുത്തലുകളേയും നിഗമനങ്ങളേയും കോൺഗ്രസ്സ് ആവർത്തിച്ചു സ്ഥിരീകരിക്കുകയും പിന്താങ്ങുകയും ചെയ്യുന്നു.

2. 20-ാം നൂററാണ്ടിൽ പുരോഗതി ശരിയായും സോഷ്യലിസവുമായി ബന്ധപ്പെട്ടിരിക്കുന്നു. ബലവത്തായ ഒരു സാർവ്വദേശീയ സത്തയാണ് ലോകസോഷ്യലിസം. അതീവ വികസിതമായ ഒരു സമ്പദ്വിധാനത്തിൻമേലും അധുനാതനശാസ്ത്രീയാസ്തിവാരത്തിൻമേലും ആശ്രയണീയമായ സൈനിക-രാഷ്ട്രീയ ശേഷിസാദ്ധ്യതകളിൻമേലും നിലയുറപ്പിച്ചിരിക്കുന്നു അത്. സാമൂഹ്യപ്രശ്നങ്ങൾ തികച്ചും വിഭിന്നമായ ഒരു കൂട്ടായ്മാടിസ്ഥാനത്തിൽ പരിഹരിക്കുവാൻ കഴിയുമെന്ന വസ്തുത സോഷ്യലിസം അനുസ്യൂതം തെളിയിച്ചുകാട്ടുന്നു. ഈ പാത അവലംബിക്കുന്ന രാജ്യങ്ങളെ അത് വികാസത്തിന്റെ പുതിയ ഔന്നത്യങ്ങളിൽ കൊണ്ടെത്തിച്ചിരിക്കുന്നു.

സോഷ്യലിസം സാമൂഹ്യബന്ധങ്ങളെ അക്ഷീണം അഭിവൃദ്ധിപ്പെടുത്തിവരുന്നു; തന്റെ സിദ്ധികളെ ലക്ഷ്യബോധത്തോടെ ബഹുഗുണീകരിക്കുന്നു; തന്റെ ദൃഷ്ടാന്തത്തിന്റെ ആകർഷണീയതയുടേയും വിശ്വസനീയതയുടേയും അധികാര ബലത്തെ പടുത്തുയർത്തിക്കൊണ്ടിരി

ക്കുന്നു; സമാധാനത്തിന്ന് വേണ്ടിയും തുല്യതയുടേയും പാരസ്പര്യത്തിന്റെയും അടിസ്ഥാനത്തിൽ രാഷ്ട്രങ്ങളുടെ സമ്പൽസമൃദ്ധിക്ക് വേണ്ടിയും വിശാലമായ അന്താരാഷ്ട്രസഹകരണത്തിൽ ഭാഗഭാക്കാവാനുള്ള തന്റെ സന്നദ്ധത പ്രദർശിപ്പിച്ചുവരുന്നു. അങ്ങിനെ, സോഷ്യലിസം യുദ്ധത്തിന്റേതും മിലിട്ടറിസത്തിന്റേതുമായ, പിന്തിരിപ്പത്തത്തിന്റേതും ബലപ്രയോഗത്തിന്റേതുമായ, പ്രത്യയശാസ്ത്രത്തിന്നും നയത്തിന്നും, എല്ലാ രൂപങ്ങളിലുമുള്ള മനുഷ്യദ്വേഷത്തിന്നും, അധികാധികം ബലവത്തായ പ്രതിബന്ധം കെട്ടിയുയർത്തുകയും മാനവവംശത്തിന്റെ സാമൂഹ്യപുരോഗതിയിലേക്ക് ഊർജ്ജസ്വലമായി സംഭാവന ചെയ്കയും ചെയ്യുന്നു.

3. ശാസ്ത്ര-സാങ്കേതിക വിപ്ലവത്തിന്റെ സ്വാധീനത്തിലും പശ്ചാത്തലത്തിലും, വമ്പിച്ച തോതിലുള്ള ഉൽപാദകശക്തികളും സ്വകാര്യ ഉടമസ്ഥതയിൽ അധിഷ്ഠിതമായ സാമൂഹ്യബന്ധങ്ങളും തമ്മിലുള്ള സംഘട്ടനത്തെ അഭിനവമുതലാളിത്തം ഉത്തരോത്തരം രൂക്ഷതരമാക്കിത്തീർക്കുന്നു. മുതലാളിത്തത്തിന്റെ പൊതുക്കുഴപ്പം പൂർവ്വാധികം മൂർച്ഛിക്കുന്നതായി നാം കാണുന്നു. പണ്ടെന്നും കേട്ടിട്ടില്ലാത്തവിധം, എല്ലാ വൈരുദ്ധ്യങ്ങളും തമ്മിൽത്തമ്മിൽ കെട്ടിപ്പിണയുകയും പരസ്പരം മൂർച്ഛിപ്പിക്കുകയും ചെയ്യുന്ന ഒരവസ്ഥയിലേക്ക്, അതിന്റെ സാമൂഹ്യവും സാമ്പത്തികവും മററുമായ പ്രതിസന്ധികളുടേയും സംഘട്ടനങ്ങളുടേയും, ചരിത്രത്തിൽ അഭൂതപൂർവ്വമായ ഒരളവിലേക്ക്, മുതലക്കുപ്പ് കുത്തുകയാണ് മുതലാളിത്തം ഇന്ന്. നമ്മുടെ കാലഘട്ടത്തിലെ എല്ലാ മുഖ്യ പ്രശ്നങ്ങൾക്കും, അവ തുടർന്നു നിലനിൽക്കുകയും ഉത്തരോത്തരം രൂക്ഷതരമായിത്തീരുകയും ചെയ്യുന്നു എന്ന വസ്തുതയ്ക്കും മുതലാളിത്തമാണ് ഉത്തരവാദി.

ഇന്നത്തെ സാഹചര്യങ്ങളിൽ, മുതലാളിത്തത്തിന്റെ അടിസ്ഥാനവൈരുദ്ധ്യം, അതായത് അദ്ധ്വാനവും മൂലധനവും തമ്മിലുള്ള വൈരുദ്ധ്യം, മൂർച്ഛിക്കുന്നത് മൂലമുണ്ടാകുന്ന ഫലങ്ങളിലൊന്ന് ചില പ്രമുഖ മുതലാളിത്തരാജ്യങ്ങളിൽ നയം, മുഴുവൻ സ്ഥിതിയും, ഗണ്യമായളവിൽ വലത്തോട്ടു ചായുക എന്ന ഗുരുതരമായ അപകടമാണ്.

4. ഇന്നത്തെ സാഹചര്യങ്ങളിൽ, സാമ്രാജ്യത്തം മാനവവംശത്തിന്റെ നിലനിൽപിന്നുതന്നെ വർദ്ധമാനമായ ഒരു ഭീഷണിയാണ്. അതിന്റെ അത്യന്തം ബീഭത്സമായ സന്താനമാണ് മിലിട്ടറിസം. മിലിട്ടറിസം ബൂർഷ്വാസമുദായത്തിന്റെ രാഷ്ട്രീയ സംവിധാനത്തെയാകെ തന്റെ സ്വാധീനത്തിന്നും താൽപര്യങ്ങൾക്കും വിധേയപ്പെടുത്തുവാനും ആത്മീയജീവിതത്തിൻമേലും സംസ്കാരത്തിൻമേലും നിയന്ത്രണം ചെലുത്തുവാനും ശ്രമിക്കുന്നു.

നമ്മുടെ നൂററാണ്ടിലെ യുദ്ധങ്ങൾക്കും സംഘട്ടനങ്ങൾക്കുമുള്ള ഉത്തരവാദിത്തം, ആയുധപ്പന്തയം കുത്തിയിളക്കുകയും അനുസ്യൂതം ഊർജ്ജിതപ്പെടുത്തുകയും അതിന്റെ പുതിയ വഴിത്താരകൾ തുറന്നുവിടുകയും ചെയ്തതിന്നുള്ള ഉത്തരവാദിത്തം, സാമ്രാജ്യത്തത്തിന്നാണ്, സാമ്രാജ്യത്തത്തിന്നല്ലാതെ മററാർക്കുമല്ല. നൂക്ലിയറായുധങ്ങൾ ഇദംപ്രഥമമായി പ്രയോഗിച്ച സാമ്രാജ്യത്തം മിക്കവാറും പ്രതിവിധിയില്ലാത്ത പുതിയൊരു ചുവടുവെപ്പ് നടത്തി ആയുധപ്പന്തയത്തെ ബാഹ്യാകാശത്തേയ്ക്കു കൊണ്ടുചെല്ലുവാൻ ഒരുക്ക

ങ്ങൾ ചെയ്തുവരുന്നു. ആക്രമണത്തിന്റെ കുന്തമുന മുഴുവൻ ഗ്രഹത്തിന്റെ നേരെ തിരിച്ചുപിടിക്കുന്നു.

പുത്തൻ കൊളോണിയലിസത്തിന്റേതായ ഒരു പരിഷ്കൃതവിധാനത്തെ സൃഷ്ടിച്ചിരിക്കുന്നു സാമ്രാജ്യത്തം. വികസ്വരരാജ്യങ്ങളെ ക്രൂരമായി ചൂഷണം ചെയ്യുക എന്നത് സാമ്രാജ്യത്വത്തിന്റെ സൈനികസന്നാഹങ്ങൾക്കും അതിന്റെ ആഭ്യന്തര നയത്തിനും അതിന്റെ നിലനിൽപിന്നുതന്നേയും വേണ്ട പണമുണ്ടാക്കുവാനുള്ള പ്രധാനപ്പെട്ടൊരു സ്രോതസ്സായി ഭവിച്ചുകൊണ്ടിരിക്കുന്നു. സാമ്രാജ്യത്വം സമസ്തമനുഷ്യരാശിക്കുമെതിരേ ഉത്തരോത്തരം ഊക്കോടെ മുന്നോട്ടുവരുന്നു.

5. ഈ ഗ്രഹത്തിലുടനീളം സർക്കാറുകളും ജനതകളും നിർമ്മാണപരമായും വിധായകമായും പരസ്പരവൃത്തി നടത്തണമെന്ന് ചരിത്രത്തിന്റേയും സാമൂഹ്യപുരോഗതിയുടേയും ഗതി സനിഷ്കർഷം ആവശ്യപ്പെടുന്നു. രണ്ടു വ്യവസ്ഥിതികൾ തമ്മിലുള്ള കിടമൽസരത്തയും ചരിത്രവിവാദത്തേയും വിശ്വരാഷ്ട്രസമുച്ചത്തിൽപെട്ട രാജ്യങ്ങളുടെ പരസ്പരാശ്രയത്വത്തിലേക്കുള്ള വർദ്ധമാനമായ പ്രവണതയുമായി സമന്വയിപ്പിക്കുക എന്നത് അഭിനവലോകവികാസത്തിന്റെ യഥാർത്ഥ ദ്വന്ദ്വാത്മക സ്വഭാവമായിത്തീർന്നിരിക്കുന്നു. വിപരീതശക്തികളുടെ സമരത്തിലൂടെ വിവാദാത്മകമെങ്കിലും പരസ്പരാശ്രിതമായ, പലവിധത്തിലും അഖണ്ഡമായ, ഒരു ലോകം രൂപംകൊണ്ടുവരുന്നു. ലോകകാര്യങ്ങൾ, അവയുടെ ഇന്നത്തെ ഘട്ടം വിശേഷിച്ചും, എല്ലാ സ്റ്റേററുകളിൽനിന്ന്, അതും വിദേശനയത്തിലും സാമ്പത്തികവും സാമൂഹ്യവുമായ രംഗങ്ങളിലും, സമുദായത്തിന്റെ ആത്മീയമായ പരിരൂപത്തിലും, കർക്കശകർത്തവ്യങ്ങൾ ആവശ്യപ്പെടുന്നു.

ഇരുപതാം നൂററാണ്ടിന്റെ ഒടുവിലത്തെ ഏതാനും പതിററാണ്ടുകൾ ലോകരാഷ്ട്രങ്ങളുടെ മുമ്പാകെ പ്രയാസകരവും രൂക്ഷവുമായ പ്രശ്നങ്ങൾ ഉന്നയിച്ചു. ഏററവും മർമ്മപ്രധാനങ്ങളായ ആഗോളപ്രശ്നങ്ങൾ പരിഹരിക്കേണ്ടതിന്റെ ആവശ്യകത സംയുക്തപ്രവർത്തനത്തിന്ന്, മാനവരാശിയുടെ സ്വയംസംരക്ഷണത്തിലേക്കുള്ള പ്രവണതകൾ വളർത്തുന്നതിന്ന് അവയ്ക്ക് പ്രചോദനം നൽകണം. ഇന്നത്തെ ലോകവികാസഗതി ഇതിന്നുവേണ്ട ഭൗതികവും സാമൂഹ്യവും രാഷ്ട്രീയവുമായ പൂർവ്വോപാധികൾ സൃഷ്ടിച്ചിട്ടുണ്ട്. കോൺഗ്രസ്സിനെ സംബന്ധിച്ചേടത്തോളം നമ്മുടെ കാലഘട്ടത്തിന്റെ യാഥാർത്ഥ്യങ്ങൾക്ക് അനുയോജ്യമാംവിധം തീരുമാനങ്ങളും നടപടികളുമെടുക്കുവാനുള്ള ഒരു ഉത്തേജനമാണ് ഇത്.

സാമ്രാജ്യത്തം സൃഷ്ടിച്ച ഭീഷണിയെ നിർവീര്യമാക്കുവാൻ ലോകമെമ്പാടുമുള്ള സമാധാന-പുരോഗമനശക്തികൾക്ക് കഴിയും. നൂക്ലിയർ പാതാളത്തിന്റെ വക്കിലേക്കുള്ള ലോകത്തിന്റെ വഴുതിപ്പോക്ക് പിടിച്ചുനിർത്തുവാനും ബാഹ്യാകാശം യുദ്ധക്കളമായി മാറുന്നത് തടയുവാനും അവർക്ക് കഴിയും. മനുഷ്യജീവിതം, അതിന്റെ സർവ്വതോമുഖമായ വികാസത്തിന്നുള്ള സാദ്ധ്യതകൾ, സമുദായത്തിന്റെ വികസനതാൽപര്യങ്ങൾ, സർവ്വോപരിയായി വർത്തിക്കുന്നു. കോൺഗ്രസ്സ് ഈ ലക്ഷ്യത്തെ മുൻനിർത്തി സി. പി. എസ്. യു. വിന്റേയും സോവിയററ് സ്റ്റേററിന്റേയും പ്രവർത്തനങ്ങളെ നയിച്ചുവരുന്നു.

## II

1. സമ്പദ്വിധാനമാണ് പാർട്ടിയുടെ മുഖ്യപ്രവർത്തനമണ്ഡലം. എന്നും അതായിരുന്നിട്ടുണ്ട്. ഇവിടെയാണ്, സമാധാനപൂർണ്ണമായ പശ്ചാത്തലത്തിൽ, ഭൗതികവും ആത്മീയവുമായി ഐശ്വര്യപൂർണ്ണവും സാമൂഹ്യമായി സമ്പന്നവുമായ ഒരു ജീവിതം സോവിയററു ജനങ്ങൾക്ക് പ്രദാനംചെയ്യുവാൻ വേണ്ട, സമുദായത്തിന്റെ ഗുണാത്മകമായി പുതിയ ഒരവസ്ഥ കൈവരിക്കുവാൻ വേണ്ട, സാഹചര്യങ്ങൾ സൃഷ്ടിക്കപ്പെടുക.

സി. പി. എസ്. യു. വിന്റെ മൂന്നാം പരിപാടി അംഗീകരിക്കപ്പെട്ട ശേഷമുള്ള കഴിഞ്ഞ കാൽ നൂററാണ്ട് കാലത്ത് രാജ്യത്തിന്റെ സമ്പദ്വിധാനം ഗണ്യമാംവിധം മുന്നോട്ടു പോയിട്ടുള്ളതായി കോൺഗ്രസ്സ് മനസ്സിലാക്കുന്നു. ദേശീയ വരുമാനം ഏതാണ്ട് 300 ശതമാനം കണ്ട് വർദ്ധിച്ചു; വ്യാവസായികോൽപാദനം 400 ശതമാനവും കാർഷികോൽപാദനം 70 ശതമാനവും വർദ്ധിച്ചു. സോവിയററു യൂണിയൻ, പല മുഖ്യ ഇനങ്ങളുടെയും ഉൽപാദനത്തിൽ ലോകത്ത് ഒന്നാം സ്ഥാനത്ത് ഉറച്ചുനിൽക്കുന്നു. ജനങ്ങളുടെ ജീവിതസൗകര്യങ്ങൾ അഭിവൃദ്ധിപ്പെട്ടിട്ടുണ്ട്. യഥാർത്ഥ പ്രതിശീർഷവരുമാനം 160 ശതമാനംകണ്ടും, സാമൂഹ്യോപഭോഗനിധി 400 ശതമാനത്തിലേറെയും ഉയർന്നു. മിക്ക കുടുംബങ്ങൾക്കും തങ്ങളുടെ പാർപ്പിടസൗകര്യങ്ങൾ മെച്ചപ്പെട്ടു കിട്ടി. സോവിയററു ശാസ്ത്രം, വിദ്യാഭ്യാസം, ആരോഗ്യം, സംസ്കാരം എന്നീ രംഗങ്ങളിലെ വിജയങ്ങൾ സാർവ്വജനീനമായി അംഗീകരിക്കപ്പെട്ടിരിക്കുന്നു.

ഉണ്ടായിക്കഴിഞ്ഞ നേട്ടങ്ങൾക്ക് യഥാർഹമായ ബഹുമതി നൽകവേതന്നെ, കോൺഗ്രസ്സ് സാമൂഹ്യവും സാമ്പത്തികവുമായ വികാസത്തിലെ പ്രയാസങ്ങളിലേക്കും പ്രതികൂല പ്രക്രിയകളിലേക്കും ശ്രദ്ധ ക്ഷണിക്കുന്നു. 70-കളിലും 80-കളുടെ ആദ്യത്തിലും അനുഭവപ്പെട്ട പ്രയാസങ്ങളും പ്രതികൂലപ്രക്രിയകളുമാണിവ. അക്കാലത്ത്, സാമ്പത്തിക വളർച്ചയുടെയും അദ്ധ്വാനോൽപാദനക്ഷമതയുടെയും നിരക്ക് കാണത്തക്കവിധം ഇടിയുകയുണ്ടായി; കാര്യക്ഷമതയുടെ മററു ചില സൂചകങ്ങൾ താഴ്ന്നു; ശാസ്ത്രീയവും സാങ്കേതികവുമായ പുരോഗതി മന്ദീഭവിച്ചു. സമ്പദ്വിധാനത്തിലെ അസന്തുലിതത്വം കൂടുതൽ പ്രകടമായിത്തീർന്നു. പഞ്ചവൽസരപദ്ധതി കുറിമാനങ്ങൾ നിറവേററപ്പെട്ടില്ല; സാമൂഹ്യബാദ്ധ്യതകൾ തികച്ചും നിർവ്വഹിക്കപ്പെട്ടില്ല. സാമ്പത്തിക സ്ഥിതിയിൽ വന്ന മാററത്തെപ്പററി തക്കസമയത്ത് രാഷ്ട്രീയ വിലയിരുത്തൽ നടത്താതിരുന്നതാണ് ഈ അമാന്തങ്ങൾക്കുള്ള മുഖ്യ കാരണമെന്ന് കോൺഗ്രസ്സ് വിശ്വസിക്കുന്നു. സമ്പദ്വിധാനത്തെ കടുങ്ങനെയുള്ള വളർച്ചമുറകളിലേക്ക് പരിവർത്തനപ്പെടുത്തേണ്ടതിന്റെ അടിയന്തിരവും തീക്ഷ്ണവുമായ ആവശ്യകത കണ്ടില്ല; സാമ്പത്തികനയവും സാമ്പത്തികപ്രവർത്തന സംവിധാനവും നമ്മുടെ സാമ്പത്തികവ്യവഹാരത്തിന്റെ മനഃശാസ്ത്രംതന്നെയും പുനഃക്രമീകരിക്കപ്പെടുക എന്ന അടിയന്തിര കാര്യം കൈകാര്യംചെയ്യുന്നതിൽ വേണ്ടത്ര ശുഷ്കാന്തിയും സ്ഥൈര്യവും പ്രദർശിപ്പിക്കപ്പെട്ടില്ല. അടുത്ത കാലത്തെ ശ്രമമുണ്ടായിട്ടും, സ്ഥിതിക്ക് തികച്ചും പ്രതിവിധി ഉണ്ടാക്കുവാൻ ഇനിയും നമുക്ക് കഴിഞ്ഞിട്ടില്ല.

ഈ പരിതോവസ്ഥയിൽ, മുഴുവൻ പാർട്ടിയുടെയും മുഴുവൻ രാജ്യ

ത്തിന്റെയും അത്യന്തം നിർണ്ണായകമായ കടമ സാമ്പത്തികവികാസത്തിലെ അനാശാസ്യപ്രവണതകളെ ഏററവും ചുരുങ്ങിയ കാലയളവിന്നുള്ളിൽ അറുതിവരെ അചഞ്ചലം തരണംചെയ്യുകയും, സമ്പദ്വിധാനത്തിന്ന് ഉയർന്ന തോതിലുള്ള ഒരു ഊർജ്ജസ്വലത പ്രദാനം ചെയ്യുകയും, യഥാർത്ഥത്തിൽ വിപ്ലവപരമായ മാററങ്ങൾക്ക് സാദ്ധ്യത സൃഷ്ടിക്കുകയും ഈ പ്രക്രിയകളിൽ അദ്ധ്വാനിക്കുന്ന ജനങ്ങളുടെ വിശാല വിഭാഗങ്ങളെ പങ്കെടുപ്പിക്കുകയും ചെയ്യുക എന്നതാണ്.

2 രാജ്യത്തിന്റെ സാമൂഹ്യ-സാമ്പത്തികവികസനം ത്വരിപ്പിക്കുക എന്ന സി. പി. എസ്. യു. സെൻട്രൽ കമ്മിററിയുടെ സങ്കൽപത്തെയും ഈ ലക്ഷ്യത്തെ മുൻനിർത്തിയുള്ള പ്രായോഗിക നടപടികളേയും കോൺഗ്രസ്സ് സർവ്വാത്മനാ ശരിവെക്കുന്നു. സർവ്വവിചക്ഷണവും വികസിതവുമായ ഉൽപാദനശക്തികളോടും പരിപക്വമായ സോഷ്യലിസ്റ്റ് ഉൽപാദനബന്ധങ്ങളോടും സുഗമമായി പ്രവർത്തിക്കുന്ന സാമ്പത്തിക സംരചനയോടും കൂടിയ സമ്പദ്വിധാനത്തെ പൂർവ്വാധികം സംഘടിതവും ഫലപ്രദവുമായ രീതിയിൽ കൊണ്ടുനടത്തുന്നതിലേക്ക് മാറുക എന്നതാണ് പാർട്ടിയുടെ കർമ്മതന്ത്രമാർഗ്ഗം. ഉൽപാദനത്തിൽ അഗാധതലസ്പർശിയായ ഗുണാത്മകപരിവർത്തനത്തിന്ന് വ്യവസ്ഥചെയ്യുന്ന പ്രധാനപ്പെട്ടൊരു ഘട്ടമാണ് 12-ാം പഞ്ചവൽസരപദ്ധതി.

സമ്പദ്വിധാനത്തെ കടുങ്ങനെയുള്ള വികസനരീതിയിലേക്ക് മാററുക എന്ന പരിപാടി വ്യവസ്ഥ നിരുപാധികം നിറവേററുന്നതിലേക്ക് തങ്ങളുടെ മുഴുവൻ പ്രവർത്തനവും തിരിച്ചുവിടുവാൻ എല്ലാം പാർട്ടിഘടകങ്ങളേയും ഗവർമ്മെണ്ടുസ്ഥാപനങ്ങളേയും സാമ്പത്തിക സമിതികളേയും ബഹുജനസംഘടനകളേയും കോൺഗ്രസ്സ് ബാദ്ധ്യതപ്പെടുത്തുന്നു. എല്ലാ നിലവാരങ്ങളിലുമുള്ള സാമ്പത്തിക മാനേജ്മെൻറ് സംഖ്യാസൂചകങ്ങളിൽനിന്ന് ഗുണത്തിലേക്കും കാര്യക്ഷമതയിലേക്കും ഇടക്കാലഫലങ്ങളിൽനിന്ന് അന്തിമഫലങ്ങളിലേക്കും ഉൽപാദനശേഷികളുടെ വിപുലനത്തിൽനിന്ന് അവയുടെ ആധുനികീകരണത്തിലേക്കും ഇന്ധനവും അസംസ്കൃതപദാർത്ഥങ്ങളും പെരുപ്പിച്ചുകൂട്ടുന്നതിൽനിന്ന് അവയുടെ വിനിയോഗം മെച്ചപ്പെടുത്തുന്നതിലേക്കും ശാസ്ത്രപ്രധാനവ്യവസായങ്ങളുടെ തിരുതകൃതിയായ വികസനത്തിലേക്കും ഊന്നൽ മാററണം. ഘടനാപരമായ നയവും നിക്ഷേപണനയവും അതിന്നനുസരിച്ചു മാററപ്പെടണം.

ശാസ്ത്രീയവും സാങ്കേതികവുമായ പുരോഗതി മുഖ്യാംശത്തിൽ ത്വരിപ്പിക്കുക. പുതിയ തലമുറകളിൽപെട്ട യന്ത്രസാമഗ്രികളും മൗലികമായി പുതിയ തരത്തിലുള്ള ഉൽപാദക സങ്കേതങ്ങളും (ഏററവും ഉയർന്ന ഉൽപാദനക്ഷമതയും ഫലസിദ്ധിയും ഉറപ്പുചെയ്യുന്നവയാകും അവ) വിപുലമായി ഏർപ്പെടുത്തുക, എന്നത് സമ്പദ്വിധാനത്തിന്റെ തീവ്രീകരണത്തിന്ന് മുഖ്യ ഉത്തോലകമായി പാർട്ടി കണക്കാക്കുന്നു. കോൺഗ്രസ് മുൻവെക്കുന്ന ഏററവും അഗ്രിമമായ കടമ ശാസ്ത്രത്തിലേയും സാങ്കേതിക വിദ്യയിലേയും അതിസൂക്ഷ്മ സിദ്ധികളുടെപോലും അടിസ്ഥാനത്തിൽ സമ്പദ്വിധാനത്തിന്റെ അഗാധതലസ്പർശിയായ സാങ്കേതിക പുനർനിർമ്മാണം നടപ്പാക്കുക എന്നതാണ്. ഉൽപാദനത്തിന്റെ അനുസ്യൂതമായ ആധുനികീകരണത്തിന്ന്

ഓരോ സ്ഥാപനത്തിന്നും അസോസിയേഷന്നും സ്പഷ്ടമായ ഒരു പരിപാടി ഉണ്ടാവണം. യഥാർത്ഥസ്ഥിതിക്ക് പകരം പുറംപകിട്ടു കാട്ടുകയും അർദ്ധമനസ്സോടെ തീരുമാനങ്ങൾ എടുക്കുകയും ചെയ്യുന്നവരും സാങ്കേതിക പുനർനിർമ്മാണമെന്ന ആശയത്തെതന്നെ വളച്ചൊടിക്കുന്നവരുമായ മാനേജർമാരെക്കൊണ്ടു കണിശമായി വകപറയിക്കണം.

ഏററവും ചുരുങ്ങിയ കാലയളവിന്നുള്ളിൽ ഏററവും ഉയർന്ന സാങ്കേതികനിലവാരം പ്രാപിക്കേണ്ട എഞ്ചിനീയറിങ്ങ് ശാസ്ത്രീയവും സാങ്കേതികവുമായ പുരോഗതി ത്വരിപ്പിക്കുന്ന കാര്യത്തിൽ പ്രമുഖ പങ്കുവഹിക്കേണ്ടതുണ്ട്. അധുനാതന കമ്പ്യൂട്ടറുകൾ വികസിപ്പിക്കുകയും അവയുടെ കൂട്ടായ ഉല്പാദനം ആരംഭിക്കുകയും ചെയ്യുക ഏററവും പ്രധാനപ്പെട്ട കടമയാണ്. ഇന്ധന-ഊർജ്ജ സാകല്യത്തിന്റെ സമൂലമായ ഒരു പുനർനിർമ്മാണം ഉണ്ടാവണം; ഊർജ്ജപരിപാടി നിറവേററപ്പെടണം. ലോഹകർമ്മത്തെയും സമ്പദ്വിധാനത്തിന്റെ രാസവൽക്കരണത്തെയും മുന്നോട്ടുകൊണ്ടുപോകുന്നതിൽ പുതിയ ഘടനാപദാർത്ഥങ്ങൾക്കും പുരോഗമനോൻമുഖങ്ങളായ മററു പദാർത്ഥങ്ങൾക്കുമുള്ള ഡിമാണ്ട് നിറവേററുന്നതിൽ, ഇനിയും ധാരാളം കാര്യങ്ങൾ ചെയ്യേണ്ടതായുണ്ട്. വ്യാവസായിക അന്തർഘടനയുടെ, സർവ്വപ്രഥമമായി ഗതാഗത-വാർത്താവിനിമയോപാധികളുടെ, പുനഃസജ്ജീകരണത്തിന്നും, ലഘുവ്യവസായത്തിന്റെയും ജനങ്ങളുടെ ആവശ്യങ്ങൾ നേരിട്ടു നിറവേററുന്ന മററു സാമ്പത്തിക ശാഖകളുടേയും മുൻഗണനാവികസനത്തിന്നും പാർട്ടി വമ്പിച്ച പ്രാധാന്യം കൽപിക്കുന്നു.

സമ്പദ്വിധാനത്തെ അഴിച്ചുപണിയുക ഉന്നമാക്കിയുള്ള സംരംഭത്തെ മുന്നിർത്തി കോൺഗ്രസ് മൂലധന നിർമ്മാണം സമൂലം അഭിവൃദ്ധിപ്പെടുത്തേണ്ടതിന്റെ ആവശ്യകതയിലേക്ക് വിരൽ ചൂണ്ടുന്നു; എടുപ്പുനിർമ്മാണ സാകല്യമാകെ വ്യാവസായികവും സംഘടനാപരവുമായി പുതിയൊരു നിലവാരത്തിലേക്ക് ഉയർത്തുകയും നിക്ഷേപണ പരിവൃത്തി ഗണ്യമായി വെട്ടിച്ചുരുക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യകതയിലേക്ക് വിരൽചൂണ്ടുന്നു.

സമ്പദ്വിധാനത്തെ സാങ്കേതികമായി ആധുനികീകരിക്കേണ്ട, അതിനെ ഉൽപാദനത്തിലേക്ക് കൂടുതൽ അടുപ്പിച്ചുകൊണ്ടുവരേണ്ട, ആവശ്യകതയിലേക്ക് ശാസ്ത്രത്തെ ഖണ്ഡിതമായി തിരിക്കുക എന്ന കടമ കോൺഗ്രസ് മുൻവെക്കുന്നു. ഈ ആവശ്യങ്ങൾക്ക്വേണ്ടി ഉദ്ഗ്രഥനത്തിന്റെയും പരസ്പരവർത്തനത്തിന്റെയും പരീക്ഷിച്ചുതെളിഞ്ഞ പുതിയ രൂപങ്ങൾ ഉപയോഗപ്പെടുത്തിയും ഗവേഷണഫലങ്ങൾ പ്രാവർത്തികമാക്കുന്ന പ്രക്രിയ ത്വരിതപ്പെടുത്തിയും വേണമിത്. അക്കാദമിയുടേയും സെക്ടറൽ ഇൻസ്റ്റിട്യൂട്ടുകളുടേയും പ്രവർത്തനം ഊർജ്ജിതപ്പെടുത്തിയും ഉപരിവിദ്യാഭ്യാസസ്ഥാപനങ്ങളുടെ ശാസ്ത്രീയശേഷിസാദ്ധ്യതകൾ വർദ്ധിപ്പിച്ചും വളരുംതലമുറകളിൽപെട്ട ശാസ്ത്രകാരർക്കുള്ള പരിശീലനം മെച്ചപ്പെടുത്തിയും വേണമിത്.

3. പാർട്ടിയുടെ അധുനാതന കാർഷിക നയം കൊണ്ടുപിടിച്ചു നടപ്പാക്കുകയും യു. എസ്. എസ്. ആറിന്റെ ഭക്ഷ്യപരിപാടി പൂർത്തിയാക്കുകയും ചെയ്യുക പാർട്ടിഘടകങ്ങളുടേയും ഗവർമ്മെണ്ടുസ്ഥാപനങ്ങളുടേയും സാമ്പത്തിക സമിതികളുടേയും, എല്ലാ കമ്യൂണിസ്റ്റുകളുടേയും മുഴുവൻ ജനങ്ങളുടേയും മുൻഗണനാകടമയാണ്. കാർഷിക-വ്യാവ

സായിക സാകല്യം വികസിപ്പിക്കുന്നതിൽ ഫലപ്രദമായ ഒരു മുന്നേററം ഉണ്ടാവണം. എന്നാലേ, 12-ാം പഞ്ചവൽസരപദ്ധതികാലത്ത് തന്നെ ജനങ്ങൾക്കുള്ള ഭക്ഷണസപ്ലൈ കാണത്തക്കവിധം മെച്ചപ്പെടുകയുള്ളു. കാർഷിക-വ്യാവസായിക സാകല്യത്തിൻെറ സമസ്ത കണ്ണികളുടേയും സുഗമവും സാമ്പത്തികമായി ഉദ്ഗ്രഥിതവുമായ പ്രവർത്തനം കൈവരുത്തുകയും,, കൃഷിയുടേയും അതുമായി ബന്ധപ്പെട്ട വ്യവസായങ്ങളുടേയും കൂടുതൽ കെട്ടുറപ്പുള്ള വളർച്ച കൈവരിക്കുന്ന കാര്യത്തിൽ ശാസ്ത്രീയവും സാങ്കേതികവുമായ പുരോഗതിയുടെ സ്വാധീനം വർദ്ധിപ്പിക്കുകയും ചെയ്യുക എന്നത് പ്രധാനമാണ്.

കാർഷിക-വ്യാവസായിക സാകല്യത്തിൻെറ ഭൗതികവും സാങ്കേതികവുമായ അസ്തിവാരം പടുത്തുയർത്തവേ, ഇപ്പോൾതന്നെ നിലവിലുള്ള ശക്തിമത്തായ ഉൽപാദനശേഷിയുടെ കാര്യക്ഷമമായ വിനിയോഗം സമൂലം അഭിവൃദ്ധിപ്പെടുത്തുകയും ഉത്തമഫലങ്ങൾ ഉളവാക്കുന്ന പ്രവണതകളിൽ യത്നങ്ങളും വിഭവങ്ങളും കേന്ദ്രീകരിക്കുകയും ചെയ്യുക അത്യാവശ്യമാണ്. കടുങ്ങനെയുള്ള വളർച്ചയുടെ സങ്കേതങ്ങൾ നടപ്പാക്കുക, യഥാർത്ഥ കോസ്റ്റ് അക്കൗണ്ടിങ്ങിനെ അടിസ്ഥാനമാക്കിയുള്ള കൂട്ടുകരാറുകളുടെ ഉപയോഗം വിപുലപ്പെടുത്തുക, കാർഷിക-വ്യാവസായിക ഉൽപാദനത്തിൻെറ എല്ലാ നിലവാരങ്ങളിലും ഉൽപന്നങ്ങളുടെ നഷ്ടം ചുരുക്കുക, ആവശ്യമായ ശേഖരണ സൗകര്യങ്ങളും വ്യാവസായികവിളകളുടെ സംസ്കരണത്തിന്നുവേണ്ട പ്ലാൻറും ഏററവും ചുരുങ്ങിയ കാലം കൊണ്ടു കെട്ടിപ്പടുക്കുക എന്നീ കാര്യങ്ങളിൽ സർവ്വത്ര പ്രത്യേക ശ്രദ്ധ പതിപ്പിക്കണം. ഗ്രാമത്തിൻെറ സാമൂഹ്യപുനർനിർമ്മാണം ത്വരിതപ്പെടുത്തണം; ഗ്രാമപ്രദേശങ്ങളിൽ പണിയെടുക്കുന്നവരോടു, അവരുടെ തൊഴിൽ-ജീവിത സാഹചര്യങ്ങളുടെ കാര്യത്തിൽ, നിരന്തര ശുഷ്കാന്തി പ്രദർശിപ്പിക്കണം.

പുനഃസംഘാടനവും കാർഷിക-വ്യാവസായിക സാകല്യത്തിന്നകത്ത് ഫലപ്രദമായ ഒരു മാനേജ്മെൻറ് സംവിധാനം രൂപപ്പെടുത്തുക ലാക്കാക്കിയുള്ള ദൂരവ്യാപകങ്ങളായ പുത്തൻ നടപടികളും ഈ കടമകളുടെ നിർവ്വഹണത്തെ സഹായിക്കും. ഉപവിഭാഗങ്ങളുടെ പ്രവർത്തനങ്ങളിൽ ചോദകങ്ങളും ലാഭക്ഷമങ്ങളായ പ്രവൃത്തിമുറകളും വിപുലമായി ഉപയോഗപ്പെടുത്തുകയും, കൂട്ടുകൃഷിക്കളങ്ങളുടേയും സ്റ്റേററു ഫാമുകളുടേയും മററു സംരംഭങ്ങളുടേയും സ്വാതന്ത്ര്യവും മുൻകൈയും ഗണ്യമാംവിധം വിപുലപ്പെടുത്തുകയും ദുർഭരണത്തിന്നും ഇത്തിക്കണ്ണിശീലത്തിന്നും ഉറച്ച പ്രതിബന്ധം ഉയർത്തുകയും ചെയ്യുന്നതിന്നു വേണ്ട സാഹചര്യങ്ങൾ പ്രദാനം ചെയ്യുന്നതാവും ഈ മാനേജ്മെൻറ് സംവിധാനം. ഗ്രാമനിലവാരത്തിലുള്ള ഏതു സമൂലമാററത്തിന്നും കാർഷിക-വ്യാവസായികസാകല്യനിലവാരത്തിൽ മാനേജ്മെൻറിൻെറ ശൈലിയിലും സമ്പ്രദായങ്ങളിലും കാര്യമായ പരിഷ്കാരം ആവശ്യമാണ്. തൊഴിൽ കൂട്ടായ്മകളുടെ പ്രവർത്തനങ്ങളിൽ അകാരണമായി ഇടപെടുക, കാർഷിക-വ്യാവസായികസാകല്യത്തിൻെറ ഭരണനിർവ്വാഹകസമിതികളുടെ പ്രവർത്തനങ്ങൾ ഇരട്ടിപ്പിക്കുക എന്നീ നടത്തകൾക്ക് നാം അറുതിവരുത്തണം. ഈ പുതിയ സംവിധാനത്തിൽ, യു. എസ്. എസ്. ആർ. സ്റ്റേററ് കാർഷിക-വ്യാവസായികസമിതിയും യൂ

ണിയൻ റിപ്പബ്ലിക്കുകളുടെ മന്ത്രിസഭകളും രാജ്യത്തിന് ഭക്ഷണ, വ്യാവസായികവിളകൾ സപ്ലൈ ചെയ്യുന്ന കാര്യത്തിൽ കൂടുതൽ വമ്പിച്ച ഉത്തരവാദിത്വം വഹിക്കുന്നതാണ്.

4. സാമൂഹ്യ-സമ്പത്തികവികസനം ത്വരിപ്പിക്കുക എന്ന നയം സമ്പത്തികസംരചനയുടെ അഗാധതലസ്പർശിയായ ഒരു പുനസ്സംവിധാനം ആവശ്യമാക്കിത്തീർക്കുന്നു. അതിന്ന് ജനാധിപത്യ കേന്ദ്രീകരണപ്രമാണത്തിൽ അധിഷ്ഠിതമായ ഉദ്ഗ്രഥിതവും ഫലപ്രദവും അനുനേയവുമായ ഒരു മാനേജ്മെൻറ് വ്യവസ്ഥ വാർത്തെടുക്കേണ്ടിയിരിക്കുന്നു; സോഷ്യലിസത്തിൻെറ സാദ്ധ്യതകൾ പൂർണ്ണതരമായുപയോഗപ്പെടുത്തുന്നതിന്ന് സൌകര്യപ്പെടുത്തേണ്ടിയിരിക്കുന്നു. സമ്പത്തികമാനേജ്മെൻറിൻെറ രൂപങ്ങളും രീതികളും നടപ്പാവശ്യങ്ങൾക്ക് ഒത്തവിധമാക്കുന്ന ഒരുകൂട്ടം നടപടികൾ കഴിയുംവിധം നടപ്പാക്കുവാൻ കോൺഗ്രസ്സ് സി. പി. എസ്. യു. സെൻട്രൽ കമ്മിററിക്കും യു. എസ്. എസ്. ആർ. മന്ത്രിസഭയ്ക്കും ഇതിനാൽ നിർദ്ദേശം നൽകുന്നു.

ഈ ആവശ്യാർത്ഥം:

— പാർട്ടിയുടെ സമ്പത്തിക കർമ്മതന്ത്രത്തിൻെറ മുഖ്യ കടമകൾ നിറവേററിക്കുന്ന കാര്യത്തിലുള്ള കേന്ദ്രീകൃതമാർഗ്ഗദർശനം പൂർവ്വാധികം കാര്യക്ഷമമാക്കണം; അതേസമയം, അസോസിയേഷനുകളുടേയും സ്ഥാപനങ്ങളുടേയും പങ്കും സ്വാതന്ത്ര്യവും നമ്മൾ ഉയർത്തുകയും വേണം; നിർവ്യാജമായ കോസ്റ്റ് അക്കൗണ്ടിങ്ങിൻെറയും സ്വയംപര്യാപ്തതയുടേയും സ്വയം പണം മുടക്കിൻെറയും അടിസ്ഥാനത്തിലും തൊഴിൽകൂട്ടായ്മകളുടെ വരുമാനം അവയുടെ പ്രവർത്തനത്തിൻെറ കാര്യക്ഷമതയുമായി ബന്ധപ്പെടുത്തിയും സാധിക്കുന്ന ഏററവും ഉയർന്ന അന്തിമഫലങ്ങൾ കൈവരിക്കുന്ന കാര്യത്തിൽ അവയ്ക്കുള്ള താൽപര്യവും ഉത്തരവാദിത്വവുംകൂടി വർദ്ധിപ്പിക്കണം;

— ചോദകങ്ങളും ലാക്ഷേമങ്ങളായ മാനേജ്മെൻറ് മുറകളും സമ്പദ്വിധാനത്തിൻെറ എല്ലാ നിലവാരങ്ങളിലും ഏർപ്പെടുത്തണം; ആസൂത്രണണവും ഫൈനാൻസ്-ക്രെഡിററ് മെക്കാനിസവും അഭിവൃദ്ധിപ്പെടുത്തണം; അപ്രകാരംതന്നെ വിലനിർണ്ണയസംവിധാനവും മെച്ചപ്പെടുത്തണം; സാങ്കേതികസാമഗ്രികളുടേയും പദാർത്ഥങ്ങളുടേയും സപ്ലൈ പുനഃസംഘടിപ്പിക്കണം;

— മാനേജ്മെൻറിന്ന് അധുനാതന സംഘടനാംഘടനകൾ ലഭിക്കണം; ഉൽപാദനത്തിലെ സാന്ദ്രീകരണം, പ്രത്യേകവൽക്കരണം, സഹകരണം എന്നിവയ്ക്കുള്ള പ്രവണതയിലും പരസ്പരം ബന്ധപ്പെട്ട വ്യവസായങ്ങളുടെ സാകല്യങ്ങളും പ്രദേശാടിസ്ഥാനത്തിലുള്ള ഉൽപാദനസാകല്യങ്ങളും മററു വ്യവസായാന്തരവ്യൂഹങ്ങളും വികസിപ്പിക്കുന്നതിലും ദൃഷ്ടി പതിപ്പിച്ചുകൊണ്ടുവേണമത്;

— ശാഖാനിലവാരത്തിലുള്ള സമ്പത്തിക മാനേജ്മെൻറും പ്രദേശനിലവാരത്തിലുള്ള സമ്പത്തിക മാനേജ്മെൻറും തമ്മിൽ പരമാവധി സമന്വയം കൈവരിക്കപ്പെടണം; അപ്രകാരംതന്നെ, റിപ്പബ്ലിക്കുകളുടേയും റീജ്യനുകളുടേയും സമ്പത്തികവും സാമൂഹ്യവുമായ സമഗ്രമുന്നേററവും റിപ്പബ്ലിക്കൻ സമിതികളുടേയും പ്രാദേശിക സമിതികളുടേയും അവകാശങ്ങളുടെ അധികതര വിപുലനവും — സർവ്വപ്രഥമമായി, എടുപ്പുനിർമ്മാണ വ്യവസായത്തേയും വ്യവസായാന്തരസംരംഭങ്ങളേയും സാമൂഹ്യവും ഉൽപാദനപരവുമായ അ

ന്തർഘടനകളേയും മാർഗ്ഗദർശനം ചെയ്യുന്നതിൽ — കൈവരിക്കപ്പെടണം.

മാനേജ്മെൻറിൻെറ ഏതുവിധ ഉന്നമനത്തിന്നും മനഃസ്ഥിതിയുടെ ഒരു പുനഃക്രമീകരണം ആവശ്യമാണ്; പാർട്ടി പ്രവർത്തകർക്കും മാനേജ്മെൻറ് ഭാരവാഹികൾക്കും അദ്ധ്വാനിക്കുന്ന ബഹുജനങ്ങൾക്കും പുതിയ കടമകളെപ്പററി സ്പഷ്ടമായ ഒരു ധാരണ ഉണ്ടാവണം; പ്രാബല്യത്തിലുള്ള ഒരേ അച്ചിൽ വാർത്ത വിരസരൂപങ്ങൾ ഉപേക്ഷിക്കണം. സോഷ്യലിസത്തിൻകീഴിൽ ഉൽപാദനശക്തികളും ഉൽപാദനബന്ധങ്ങളും തമ്മിലുള്ള പരസ്പരവർത്തനത്തിൻെറ ദ്വന്ദ്വാത്മകസ്വഭാവം, സോഷ്യലിസ്റ്റ് സ്വത്തിൻെറ വികാസം, ചരക്ക്-പണബന്ധങ്ങളുടെ വിനിയോഗം, കേന്ദ്രീകരണത്തെ സാമ്പത്തികസംരംഭങ്ങളുടെ സ്വാതന്ത്ര്യവുമായി കൂട്ടിയിണക്കൽ എന്നിവയുമായി വിശേഷിച്ചും ബന്ധപ്പെട്ട മാനേജ്മെൻറിൻെറ താത്വികവശങ്ങളിൽ ഗവേഷണം മെച്ചപ്പെടുത്തുക അത്യാവശ്യമാണ്.

5. നിർദ്ദിഷ്ടകടമകളുടെ വിജയകരമായ നിർവ്വഹണത്തിന്ന് ദേശീയ സമ്പദ്വിധാനത്തിൽ ഉപയോഗിക്കപ്പെടാതെ കിടക്കുന്ന ശേഷിസാദ്ധ്യതകൾ പരമാവധി അണിനിരത്തേണ്ടതാണെന്ന് കോൺഗ്രസ്സ് ഊന്നിപ്പറയുന്നു. പാർട്ടി ഘടകങ്ങളും ഗവർമ്മെണ്ട് സ്ഥാപനങ്ങളും സാമ്പത്തിക സമിതികളും പൊതുജനസംഘടനകളും സംഘടനയേയും അച്ചടക്കത്തേയും കർശനമാക്കുന്നതിലും ദുർനടത്തിപ്പിനെ എതിർത്തു പോരാടുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കണം. പ്രവർത്തനക്ഷമങ്ങളായ ഉൽപാദനശേഷികൾ പൂർണ്ണതരമായുപയോഗപ്പെടുത്തുക, അസംസ്കൃതപദാർത്ഥങ്ങളും ഇതര വസ്തുക്കളും ഇന്ധനവും ഊർജ്ജവും അങ്ങേയററം ചുരുക്കിച്ചിലവാക്കുക, വിഭവങ്ങൾ ലാഭിക്കത്തക്കവയും വേസ്റ്റ് ഇല്ലാതാക്കുന്നവയുമായ ഉൽപാദനസാങ്കേതങ്ങൾ ഉപയോഗപ്പെടുത്തുക, പുനഃസംസ്കൃതപദാർത്ഥങ്ങൾ പ്രയോജനപ്പെടുത്തുക, ഉൽപാദനത്തിൽ പൂർവ്വാധികം താളക്രമം കൈവരുത്തുക, കോൺട്രാക്ട് ഡെലിവറികൾ വീഴ്ച വരുത്താതെ നടത്തുന്നുണ്ടോ എന്ന് നോക്കുക എന്നീ കാര്യങ്ങൾക്ക് മുഖ്യ ഊന്നൽ നൽകപ്പെടണം. ഉൽപന്നങ്ങളുടെ ഗുണനിലവാരവും മുഴുവൻ പ്രവർത്തിയുടേയും ഗുണവും സമൂലം അഭിവൃദ്ധിപ്പെട്ടു കിട്ടുവാൻ സർവ്വശ്രമവും നടത്തണം. ദേശവ്യാപകമായ ഈ നിർണ്ണായകലക്ഷ്യം പ്രാപിക്കുന്നതിന്ന്, ശാസ്ത്രത്തിൻെറയും സാങ്കേതികവിദ്യയുടേയും ഏററവും പുതിയ നേട്ടങ്ങളെ ആസ്പദമാക്കിക്കൊണ്ട് സകല സംരംഭങ്ങളുടെ വിഭവങ്ങളേയും സമസ്ത മാനേജ്മെൻറ് നിലവാരങ്ങളേയും അങ്ങേയററം അണിനിരത്തേണ്ടതാവശ്യമാണ്. ഗുണനിലവാരം ഉയർത്തുന്നതിന്നുവേണ്ടിയുള്ള സ്ഥിരപരിശ്രമവും ദൈനംദിനയത്നവും ഓരോ കമ്യൂണിസ്റ്റിൻെറയും, അദ്ധ്വാനിക്കുന്ന ഓരോ വ്യക്തിയുടേയും ആദർശമായിത്തീരണം.

ഉൽപാദനത്തിൽ അതിൻെറ യഥാർത്ഥ യജമാനരെന്ന നിലയ്ക്ക് ജനങ്ങളുടെ ഭാഗഭാഗിത്വം കൈവരുത്തുക ഉന്നമാക്കിയുള്ളതാവണം സാമ്പത്തികവും സംഘടനാപരവും രാഷ്ട്രീയവുമായ സർവ്വ പ്രവർത്തനങ്ങളും. തങ്ങളുടെ സ്ഥാപനം കൊണ്ടുനടത്തുന്നതിലും അദ്ധ്വാനിക്കുന്ന ജനങ്ങളുടെ സൃഷ്ട്യുൻമുഖ മുൻകൈ ഉയർത്തുന്നതിലും 12-ാം പഞ്ചവൽസരപദ്ധതിക്കുറിമാനങ്ങൾ നി

റവേററുവാനുള്ള സംരംഭത്തിൽ ഫലപ്രദമായ സോഷ്യലിസ്റ്റ് മൽസരം സംഘടിപ്പിക്കുന്നതിലും അവരുടെ ഉത്തരോത്തരം സജീവമായ ഭാഗഭാഗിത്വം ഉണ്ടാവണം. മുന്നിരതൊഴിലാളികൾക്ക് പ്രചോദനം നൽകുന്നതിൽ ധാർമ്മികഘടകത്തിന്റെ പങ്ക് ഉയർത്തുകയും, തീവ്രപ്രയത്നത്തിന്റെയും സ്റ്റഖനോവ് പ്രസ്ഥാനത്തിന്റെയും പാരമ്പര്യങ്ങളെ ഊർജ്ജിതപ്പെടുത്തുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്.

6. സജീവവും അഖണ്ഡവുമായ ഒരു സാമൂഹ്യനയത്തിന്ന്, ജീവിതനിലവാരം ഉയർത്തുന്ന പരിപാടിക്ക്, കോൺഗ്രസ്സ് പരമപ്രാധാന്യം കല്പിക്കുന്നു. 12-ാം പഞ്ചവൽസരപദ്ധതിക്കാലത്തേക്കും അതിന്നപ്പുറമുള്ള കാലത്തേക്കും വ്യവസ്ഥ ചെയ്ത പ്രകാരമുള്ള, ജനജീവിതത്തിന്റെ സമസ്ത വശങ്ങളും ഈ പരിപാടി ഉൾക്കൊള്ളുന്നു. ആസൂത്രണ ഏജൻസികളെയും മാനേജ്മെൻറ് സമിതികളെയും സാമൂഹ്യാവശ്യങ്ങളിലേക്ക് ഉൻമുഖമാക്കുകയും ആ രംഗത്ത് അടിയന്തിരപ്രശ്നങ്ങളുടെ കാര്യത്തിലുള്ള അനാസ്ഥ എന്നെന്നേയ്ക്കുമായി നിർമ്മൂലനം ചെയ്യുകയും ചെയ്യേണ്ടതാവശ്യമാണ്. ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് ജനകീയാവശ്യങ്ങളെ പരിഗണിക്കാതിരിക്കലും ജനങ്ങളുടെ നിയമാനുസൃത താൽപര്യങ്ങളിൻമേലുള്ള ഏത് കയ്യേററവും അനുവദനീയമല്ലതന്നെ. സാമൂഹ്യനീതിയുടേതായ പ്രമാണം പാർട്ടി സനിഷ്കർഷം പിന്തുടരും; അത് അനവരതം നടപ്പാക്കുന്നതിന്ന് തടസ്സമായി നിൽക്കുന്ന എല്ലാററിനേയും നിർമ്മൂലനം ചെയ്യുവാൻ കൊണ്ടുപിടിച്ചു പ്രവർത്തിക്കുകയും ചെയ്യും.

സി. പി. എസ്. യു. ജനങ്ങളുടെ സുസ്ഥിതിയെ ഗുണപരമായി പുതിയ ഒരു തലത്തിലേക്ക് ഉയർത്തുന്നതിന്ന് പൂർണ്ണാളവിലുള്ള ഒരു പരിപാടി മുൻവെക്കുന്നു. ജനജീവിതത്തിന്റെ അഭിവൃദ്ധിയെ അധ്വാനിക്കുന്ന ഓരോരുത്തന്റെയും, ഓരോ തൊഴിൽകൂട്ടായ്മയുടേയും വർദ്ധമാനമായ അധ്വാന-പൊതു പ്രവർത്തനവുമായി വേർപെടുത്താനാവാത്തവിധം കൂട്ടിക്കെട്ടണം.

അധ്വാനത്തിന്റെയും ഉപഭോഗത്തിന്റെയും അളവിൻമേലുള്ള നിയന്ത്രണം മുറുക്കുകയും വേതനങ്ങളെയും ശമ്പളങ്ങളെയും അധ്വാനോൽപാദനക്ഷമത, അധ്വാനത്തിന്റെ ഗുണസൂചകങ്ങൾ എന്നിവയുമായി കൂടുതൽ കർശനമായി തളച്ചിടുകയും ചെയ്യേണ്ടത് ആവശ്യമാണെന്ന് കോൺഗ്രസ്സ് കരുതുന്നു. കൃത്രിമ സമീകരണം ദൃഢനിശ്ചയത്തോടെ ഉൻമൂലനംചെയ്യണം; പണിയെടുക്കാതെ പണം നൽകരുത്; അർഹതയില്ലാത്ത ബോണസ്സുകൾക്ക് അറുതിവരുത്തണം; അനാർജ്ജിത വരുമാനങ്ങളെ അസന്ധേയമായി എതിർത്തുപോരാടേണ്ടത് അത്യാവശ്യമാണ്; "ഓരോരുത്തരിൽനിന്നും അവനവന്റെ കഴിവിന്നനുസരിച്ച്, ഓരോരുത്തർക്കും അവനവന്റെ ജോലിക്കനുസരിച്ച്" എന്ന സോഷ്യലിസത്തിന്റെ മൗലിക പ്രമാണങ്ങളിൽനിന്നുള്ള മററു വ്യതിയാനങ്ങൾ നിർമ്മൂലനംചെയ്യണം. ഇത്തിക്കണ്ണികൾക്കും സോഷ്യലിസ്റ്റ് സ്വത്ത് അപഹരിക്കുന്നവർക്കും കൈക്കൂലിവാങ്ങുന്നവർക്കുമെതിരായി സമീപ ഭാവിയിൽ തന്നെ കൂടുതലായ നടപടികൾ സ്വീകരിക്കണം.

കമ്പോളത്തിൽ മേത്തരം സാധനങ്ങളും സേവനങ്ങളും വേണ്ടത്ര ലഭ്യമാക്കുക. ഉപഭോഗ സാധനങ്ങളുടേയും സേവനങ്ങളുടേയും ഉൽപാദനം വികസിപ്പിക്കുന്നതിന്നുള്ള സമഗ്രപരി

പാടിയുടെ നിരുപാധികമായ പൂർത്തീകരണം ഉറപ്പുവരുത്തുക. ഏററവും പ്രധാനപ്പെട്ട ഈ കടമയിലേക്ക് ഓരോ റിപ്പബ്ലിക്കിൻെറയും ടെറിട്ടറിയുടെയും റീജ്യൻെറയും ദേശീയ സമ്പദ്വിധാനത്തിൻെറ ഓരോ ശാഖയുടെയും തൊഴിൽ കൂട്ടായ്മകളുടെയും സംഭാവന വർദ്ധിപ്പിക്കുക എന്ന പ്രശ്നത്തോടുള്ള സമീപനം കേന്ദ്രത്തിലെയും അതാതു പ്രദേശങ്ങളിലെയും പാർട്ടി, ഗവൺമെണ്ട്, സാമ്പത്തിക ഘടകങ്ങൾ സമൂലം മാററണം. ഉപഭോക്താക്കളുടെ ആവശ്യങ്ങൾ നിറവേററുന്നതിൽ പ്രാദേശിക ഘടകങ്ങൾക്കുള്ള ഉത്തരവാദിത്വം വർദ്ധിപ്പിക്കണം.

നിശ്ചിത സമയത്തിന്നുള്ളിൽ ഓരോ കുടുംബത്തിന്നും തനിപ്പെട്ട ഒരു ഫ്ളാററ് അല്ലെങ്കിൽ വീട് പ്രദാനം ചെയ്യുവാൻ നാം പുതിയ പാർപ്പിടങ്ങൾ നിർമ്മിക്കുകയും നിലവിലുള്ളവ ആധുനികീകരിക്കുകയും ചെയ്യുന്നതിൻെറ തോത് വർദ്ധിപ്പിക്കണം; സഹകരണാടിസ്ഥാനത്തിലും വ്യക്തിഗതമായും പാർപ്പിടങ്ങൾ നിർമ്മിക്കുന്നതിനെ എല്ലാവിധത്തിലും പ്രോത്സാഹിപ്പിക്കണം; അതുപോലെ യുവജനങ്ങൾക്കുള്ള പാർപ്പിട നിർമ്മാണത്തെ പ്രോത്സാഹിപ്പിക്കുകയും പാർപ്പിട വിതരണത്തിൻെറ നടപടിക്രമങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യണം.

7. അധ്വാനത്തിലും അതിൻെറ ഉള്ളടക്കത്തിലും അഗാധതലസ്പർശികളായ മാററങ്ങൾ ഉണ്ടാവേണ്ടത് സാമൂഹ്യ തുറയിൽ ഗുണപരമായ മുന്നേററങ്ങൾ സാധിക്കാൻ ഖണ്ഡിതമായും ആവശ്യമാണ്. ഇതിന്ന് ഉൽപാദനക്ഷമത വർദ്ധിപ്പിക്കുകയും കായികാധ്വാനവും അവിദഗ്ദ്ധാധ്വാനവും ഗണ്യമായി വെട്ടിക്കുറയ്ക്കുകയും കേഡറുകളുടെ നിയമനവും പുനർനിയമനവും സംബന്ധിച്ച സ്റേററ് വ്യവസ്ഥ മെച്ചപ്പെടുത്തുകയും വേണം.

ഇടതടവില്ലാത്ത വിദ്യാഭ്യാസത്തിൻെറ ഏകകമായ ഒരു വ്യവസ്ഥയ്ക്ക് രൂപം നൽകുക എന്ന കടമ കോൺഗ്രസ്സ് മുൻവെക്കുന്നു. ഇതിന്ന് സാമാന്യ-തൊഴിൽപരിശീലന വിദ്യാലയത്തിൻെറ പരിഷ്കാരം സുസ്ഥിരം നടപ്പിൽവരുത്തുകയും വിദ്യാഭ്യാസത്തിൻെറയും ശിക്ഷണത്തിൻെറയും ഫലദായിത ഉയർത്താൻ കൊണ്ടുപിടിച്ചു യത്നിക്കുകയും കംപ്യൂട്ടറുകൾ കൈകാര്യംചെയ്യാൻ എല്ലാ വിദ്യാർത്ഥികളേയും പഠിപ്പിക്കുകയും സ്വതന്ത്രമായ ജീവിതത്തിന്നും പ്രവർത്തനത്തിന്നും യുവജനങ്ങൾക്ക് നൽകുന്ന പരിശീലനം സമൂലം അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. ഉന്നത-സ്പെഷലൈസ്ഡ് സെക്കണ്ടറി വിദ്യാഭ്യാസം പുതുക്കിപ്പണിയേണ്ടതും വിദഗ്ദ്ധരെ പരിശീലിപ്പിച്ച് അവരെ ഉൽപാദനത്തിൽ ഉപയോഗപ്പെടുത്തുന്ന സമ്പ്രദായം മെച്ചപ്പെടുത്തേണ്ടതും അത്യാവശ്യമാകുന്നു. റിഫ്രഷർ കോഴ്സും തൊഴിലാളികൾക്കും വിദഗ്ദ്ധർക്കും പുനഃപരിശീലനം നൽകുന്നതിന്നുള്ള കോഴ്സും ഇന്നത്തെ ആവശ്യങ്ങൾക്ക് അനുരൂപമാക്കിയെടുക്കണം.

ആരോഗ്യ സംരക്ഷണവും ബഹുജനകായിക സംസ്കാരവും സ്പോർട്സും ടൂറിസവും ജനങ്ങളുടെ, വിശേഷിച്ചും യുവജനങ്ങളുടെ ഫലപ്രദമായ വിനോദവും അഭിവൃദ്ധിപ്പെടുത്താൻ മുഖ്യമായ നടപടികൾ അത്യാവശ്യമായിരിക്കുന്നു. ആരോഗ്യവത്തായ ഒരു ജീവിതരീതി സ്ഥാപിക്കാനും അമിത മദ്യപാനവും കുടിവെറിയും തടയാനും സി.പി.എസ്.യു. കേന്ദ്രക്കമ്മിററിയുടെ മുൻകയ്യോ

ടെ ആരംഭിച്ചതും സോവിയററ് ജനങ്ങളുടെ സജീവമായ പിന്തുണയുള്ളതുമായ പ്രസ്ഥാനത്തിന്റെ അസാമാന്യ പ്രാധാന്യം കോൺഗ്രസ്സ് മനസ്സിലാക്കുന്നു. ഈ തിൻമക്കെതിരായ പോരാട്ടത്തിൽ യാതൊരു പിറകോട്ടടിയും ഉണ്ടാവാൻ പാടില്ല.

പരിഃസ്ഥിതി സംരക്ഷണവും പ്രകൃതിവിഭവങ്ങളുടെ യുക്തിസഹമായ വിനിയോഗവുമെന്ന പ്രശ്നം ഇപ്പോഴത്തെ സാഹചര്യങ്ങളിൽ വമ്പിച്ച പ്രാധാന്യമാർജജിച്ചുകൊണ്ടിരിക്കുകയാണ്. സോഷ്യലിസത്തിന്റെയും അതിന്റെ പദ്ധതിനിയന്ത്രിതമായ ഉൽപാദനത്തിന്റെയും ജീവകാരുണ്യപരമായ ലോകവീക്ഷണത്തിന്റെയും മേൻമകളെ ഈ ആഗോളപ്രശ്നത്തിന്റെ പരിഹരണത്തിന്ന് മുഴുവനും ഉപയോഗപ്പെടുത്തണം.

8. സോവിയററ് സമുദായത്തിന്റെ ദൃഢമായ ഐക്യത്തിന്നും കമ്യൂണിസ്റ്റ് നിർമ്മാണം സംബന്ധിച്ച കടമകളുടെ വിജയകരമായ നിർവ്വഹണത്തിന്നും അവശ്യം ആവശ്യമായ ഒരുപാധിയെന്നനിലയിൽ വർഗ്ഗങ്ങളുടേയും സാമൂഹ്യ ഗ്രൂപ്പുകളുടേയും പൊതുവായ മൗലിക താൽപര്യങ്ങളേയും അവയുടെ വ്യതിരിക്ത താൽപര്യങ്ങളേയും സ്വന്തം നയത്തിൽ സൂക്ഷ്മമായും അവലോകനം ചെയ്യേണ്ടത് വളരെ പ്രധാനമാണെന്ന് പാർട്ടി കരുതുന്നു. തൊഴിലാളിവർഗ്ഗത്തിന്റെ നേതൃപങ്കിന്ന് ഉറപ്പുവരുത്തുകയും തൊഴിലാളിവർഗ്ഗത്തിന്റെയും കൂട്ടുകൃഷിക്കാരുടേയും പണിയെടുക്കുന്ന ബുദ്ധിജീവികളുടേയും സഖ്യം ശക്തിപ്പെടുത്തുകയും ചെയ്യുകയെന്നതിനെ സി. പി. എസ്. യു. നയത്തിന്റെ മൂലക്കല്ലായി കോൺഗ്രസ്സ് കാണുന്നു. സോഷ്യലിസ്റ്റ് ജീവിതരീതി മെച്ചപ്പെടുത്തിക്കൊണ്ടിരിക്കുന്നതോടൊപ്പം സമഷ്ടിവാദത്തിന്റെ സമർത്ഥനത്തിന്നും വ്യക്തിത്വത്തിന്റെ വികസനത്തിന്നും പരമാവധി അവസരങ്ങൾ നൽകുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്.

കുടുംബത്തെ കൂടുതൽ ശക്തിപ്പെടുത്താനും കുട്ടികളെ വളർത്തിക്കൊണ്ടുവരുന്നതിൽ മാതാപിതാക്കൾക്കുള്ള ഉത്തരവാദിത്വം വർദ്ധിപ്പിക്കാനും സ്ത്രീകൾക്ക് മാതൃത്വത്തെ തങ്ങളുടെ ജോലിയുമായും പൊതുപ്രവർത്തനവുമായും വിജയകരമായി കൂട്ടിയിണക്കാൻ സാധിക്കുമാറ് അവരുടെ തൊഴിൽ-ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്താനും ആവശ്യമായ നടപടികൾ കൈക്കൊള്ളണം. കുട്ടികൾക്കുള്ള പ്രിസ്കൂൾ സ്ഥാപനങ്ങളെ സംബന്ധിച്ചേടത്തോളം ജനതതിക്കുള്ള ആവശ്യം അടുത്ത ഏതാനും കൊല്ലങ്ങൾക്കുള്ളിൽ പൂർണ്ണമായും നിറവേററണ്ടത് അത്യാവശ്യമാണ്.

പഴയ യുദ്ധവീരരുടേയും അധ്വാനവീരരുടേയും കാര്യത്തിൽ പാർട്ടി-ഗവൺമെൻറ് സംഘടനകളും പൊതുസംഘടനകളും നിരന്തരമായ ശ്രദ്ധപതിപ്പിക്കണം; ഉൽപാദനത്തിലും സാമൂഹ്യ-രാഷ്ട്രീയ ജീവിതത്തിലും അവരുടെ വിശാലതരമായ ഭാഗഭാഗിത്വം സുകരമാക്കണം.

9. സ്വന്തം ദേശീയ ജനവിഭാഗനയത്തിന്റെ ലെനിനിസ്റ്റ് പ്രമാണങ്ങളെ മുറുകെ പിടിക്കുന്ന സി. പി. എസ്. യു. നമ്മുടെ രാജ്യത്തിലെ ജനതകളുടെ സൗഭ്രാത്ര സൗഹൃദത്തെ അക്ഷീണം ശക്തിപ്പെടുത്തിക്കൊണ്ടിരിക്കുകയും അധ്വാനിക്കുന്ന ജനങ്ങളെ സോവിയററ് ദേശസ്നേഹത്തിന്റെയും സാർവ്വദേശീയവാദത്തിന്റെയും സ്പിരിററിൽ വിദ്യാഭ്യാസം ചെയ്യിക്കുകയും ചെയ്യുന്നതാ

ണ്; ദേശീയബന്ധങ്ങളെ സംബന്ധിച്ചതും ഓരോ ദേശത്തിന്റെയും ദേശീയ ജനവിഭാഗത്തിന്റെയും താൽപര്യങ്ങളെയും ജനങ്ങളുടെ ദേശീയ വികാരങ്ങളെയും ബാധിക്കുന്നതുമായ സകലതിലും അത് പ്രത്യേകമായ അനുനയവും ശ്രദ്ധയും കാട്ടുന്നതാണ്; ഈ മണ്ഡലത്തിൽ തലപൊക്കുന്ന എല്ലാ പ്രശ്നങ്ങളും സത്വരം പരിഹരിക്കപ്പെടുന്നതും സങ്കുചിത ദേശീയവാദം, മൂഢദേശാഭിമാനം, പ്രാദേശികവാദം എന്നിവയുടെ എല്ലാ ലക്ഷണങ്ങൾക്കുമെതിരായി ഇടതടവില്ലാത്ത സമരം നടത്തുന്നതുമായിരിക്കും.

റിപ്പബ്ലിക്കുകളുടെ സർവ്വതോമുഖമായ വികസനത്തിൽ നിരന്തരമായ ശ്രദ്ധ പതിപ്പിക്കുകയും രാജ്യത്തിന്റെയാകെ സാമ്പത്തികസാകല്യത്തിന്റെ ദൃഢീകരണത്തിലേക്കുള്ള, നമ്മുടെ ബഹുദേശീയസ്റ്റേറ്റിന്റെ—സോവിയറ്റ് സോഷ്യലിസ്റ്റ് റിപ്പബ്ലിക്കുകളുടെ യൂണിയന്റെ — സാമ്പത്തിക ശക്തിയിലേക്കും പ്രതിരോധശേഷിയിലേക്കുമുള്ള അവയുടെ ഓരോന്നിന്റെയും സംഭാവന വർദ്ധിപ്പിക്കുകയും ചെയ്യേണ്ടത് പാർട്ടിസംഘടനകളുടെ കടമയാണ്.

III

1. സാമൂഹ്യബന്ധങ്ങളുടെ അധികതര ഉന്നമനം. രാഷ്ട്രീയ-പ്രത്യയശാസ്ത്ര ഇൻസ്റ്റിട്യൂഷനുകളുടെ പ്രവർത്തനത്തിന്റെ ഉള്ളടക്കത്തിന്റെയും രൂപങ്ങളുടേയും രീതികളുടേയും നവീകരണം, സോഷ്യലിസ്റ്റ് ജനാധിപത്യത്തിന്റെ ആഴം വർദ്ധിപ്പിക്കൽ എന്നിവ നമ്മുടെ വികസനത്തിന്റെ ത്വരണത്തിന്നുള്ള കർമ്മതന്ത്രത്തിൽ ഉൾപ്പെടുന്നു.

സമുദായത്തിന്റെ രാഷ്ട്രീയ വ്യവസ്ഥ അഭിവൃദ്ധിപ്പെടുത്താനും സോവിയറ്റുകളുടേയും ട്രേഡ് യൂണിയനുകളുടേയും യുവ കമ്യൂണിസ്റ്റ് ലീഗിന്റെയും തൊഴിൽകൂട്ടായ്മകളുടേയും ജനകീയ മേൽനോട്ടത്തിന്റെയും പ്രവർത്തനം വർദ്ധിപ്പിക്കാനും കൂടുതൽ വിശാലമായ പ്രസിദ്ധീകരണം നടത്താനും സെൻട്രൽ കമ്മിറ്റി എടുത്തുവരുന്ന നടപടികളെ കോൺഗ്രസ്സ് അതീവ വിലമതിക്കുന്നു. ''ജീവത്തും സൃഷ്ട്യുന്മുഖവുമായ സോഷ്യലിസം ബഹുജനങ്ങളുടെതന്നെ സൃഷ്ടിയാണെ''ന്ന ലെനിന്റെ വാക്കുകളെ മുൻനിറുത്തിക്കൊണ്ട് പാർട്ടി പ്രാതിനിധ്യാത്മകവും പ്രത്യക്ഷവുമായ ജനാധിപത്യത്തിന്റെ എല്ലാ രൂപങ്ങളും കൂടുതൽ ഫലപ്രദമായി ഉപയോഗിക്കാനും ഗവൺമെണ്ട് തീരുമാനങ്ങളും മറ്റു തീരുമാനങ്ങളും ആവിഷ്കരിക്കുകയും അംഗീകരിക്കുകയും നടപ്പാക്കുകയും ചെയ്യുന്നതിൽ ബഹുജനങ്ങളുടെ ഭാഗഭാഗിത്വം അനുക്രമം വിപുലപ്പെടുത്താനും നിരന്തരം ശ്രദ്ധിക്കുന്നതാണ്. മാത്രമല്ല, ജനകീയ സോഷ്യലിസ്റ്റ് സ്വയംഭരണത്തിന്ന് സുസ്ഥിരം ആഴംകൂട്ടുന്നതിൽ നേതൃശക്തിയും അതിന്നുള്ള ജാമ്യക്കാരനുമായിരിക്കുമത്.

2. നിയമനിർമ്മാണം വികസിപ്പിക്കുന്നതിലും കീഴ്ഘടകങ്ങളുടെ പ്രവർത്തനത്തിന് മേൽനോട്ടം വഹിക്കുന്നതിലും എല്ലാ തലങ്ങളിലുമുള്ള ജനകീയ ഡിപ്യൂട്ടികളുടെ സോവിയറ്റുകളെ മാർഗ്ഗദർശനം ചെയ്യുന്നതിലും യു. എസ്. എസ്. ആർ. സുപ്രിം സോവിയറ്റിന്റെയും ഘടകറിപ്പബ്ലിക്കുകളുടേയും സ്വയംഭരണ റിപ്പബ്ലിക്കുകളുടേയും പ്രവർത്തനം അധികാധികം ക്രിയാത്മകവും ഫലപ്രദവുമാക്കിത്തീർക്കേണ്ടതിന്റെ പ്രാധാന്യം കോൺഗ്രസ്സ് ഊന്നിപ്പറയുന്നു. പ്രാദേശിക സോവിയറ്റു

കളുടെ പങ്ക് ഉയർത്തുകയും സമുദായത്തിന്റെ സാമൂഹ്യ-സാമ്പത്തികവും ബൗദ്ധികവുമായ വികസനം ത്വരിപ്പിക്കാൻ ബഹുജനങ്ങളെ അണിനിരത്തുന്നതിലും ജനങ്ങളുടെ ദൈനംദിനജീവിതവുമായി ബന്ധപ്പെട്ട എല്ലാം കാര്യങ്ങളും നിർവ്വഹിക്കുന്നതിലും അവരുടെ ആവശ്യങ്ങളും അർത്ഥനകളും നിറവേററുന്നതിലും അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും ചെയ്യുക ലാക്കാക്കി നാം കൂടുതൽ ഉറച്ച ഒരു കർമ്മസരണി അനുവർത്തിക്കണം. ഈ പ്രകൃതത്തിൽ സമീപഭാവിയിൽത്തന്നെ സോവിയററുകളുടെ സ്വയംഭരണാവകാശവും ഉത്തരവാദിത്വവും വർദ്ധിപ്പിക്കാനും ഉന്നതാധികാരികളുടെ കീഴിലുള്ള സ്ഥാപനങ്ങളോടും സംഘടനകളോടും അവയ്ക്കുള്ള ബന്ധത്തിന്റെ വിധാനം പരിഷ്കരിക്കാനും നടപടികൾ ആവിഷ്കരിക്കേണ്ടതാവശ്യമാണ്. തിരഞ്ഞെടുപ്പുസമ്പ്രദായത്തിന്റെ അന്യൂനീകരണമെന്ന പ്രശ്നം ഉന്നയിക്കുന്നത് ശരിയും സമയോചിതവുമായിരിക്കുമെന്ന് കോൺഗ്രസ്സ് കരുതുന്നു.

ഭരണനിർവ്വഹണത്തിൽ ജനാധിപത്യപ്രമാണങ്ങൾ ഗഹനതരമാക്കാനും സോവിയററുകളുടെ നിർവ്വാഹകസമിതികളുടെ പ്രവർത്തനത്തിലും മററു ഗവർമെണ്ട് ഘടകങ്ങളുടെ പ്രവർത്തനത്തിലും കാര്യക്ഷമതയും ചുറുചുറുക്കും വർദ്ധിപ്പിക്കാനും വകുപ്പുപരമായ സമീപനം, പ്രാദേശികവാദം, നിരുത്തരവാദിത്വം, ചുകപ്പുനാട, ജനങ്ങളോടുള്ള ഔപചാരികവും ഉദാസീനവുമായ മനോഭാവം എന്നിവയുടെ ലാഞ്ഛനകൾ ദൃഢനിശ്ചയത്തോടെ പിഴുതെറിയാനും നിരന്തരം ശ്രദ്ധിക്കേണ്ടത് ആവശ്യമാണ്. നിർവ്വാഹകസമിതികളും ന്യായാധിപൻമാരും മന്ത്രിമാരും മററു ഭരണനിർവ്വഹണഘടകങ്ങളുടെ തലവൻമാരും തൊഴിൽകൂട്ടായ്മകൾക്കും അധ്വാനിക്കുന്ന ജനങ്ങളുടെ യോഗങ്ങൾക്കും പതിവായി റിപ്പോർട്ടു ചെയ്യുന്ന ഫലപ്രദമായ ഒരു വ്യവസ്ഥക്ക് ഉറപ്പുവരുത്തേണ്ടത് ആവശ്യമാണ്. അതുപോലെ ഭരണയന്ത്രത്തിന്റെ പ്രവർത്തനത്തെ അധ്വാനിക്കുന്ന ജനങ്ങൾ മേൽനോട്ടം ചെയ്യുന്നതിന്നുള്ള വിവിധരൂപങ്ങൾ കൂടുതൽ ഫലപ്രദമായി ഉപയോഗപ്പെടുത്തുകയും വേണം. ഗവർമ്മെണ്ടുസ്ഥാപനങ്ങളിലെയും ഗവർമ്മെണ്ടിതരസ്ഥാപനങ്ങളിലെയും ഉദ്യോഗസ്ഥൻമാർക്ക് ഒരു പ്രമാണനനടപടിക്രമം ഏർപ്പെടുത്തണമെന്ന നിർദ്ദേശത്തെ കോൺഗ്രസ് പിന്താങ്ങുന്നു.

3. ഇപ്പോഴത്തെ വികാസദശ ബഹുജനസംഘടനകളുടെ മുമ്പാകെ പ്രധാനപ്പെട്ട കടമകൾ ഉന്നയിക്കുന്നു.

ഏററവും വലിയ ബഹുജനസംഘടനകളായ ട്രേഡുയൂണിയനുകൾ ദേശീയ സാമ്പത്തിക പദ്ധതികൾ നടപ്പാക്കാനും സോഷ്യലിസ്റ്റ് മൽസരം വ്യാപിപ്പിക്കാനും അച്ചടക്കം കർശനമാക്കാനും അധ്വാനോൽപാദനക്ഷമത ഉയർത്താനും അധ്വാനിക്കുന്ന ജനങ്ങളെ അണിനിരത്താനുമുള്ള യത്നങ്ങളിൽ ഉന്നതമായ ഒരുത്തരവാദിത്വബോധം പ്രദർശിപ്പിക്കണം. ട്രേഡുയൂണിയനുകളും അവയുടെ തിരഞ്ഞെടുക്കപ്പെട്ട സമിതികളും അധ്വാനിക്കുന്ന ജനങ്ങളുടെ ന്യായമായ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിലും തൊഴിൽ സംരക്ഷണ-സുരക്ഷിതത്വ സങ്കേതങ്ങളുടെ കാര്യങ്ങൾ അന്വേഷിക്കുന്നതിലും ആരോഗ്യസംവർദ്ധനകേന്ദ്രങ്ങൾ, സ്പോർട്സ് കേന്ദ്രങ്ങൾ, സമൂഹകേന്ദ്രങ്ങൾ, കുട്ടികൾക്കുള്ള കേന്ദ്രങ്ങൾ എന്നിവ വികസിപ്പിക്കുകയും നടത്തുകയും ചെയ്യുന്നതിലും കൂടുതൽ

ലക്ഷ്യബോധവും നിഷ്കർഷയും പ്രകടിപ്പിക്കണം. മാത്രമല്ല, സാമൂഹ്യനയമാകെ നടപ്പാക്കുന്നതിൽ അവ കൂടുതൽ സജീവമായ ഒരു പങ്ക് വഹിക്കുകയും വേണം.

കമ്യൂണിസത്തിൻെറ ആദർശങ്ങളോട് പ്രതിജ്ഞാബദ്ധരായ, ഉൽസാഹശീലരായ, വീരപരാക്രമങ്ങൾക്കും ആത്മത്യാഗത്തിന്നും സന്നദ്ധരായ, ഊർജ്ജസ്വലരും രാഷ്ട്രീയമായി ബോധവാൻമാരുമായ നവസമുദായ നിർമ്മാതാക്കളെ പരിശീലിപ്പിക്കുകയെന്ന മൗലിക കടമ നിറവേററുന്നതിൽ ലെനിനിസ്റ്റ് യുവ കമ്യൂണിസ്റ്റ് ലീഗിന്ന് പരമാവധി സഹായം നൽകാൻ പാർട്ടി സംഘടനകൾക്ക് ബാദ്ധ്യതയുണ്ട്. ജീവിതത്തിൻെറ വിവിധതുറകളിൽ സ്വന്തം യോഗ്യത തെളിയിക്കാനുള്ള യുവജനങ്ങളുടെ യത്നത്തെ പിന്താങ്ങേണ്ടതാണ്. അർഹരായ യുവജനങ്ങൾക്ക് ഉൽപാദന-ശാസ്ത്ര-സാംസ്കാരിക തുറകളിലും മാനേജ്മെൻറിലും ഉയർന്ന പദവികളിലേക്ക് കയററം നൽകുകയെന്ന സുസ്ഥിരമായ ഒരു നയം ഉണ്ടായിരിക്കണം.

ട്രേഡുയൂണിയനുകളുടേയും വൈ. സി. എല്ലിൻെറയും സർഗ്ഗാത്മക പ്രവർത്തകരുടെ യൂണിയനുകളുടേയും സന്നദ്ധ സമിതികളുടേയും മഹിളാസംഘടനകളുടേയും പങ്ക് കൂടുതൽ ഉയർത്തുക എന്ന ലക്ഷ്യത്തോടെ, സ്റേററ് സംഘടനകൾക്ക് അതാത് ബഹുജനസംഘടനകളുടെ ഭാഗഭാഗിത്വത്തോടെ അല്ലെങ്കിൽ മുൻകൂട്ടിയുള്ള സമ്മതത്തോടെ മാത്രം തീരുമാനമെടുക്കാൻ കഴിയുന്നവയായ പ്രശ്നങ്ങളുടെ ശ്രേണി വിപുലപ്പെടുത്തുകയും പല കാര്യങ്ങളിലും സർക്കാരിൻെറ തീരുമാനങ്ങൾ മാററിവെക്കാൻ ഈ സംഘടനകൾക്ക് അവകാശം നൽകുകയും ചെയ്യേണ്ടതാവശ്യമാണെന്ന് കോൺഗ്രസ് കരുതുന്നു.

4. പ്രത്യക്ഷജനാധിപത്യത്തിൻെറ എല്ലാ രൂപങ്ങളും പ്രയോഗിക്കാൻ, പ്രഥമവും പ്രധാനവുമായി തൊഴിൽകൂട്ടായ്മകളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്താനും അവയിൽ സോഷ്യലിസ്റ്റ് പരസ്പരസഹായത്തിൻെറതും കണിശതയുടേതുമായ ഒരു അന്തരീക്ഷം സ്ഥാപിക്കാനും സമുദായത്തോടു തങ്ങൾക്കുള്ള കടമകളുടെ നിർവ്വഹണത്തെ സംബന്ധിച്ചേടത്തോളം ഉന്നതമായ ഉത്തരവാദിത്വബോധത്തോടുകൂടിയ സമ്പൂർണ്ണ ഉൽപാദനോടമസ്ഥരാണെന്ന ഒരു ബോധം അവയ്ക്കുണ്ടാക്കാനും പാർട്ടി പ്രത്യേകം ശ്രദ്ധിക്കുന്നു. തൊഴിൽ കൂട്ടായ്മകളെ സംബന്ധിച്ച നിയമത്തിൽ ഉൾക്കൊള്ളിച്ച ജനാധിപത്യപ്രമാണങ്ങളും മാനകങ്ങളും പ്രയോഗത്തിൽ വരുത്തുന്നതിന്നുള്ള വിധാനം സമൂലം മെച്ചപ്പെടുത്തുകയും തൊഴിൽ കൂട്ടായ്മകൾ എടുക്കുന്ന തീരുമാനങ്ങൾ അന്തിമമായിരിക്കുന്ന കാര്യങ്ങളുടെ ശ്രേണി വിപുലപ്പെടുത്തുകയും ഫാക്ടറി-ആപ്പീസു ജോലിക്കാരുടെ പൊതുയോഗങ്ങൾക്കുള്ള പങ്കും ഈ യോഗങ്ങൾ എടുത്ത തീരുമാനങ്ങൾ നടപ്പാക്കുന്നതിന്നുള്ള ഉത്തരവാദിത്വവും വർദ്ധിപ്പിക്കുകയും ചെയ്യണം. വ്യവസായസ്ഥാപനങ്ങളുടെ നിലവാരത്തിൽ തൊഴിൽ കൂട്ടായ്മകളുടെ പൊതുയോഗങ്ങൾക്കിടയിലുള്ള കാലത്ത് പ്രവർത്തിക്കുന്ന തൊഴിൽ കൂട്ടായ്മ സമിതികൾ ഏർപ്പെടുത്തണമെന്ന നിർദ്ദേശത്തെ കോൺഗ്രസ് അനുകൂലിക്കുന്നു. അതുപോലെ, വ്യവസായസ്ഥാപനങ്ങളിലെ മാനേജിരിയൽ ജോലിക്കാരെ തിരഞ്ഞെടുക്കുന്ന സമ്പ്രദായം ക്രമേണ വിപുലപ്പെടുത്തണമെന്ന

നിർദ്ദേശത്തെയും കോൺഗ്രസ് പിന്താങ്ങുന്നു. പാർട്ടിഘടകങ്ങളും സ്റ്റേററ് ഘടകങ്ങളും കൂട്ടുകൃഷിക്കളങ്ങളുടെയും സഹകരണസംഘങ്ങളുടെയും സ്വയംഭരണത്തിന്റെ ജനാധിപത്യപ്രമാണങ്ങളും അവയുടെ നിയമങ്ങളോടുള്ള തികഞ്ഞ ആദരവും ഊർജ്ജിതമായി വികസിപ്പിക്കണം.

രാജ്യത്തിന്റെ ജീവിതത്തെ സംബന്ധിച്ച മുഖ്യ പ്രശ്നങ്ങളെക്കുറിച്ചുള്ള ദേശവ്യാപകമായ ചർച്ചകളും ജനഹിതപരിശോധനകളും പ്രാദേശികസോവിയററുകൾ തയ്യാറാക്കിയ തീരുമാനങ്ങളുടെ കരടുകളെക്കുറിച്ച് ജനങ്ങൾ ചർച്ച നടത്തുന്ന പതിവും കൂടുതൽ മെച്ചപ്പെടുത്തുകയും പൗരയോഗങ്ങൾ, സമ്മതിദായകരുടെ നിയോഗങ്ങൾ, പത്രങ്ങൾ, റേഡിയോ, ടെലിവിഷൻ, അധ്വാനിക്കുന്ന ജനങ്ങളുടെ കത്തുകൾ എന്നിവ പോലെ പ്രത്യക്ഷ ജനാധിപത്യം വികസിപ്പിക്കുന്നതിനുള്ള മററു മാർഗ്ഗങ്ങളും പൊതുജനാഭിപ്രായം അറിയുന്നതിന്നുള്ള മറെറല്ലാം ഉപാധികളും കൂടുതൽ നല്ല നിലയിൽ പ്രയോജനപ്പെടുത്തുകയും വേണം.

ഗവർമ്മെണ്ടു സംഘടനകളുടെയും ഇതര സംഘടനകളുടെയും പ്രവർത്തനങ്ങളിലെ പരസ്യസ്വഭാവത്തിന്നും എടുക്കപ്പെട്ട തീരുമാനങ്ങളേയും തുടർന്നുള്ള നടപടികളേയും പററി ജനങ്ങളെ അറിയിച്ചുകൊണ്ടിരിക്കുകയും ചെയ്യുക എന്നതിന്നും കോൺഗ്രസ്സ് പ്രാഥമികപ്രാധാന്യം കൽപിക്കുന്നു.

5. ഭരണപരമായ നടപടികളുടെയും സമുദായജീവിതത്തിന്റെയും നിയമസ്ഥിതിവാരം ബലപ്പെടുത്തുകയും നിയമങ്ങൾ ഏററവും കർശനമായിപാലിക്കുകയും സോവിയററ് പൗരരുടെ അവകാശങ്ങൾക്കും സ്വാതന്ത്ര്യങ്ങൾക്കുമുള്ള മുന്നുറപ്പുകൾ ദൃഢീകരിക്കുകയും ചെയ്യേണ്ടത് വളരെ മുഖ്യമാണെന്ന് കോൺഗ്രസ്സ് കരുതുന്നു. നാം നിയമപാലകരുടെയും നിയമം പ്രായോഗികമായി നടപ്പിൽ വരുത്തുക, ക്രമസമാധാനം പാലിക്കുക, സോഷ്യലിസ്റ്റ് സ്വത്തും സോവിയററ് പൗരരുടെ ന്യായമായ താൽപര്യങ്ങളും സംരക്ഷിക്കുക എന്നിവയുമായി ബന്ധപ്പെട്ട മററു സംഘടനകളിലെ പ്രവർത്തകരുടെയും ഉത്തരവാദിത്വം കൊണ്ടുപിടിച്ചു വർദ്ധിപ്പിക്കുകയും പ്രൊക്യുറേട്ടർമാരുടെ മേൽനോട്ടത്തിന്റെ ഫലസിദ്ധി ദൃഢനിശ്ചയത്തോടെ വർദ്ധിപ്പിക്കുകയും കോടതികളുടെയും അഭിഭാഷകവൃന്ദത്തിന്റെയും പ്രവർത്തനം മെച്ചപ്പെടുത്തുകയും സാമ്പത്തിക പരസ്പരബന്ധങ്ങളിൽ നിയമാനുസാരിത്വം കൂടുതൽ ഊട്ടിയുറപ്പിക്കാനും ഭരണപരവും കരാറുസംബന്ധവുമായ ക്രമക്കേടുകൾ ദൂരീകരിക്കാനുമായി സ്റ്റേററ്മാധ്യസ്ഥത്തിന്റെയും സോവിയററുകളിലെയും സ്ഥാപനങ്ങളിലെയും സംഘടനകളിലെയും നിയമസേവനത്തിന്റെയും പ്രവർത്തനം അഭിവൃദ്ധിപ്പെടുത്തുകയും വേണം. സോവിയററ് ജനങ്ങളിൽ പൗരധർമ്മബോധം നിവേശിപ്പിക്കുക, അവരെ, വിശേഷിച്ചും യുവജനങ്ങളെ ധാർമ്മികമായും നിയമപരമായും ബോധവാൻമാരാക്കുക—ഇവ അവരുടെ സാമൂഹ്യ-രാഷ്ട്രീയ പ്രവർത്തനത്തേയും പോരായ്മകളോടും നിയമലംഘനങ്ങളോടുമുള്ള അസന്ധേയമായ നിലപാടിനേയും സമുദായത്തിന്റെയും സ്റ്റേററിന്റെയും താൽപര്യങ്ങളോടുള്ള പ്രതിജ്ഞാബദ്ധതയേയും ഫലപ്രദമായി പ്രോത്സാഹിപ്പിക്കണം.

6. സോവിയററ്യൂണിയന്നും ഇതര സോഷ്യലിസ്റ്റ് രാജ്യങ്ങൾക്കുമെതിരായുള്ള വർദ്ധമാനമായ സാമ്രാജ്യ

ത്വ വിധ്വംസക കയ്യേററങ്ങളുടെ സാഹചര്യത്തിൽ സ്റ്റേററ് സുരക്ഷിതത്വ സംഘടനകൾക്ക് ഗണ്യമാംവിധം വമ്പിച്ച ഉത്തരവാദിത്വമാണുള്ളത്. അവ പരമമായ ജാഗരൂകത പ്രദർശിപ്പിക്കുകയും നമ്മുടെ രാഷ്ട്രീയ-സാമൂഹ്യവ്യവസ്ഥയെ തകിടംമറിക്കാനോ ബലഹീനമാക്കാനോ ഉള്ള എല്ലാ ഉദ്യമങ്ങളേയും തക്കസമയത്ത് തുറന്നുകാട്ടുകയും അവയെ അടിപതറാതെ എതിർക്കുകയും ചെയ്യണം.

പാർട്ടിയുടേയും അതിൻെറ സെൻട്രൽ കമ്മിററിയുടേയും സെൻട്രൽ കമ്മിററിയുടെ പൊളിററിക്കൽ ബ്യൂറോവിൻെറയും അവിശ്രാന്തമായ ശ്രദ്ധയുടെ ഫലമായി സോവിയററ് യൂണിയൻെറ പ്രതിരോധശേഷി സോവിയററ് ജനങ്ങളുടെ സമാധാനപരമായ സൃഷ്ടിപര അദ്ധ്വാനത്തിന്ന് വിശ്വസനീയമാംവിധം മുന്നുറപ്പ് തരുന്ന ഒരു നിലവാരത്തിൽ നിലനിർത്തപ്പെട്ടുവരുന്നുവെന്ന് കോൺഗ്രസ്സ് സംതൃപ്തിയോടെ ചൂണ്ടിക്കാട്ടുന്നു. സായുധസേനയുടെ സമരസന്നദ്ധത പരമാവധി ഉയർത്തുകയും കരസേനയിലേയും കടൽസേനയിലേയും ഭടൻമാരേയും ആപ്പീസർമാരേയും മാത്രമല്ല മുഴുവൻ സോവിയററ് ജനങ്ങളെക്കൂടി ജാഗരൂകതയുടേയും സോഷ്യലിസത്തിൻെറ മഹൽസിദ്ധികളെ കാത്തുരക്ഷിക്കാനുള്ള നിരന്തര സന്നദ്ധതയുടേയും സ്പിരിററിൽ വിദ്യാഭ്യാസം ചെയ്യിക്കുകയും ചെയ്യുക—ഇത് മുമ്പെന്നപോലെ ഇന്നും പാർട്ടിയുടേയും സ്റ്റേററിൻെറയും ജനങ്ങളുടെയും ഏററവും പ്രധാനപ്പെട്ട കടമകളിലൊന്നാണ്.

## IV

1. സോവിയററ്ജനങ്ങൾക്ക് സ്ഥായിയായ സമാധാനത്തിൻെറയും സ്വാതന്ത്ര്യത്തിൻെറയും സാഹചര്യങ്ങളിൽ പ്രവർത്തിക്കാനുള്ള സാധ്യത ഉറപ്പുവരുത്തുക എന്നതാണ് വിദേശനയത്തിൽ സി. പി. എസ്. യു. അനുവർത്തിക്കുന്ന കർമ്മതന്ത്രത്തിൻെറ മുഖ്യലക്ഷ്യം. അക്കാരണത്താൽ, നുക്ലിയർ ഭീഷണിക്കും ആയുധപ്പന്തയത്തിന്നും എതിരായും സാർവ്വത്രിക സമാധാനത്തിൻെറ സംരക്ഷണത്തിന്നും ദൃഢീകരണത്തിന്നും വേണ്ടിയുമുള്ള സമരം ഭാവിയിലും സാർവ്വദേശീയരംഗത്ത് പാർട്ടിയുടെ പ്രവർത്തനത്തിൻെറ മുഖ്യദിശയായിരിക്കണം.

ഈ നയത്തിന്ന് മറെറാരു ബദലില്ലെന്ന് കോൺഗ്രസ്സ് ഊന്നിപ്പറയുന്നു. ഇന്നത്തെ പടക്കോപ്പുകളുടെ സ്വഭാവം വെറും സൈനിക-സാങ്കേതികോപാധികൾ കൊണ്ടുമാത്രം, ഏററവും ശക്തമായ പ്രതിരോധം സൃഷ്ടിച്ചുകൊണ്ടുപോലും, സ്വയം രക്ഷിക്കാനാവുമെന്നു പ്രതീക്ഷക്ക് ഒരു രാജ്യത്തിന്നും വക നൽകുന്നില്ല. എന്തുകൊണ്ടെന്നാൽ, നുക്ലിയർ യുദ്ധത്തിൽ എന്നല്ല ആയുധപ്പന്തയത്തിൽ പോലും ജയിക്കാനാവില്ല. ആയുധപ്പന്തയം ബഹിരാകാശത്തിലേക്ക് സംക്രമിക്കുന്നത് പോയിട്ട്, അത് ഭൂമിയിൽ തുടർന്നുകൊണ്ടിരുന്നാൽതന്നെ നുക്ലിയർ ആയുധങ്ങളുടേയും മററുതരം ആയുധങ്ങളുടേയും ഇപ്പോൾ തന്നെ ഗുരുതരമായ ഉയർന്ന നിരക്കുകളിലെത്തിയിരിക്കുന്ന സംഭരണത്തിന്നും അന്യൂനീകരണത്തിന്നും വേഗം വർദ്ധിക്കും. അങ്ങിനെ സമാനത എന്നതുപോലും സൈനികവും രാഷ്ട്രീയവുമായ അടക്കിനിർത്തലിൻെറ ഘടകമല്ലാതായിത്തീരും. തൽഫലമായി സുരക്ഷിതത്വത്തെ കാത്തുസൂക്ഷിക്കുകയെന്നത് രാഷ്ട്രീയോപാധികൾകൊണ്ടുമാത്രം പരിഹരിക്കാവുന്ന ഒരു രാഷ്ട്രീയപ്രശ്നമായിട്ടാണ് അധികാധികം കാണപ്പെടുന്നത്.

2. നുക്ലിയർ ഭീഷണിയുടെ സ്വഭാവത്തേയും വ്യാപ്തിയേയുംപററി സി. പി. എസ്. യു. സെൻട്രൽ കമ്മിററി നടത്തിയ വിശകലനം മുതലാളിത്തവും സോഷ്യലിസവും തമ്മിലുള്ള അഭിമുഖീകരണത്തിന്ന് സമാധാനപരമായ മൽസരത്തിന്റെയും സമാധാനപരമായ വിവാദത്തിന്റെയും രൂപങ്ങളിലൂടെ മാത്രം മുന്നോട്ടു പോകാൻ കഴിയുന്ന വിധത്തിലാണ് സാർവ്വദേശീയരംഗത്ത് നിലവിലുള്ള വസ്തുനിഷ്ഠ സാഹചര്യങ്ങളെന്ന, സൈദ്ധാന്തികമായും പ്രായോഗികമായും പ്രധാനപ്പെട്ട നിഗമനം രൂപീകരിക്കാൻ സഹായിച്ചിരിക്കുന്നു.

ഇതിനെ അടിസ്ഥാനമാക്കിക്കൊണ്ട് സാർവ്വദേശീയ സുരക്ഷിതത്വത്തിന്റെ പ്രശ്നങ്ങൾ സുസ്ഥിരമായും സ്ഥിരോത്സാഹത്തോടെയും കൊണ്ടുപിടിച്ചും പരിഹരിക്കുന്നതിന്നുവേണ്ടി പ്രവർത്തിക്കാൻ സെൻട്രൽ കമ്മിററിയോട് കോൺഗ്രസ്സ് നിർദ്ദേശിക്കുന്നു. സോവിയററ് യൂണിയന്റെ വിദേശനയത്തെ സമാധാനപരമായ സഹവർത്തനത്തിലേക്കുള്ള അചഞ്ചലമായ ഒരു കർമ്മസരണിയെ ലാക്കാക്കി നിറുത്തുകയും നമ്മുടെ പ്രമാണങ്ങളും നിലപാടുകളും ദൃഢമായി ഉയർത്തിപ്പിടിക്കുകയും അടവുസംബന്ധമായ അനുനേയതയും പരസ്പരം സ്വീകാര്യമായ വിട്ടുവീഴ്ചകൾക്കുള്ള സന്നദ്ധതയും സംവാദത്തിന്നും പരസ്പര ധാരണക്കുമുള്ള പരിശ്രമവും ഉണ്ടായിരിക്കുകയും വേണം. സോവിയററ് വിദേശനയത്തെ ഉടനീളം കൂടുതൽ ഉജ്ജീവിപ്പിക്കേണ്ടതുണ്ടെന്നും സംഘട്ടന സ്ഥിതികൾക്ക് തികച്ചും സമാധാനപരമായ പരിഹാരങ്ങൾ തേടേണ്ടതുണ്ടെന്നും എല്ലാ രാജ്യങ്ങളുമായി പരസ്പരം പ്രയോജനപ്രദമായ നല്ല അയൽപക്കബന്ധങ്ങൾ വളർത്തേണ്ടതുണ്ടെന്നും കോൺഗ്രസ്സ് ഊന്നിപ്പറയുന്നു.

3. സി. പി. എസ്. യു. സെൻട്രൽ കമ്മിററിയുടെ ജനറൽ സിക്രട്ടറി 1986 ജനുവരി 15-ാം തിയ്യതി ചെയ്ത പ്രസ്താവനയിൽ കൂട്ടസംഹാരായുധങ്ങൾ നശിപ്പിക്കാനും യുദ്ധഭീഷണി അകററാനും മുൻവെച്ച പരിപാടി നടപ്പാക്കുന്നതിന്നുള്ള യത്നങ്ങളായിരിക്കണം വരുംവർഷങ്ങളിൽ സോവിയററ് വിദേശനയത്തിന്റെ കേന്ദ്രദിശ. പരിമാണത്തിലും അർത്ഥപ്രാധാന്യത്തിലും ചരിത്രം സൃഷ്ടിക്കുന്ന ഈ പരിപാടിയുടെ പൂർത്തീകരണം മാനവരാശിയ്ക്ക് മൗലികമായും പുതിയതായ ഒരു വികാസഘട്ടം, സൃഷ്ടിപര യത്നത്തിൽ മാത്രം ശ്രദ്ധകേന്ദ്രീകരിക്കാനുള്ള സാധ്യത തുറന്നുകൊടുക്കും.

സോവിയററ് യൂണിയൻ ഏതൊരുതരം നുക്ലിയർ യുദ്ധത്തിന്റെയും ബദ്ധവൈരിയാണെന്ന വസ്തുതയിൽ അധിഷ്ഠിതമായ സോവിയററ് സൈനിക സിദ്ധാന്തത്തിന്റെ പ്രതിരോധപരമായ സ്വഭാവത്തിന്റെ അപരിവർത്തനീയത കോൺഗ്രസ്സ് ആവർത്തിച്ചു സ്ഥിരീകരിക്കുന്നു. കൂട്ടസംഹാരായുധങ്ങൾ ഉപയോഗത്തിൽനിന്ന് എടുത്തുകളയണമെന്നും സൈനിക ശേഷിസാധ്യതകൾ യുക്തിക്കുനിരക്കുന്ന ഒരു പരിധിയിൽ ഒതുക്കിനിർത്തണമെന്നും നമ്മുടെ രാജ്യം വാദിക്കുന്നു. എന്നാൽ, അമേരിക്കയുടേയും അതിന്റെ കൂട്ടാളികളുടേയും നിലപാടുകളും നടപടികളും കാരണം ഈ പരിധിയുടെ സ്വഭാവവും നിലവാരവും തുടർന്ന് പരിച്ഛേദിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. കൂടുതൽ സുരക്ഷിതത്വം വേണമെന്ന് സോവിയററ് യൂണിയൻ ആവശ്യപ്പെടുന്നില്ല. എന്നാൽ കുറഞ്ഞ സുരക്ഷിതത്വംകൊണ്ട് അത് തൃപ്തിപ്പെടുകയുമില്ല.

4. സാർവ്വദേശീയസ്ഥിതിയുടെ ഉന്നമനത്തിന്ന് ഇയ്യിടെ രൂപപ്പെട്ടുവന്നിട്ടുള്ള മുന്നുപാധികൾ ഇനിയും സ്വയമൊരു വഴിത്തിരിവായിക്കഴിഞ്ഞിട്ടില്ലെന്ന് കോൺഗ്രസ്സ് മനസ്സിലാക്കുന്നു: ആയുധപ്പന്തയം തുടർന്നുകൊണ്ടിരിക്കുന്നു; നൂക്ലിയർ യുദ്ധത്തിന്റെ ഭീഷണി ബാക്കിനിൽക്കുന്നു. എങ്കിലും സാർവ്വദേശീയ പിന്തിരിപ്പത്തം സർവ്വശക്തമല്ല. ലോകവിപ്ലവ പ്രക്രിയയുടെ വികാസവും ബൃഹത്തായ ജനാധിപത്യ പ്രസ്ഥാനങ്ങളുടെയും യുദ്ധവിരുദ്ധ പ്രസ്ഥാനങ്ങളുടെയും വളർച്ചയും സമാധാനം, വിവേകം, സൻമനസ്സ് എന്നിവയുടെ വമ്പിച്ച ശേഷിസാധ്യതയെ നാടകീയമായി വിപുലപ്പെടുത്തുകയും ഉപോൽബലപ്പെടുത്തുകയും ചെയ്തിരിക്കുന്നു. സാമ്രാജ്യത്വത്തിന്റെ ആക്രമണോത്സുക നയത്തിന്ന് ശക്തിമത്തായ ഒരു പ്രതിഭാരമാണിത്. ഈ ശേഷിസാധ്യതയുടെ ഉദ്ബലനത്തിലേക്ക് പരമാവധിയായ സംഭാവന തുടർന്ന് ചെയ്തുകൊണ്ടിരിക്കുവാൻ സി. പി. എസ്. യു. ഉദ്ദേശിക്കുന്നു.

5. ഇന്ന് സമാധാനത്തിന്റെയും സാമൂഹ്യ പുരോഗതിയുടെയും ഭാഗധേയങ്ങൾ സോഷ്യലിസ്റ്റ് ലോകവ്യവസ്ഥയുടെ ഊർജ്ജസ്വലമായ സാമ്പത്തിക-രാഷ്ട്രീയ വികസനവുമായി മുമ്പൊരിക്കലുമില്ലാത്തവിധം പരസ്പരം ബന്ധപ്പെട്ടാണിരിക്കുന്നത്. കോൺഗ്രസ്സ് ഏററവും സങ്കീർണ്ണമായ കടമകൾ കൈകാര്യംചെയ്യാൻ സോഷ്യലിസത്തിന്ന് ആവുമെന്ന് വിശ്വാസം പ്രകടിപ്പിക്കുകയും സോഷ്യലിസ്റ്റ് രാജ്യങ്ങളുടെ വർദ്ധമാനമാംവിധം സജീവമായ പരസ്പരവർത്തനത്തിന്റെ, അവയുടെ പൊതുവായ പുരോഗതിയുടെ വേഗതയ്ക്ക് ഒരു ത്വരകമായിവർത്തിക്കുന്ന പരസ്പരവർത്തനത്തിന്റെ, പ്രാധാന്യം ചൂണ്ടിക്കാട്ടുകയും ചെയ്യുന്നു.

സി. പി. എസ്. യു. സെൻട്രൽ കമ്മിററിയുടെ ഏപ്രിൽ പ്ലീനറിയോഗത്തെ തുടർന്ന് സോഷ്യലിസ്റ്റ് സമുച്ചയത്തിൽപെട്ട രാജ്യങ്ങളുമായുള്ള ബന്ധത്തിൽ പ്രകടമായിത്തീർന്ന പുതിയ വിധായക ഗുണങ്ങളെ കോൺഗ്രസ്സ് നിസ്സംശയമായും അംഗീകരിക്കുന്നു. ഈ രാജ്യങ്ങൾക്കിടയിലെ രാഷ്ട്രീയ സഹകരണത്തിന്റെ ഹൃദയവും ആത്മാവും ആയിരുന്നിട്ടുള്ളതും ആയിരിക്കുന്നതും ഭരിക്കുന്ന കമ്യൂണിസ്റ്റു പാർട്ടികളുടെ പരസ്പരവർത്തനവും അതിന്റെ രൂപങ്ങളുടെയും രീതികളുടെയും അന്യൂനീകരണവും നവീകരണവുമാണ്. ഇത് സോഷ്യലിസ്റ്റ് നിർമ്മാണം സംബന്ധിച്ച എല്ലാ പ്രശ്നങ്ങളിലും ഉടനടി സഖിത്വപരമായ അഭിപ്രായവിനിമയം നടത്തുക സാധ്യമാക്കുന്നു. കാലഘട്ടത്തിന്റെ ആവശ്യങ്ങൾക്കൊത്ത സമീപനമാണിത്. എന്നുമാത്രമല്ല, അത് എല്ലാ തലങ്ങളിലും പാർട്ടികൾ തമ്മിലും രാജ്യങ്ങൾ തമ്മിലുമുള്ള ബന്ധങ്ങളുടെ ഉള്ളടക്കത്തെ പരിപോഷിക്കുകയും ചെയ്യുന്നു.

വാഴ്സാ ഉടമ്പടിയിൽ ഒപ്പുവെച്ചവർ ഏകകണ്ഠമായ തീരുമാനത്തിലൂടെ ഈ ഉടമ്പടിയുടെ കാലദൈർഘ്യം വർദ്ധിപ്പിച്ചതിന്റെ വമ്പിച്ച അർത്ഥപ്രാധാന്യത്തെ സാർവ്വദേശീയ സ്ഥിതിയെ മുൻനിർത്തി കോൺഗ്രസ്സ് അടിവരയിട്ടു കാട്ടുന്നു. യൂറോപ്യൻ രാഷ്ട്രീയത്തിന്റെയും ലോകരാഷ്ട്രീയത്തിന്റെയും ഫലപ്രദവും നിർമ്മാണാത്മകവുമായ ഒരു ഘടകമാണ് പ്രസ്തുത ഉടമ്പടി.

സി. എം. ഇ. എ. രാജ്യങ്ങൾ സമഗ്രമായ ശാസ്ത്ര-സാങ്കേതിക പു

രോഗതിയുടേതായ പരിപാടി സ്വീകരിച്ചത് പ്രത്യേകിച്ചും പ്രധാനമായി സി. പി. എസ്. യു. കരുതുന്നു. നൂതനത്വത്തിന്റെയും മുൻകയ്യിന്റെയും സ്പിരിററിൽ സോഷ്യലിസ്റ്റ് സാമ്പത്തികോദ്ഗ്രഥനത്തിന്റെ മുഖ്യ മേഖലകളെ സമീപിക്കുകയെന്നത് സോവിയററ് കമ്മ്യൂണിസ്റ്റുകളെയും ശാസ്ത്രകാരരെയും എഞ്ചിനീയർമാരെയും തൊഴിലാളികളെയും സംബന്ധിച്ചിടത്തോളം ഒരു ബഹുമതിയാണെന്ന് വിശ്വസിക്കുകയും ചെയ്യുന്നു.

സോഷ്യലിസ്റ്റ് രാജ്യങ്ങളിലെ തൊഴിൽകൂട്ടായ്മകൾക്കും ബഹുജനസംഘടനകൾക്കും തനിപ്പെട്ട പൗരർക്കുമിടയിൽ വിപുലമായ പരസ്പര സമ്പർക്കത്തിന്ന്വേണ്ടി വാദിക്കുന്നതിലൂടെ സോഷ്യലിസ്റ്റ് നിർമ്മാണത്തിന്റെ പരിചിന്തനങ്ങളെയും ആശയങ്ങളെയും അനുഭവത്തെയും പരസ്പരം സമ്പന്നമാക്കുന്നതിന്റെ വമ്പിച്ച അർത്ഥപ്രാധാന്യത്തെ കോൺഗ്രസ്സ് ഊന്നിപ്പറയുന്നു. ജീവിതം ഉന്നയിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്നും വർഗ്ഗശത്രു സൃഷ്ടിക്കുകയും ഉപയോഗിക്കുകയും ചെയ്യുന്ന പ്രതിസന്ധിസ്ഥിതിയെ മുൻകൂട്ടി തടയുന്നതിന്നും ചില സോഷ്യലിസ്റ്റ് രാജ്യങ്ങളെ മററുള്ളവയ്ക്കെതിരെ തിരിക്കുന്നതിന്നുള്ള അവന്റെ ശ്രമങ്ങളെ നേരിടുന്നതിന്നും വിവിധ സോഷ്യലിസ്റ്റ് രാജ്യങ്ങളുടെ താൽപര്യങ്ങളെ സമരസപ്പെടുത്തുന്നതിന്നും അതിസങ്കീർണ്ണ പ്രശ്നങ്ങൾക്ക് പരസ്പരം സ്വീകാര്യമായ പരിഹാരങ്ങൾ കാണുന്നതിന്നും ഇത് സഹായിക്കുന്നു.

6. എല്ലാം കമ്മ്യൂണിസ്റ്റ്പാർട്ടികളുമായും സോഷ്യലിസ്റ്റ് ലോകവ്യവസ്ഥയിലെ എല്ലാം രാജ്യങ്ങളുമായും സത്യസന്ധവും ഉള്ളു തുറന്നതുമായ ബന്ധങ്ങൾക്കുവേണ്ടിയും അവയുമായി സഖിത്വപരമായ അഭിപ്രായവിനിമയങ്ങൾക്കുവേണ്ടിയും സി. പി. എസ്. യു. നിലകൊള്ളുന്നു. സോഷ്യലിസ്റ്റ് രാജ്യങ്ങളെ ഒരുമിപ്പിച്ചുകൊണ്ടുവരിക ലാക്കാക്കിയുള്ള ഓരോ ചുവടുവെപ്പിനെയും അവയ്ക്കിടയിലെ ബന്ധങ്ങളിലെ അനുകൂലമായ ഓരോ മാററത്തെയും പാർട്ടി സ്വാഗതംചെയ്യുന്നു.

സോവിയററ് യൂണിയന്ന് അതിന്റെ മഹാനായ അയൽക്കാരനുമായുള്ള — സോഷ്യലിസ്റ്റ് ചൈന — ബന്ധങ്ങളിലുണ്ടായിട്ടുള്ള ചില അഭിവൃദ്ധിയെയും ഒട്ടേറെ സാർവ്വദേശീയ പ്രശ്നങ്ങളോടുള്ള സമീപനങ്ങളിൽ ഭിന്നതകൾ ഉണ്ടെന്നിരിക്കിലും മൂന്നാം രാജ്യങ്ങൾക്ക് ദോഷകരമല്ലാതെ തുല്യതയുടെ അടിസ്ഥാനത്തിൽ സഹകരണം വർദ്ധിപ്പിക്കുന്നതിന്നുള്ള സാദ്ധ്യതയെയും ഈ പ്രകൃതത്തിൽ കോൺഗ്രസ്സ് ചാരിതാർത്ഥ്യപൂർവ്വം കണക്കിലെടുക്കുന്നു. അത്തരം സഹകരണത്തിന്ന് വമ്പിച്ച ശേഷിസാദ്ധ്യതകൾ ഉണ്ടെന്നാണ് കോൺഗ്രസ്സിന്റെ അഭിപ്രായം. എന്തെന്നാൽ രണ്ടു രാജ്യങ്ങളുടെയും ജീവൽതാൽപര്യങ്ങൾക്ക് അനുരൂപങ്ങളാണവ, ഈ രാജ്യങ്ങളിലെ ജനതകളെ സംബന്ധിച്ചിടത്തോളം ഏററവും പ്രിയങ്കരങ്ങളായ സംഗതികൾ— സോഷ്യലിസവും സമാധാനവും— അവിഭേദ്യങ്ങളാണ്.

7. ഒക്ടോബർവിപ്ലവം തുറക്കുകയും വെട്ടിത്തെളിയിക്കുകയും ചെയ്ത പാതയിലൂടെയുള്ള സോവിയററ് യൂണിയന്റെ വിജയകരമായ മുന്നേററത്തിലാണ് സാർവ്വദേശീയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ മാംസവും രക്തവുമായ സി. പി. എസ്. യു. ഈ പ്രസ്ഥാനത്തോടുള്ള അതിന്റെ സാർവ്വദേശീയവാദപര

മായ അടിസ്ഥാന കടമ ദർശിക്കുന്നത്.

ഐക്യത്തിന്ന് ഐകരൂപ്യവുമായി, ആധിപത്യവുമായി, ചില പാർട്ടികൾ മററുള്ളവയുടെ കാര്യങ്ങളിൽ നടത്തുന്ന ഇടപെടലുമായി, തങ്ങൾ പറയുന്നത് മാത്രമാണ് സത്യമെന്ന് സ്ഥാപിക്കാൻ ഏതെങ്കിലും പാർട്ടി നടത്തുന്ന അക്ഷീണയത്നവുമായി യാതൊരു സംബന്ധവുമില്ല എന്നതുപോലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ വൈവിദ്ധ്യം അനൈക്യത്തിന്റെ പര്യായമല്ല എന്ന ധാരണയെ അടിസ്ഥാനമാക്കിയാണ് കോൺഗ്രസ്സ് മുന്നോട്ടു പോകുന്നത്. മാർക്സിന്റെയും ലെനിന്റെയും സിദ്ധാന്തത്തിന്നനുസൃതമായി പുതിയ യാഥാർത്ഥ്യങ്ങളോടുള്ള ധീരവും ക്രിയാത്മകവുമായ സമീപനത്തിൽനിന്നും അതിന്റെ വർഗ്ഗസഹഭാവത്തിൽനിന്നും സമാധാനവും സോഷ്യലിസവുമെന്ന പൊതുലക്ഷ്യങ്ങൾക്ക് വേണ്ടിയുള്ള സമരത്തിൽ എല്ലാ സഹോദരപ്പാർട്ടികൾക്കുമിടയിലെ തുല്യസഹകരണത്തിൽ നിന്നുമാണ് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം കരുത്താർജിക്കുന്നത്. വിവിധ രാജ്യങ്ങളിലെ കമ്മ്യൂണിസ്റ്റുകളെ ഐക്യപ്പെടുത്തുന്ന പ്രധാനപ്പെട്ട, അസന്ദിഗ്ദ്ധ ലക്ഷ്യങ്ങൾ തികച്ചും ഇവയാണ്. കമ്മ്യൂണിസ്റ്റ്-വർക്കേഴ്സ് പാർട്ടികൾക്കിടയിൽ അത്തരം സഹഭാവവും അത്തരം സഹകരണവും ശക്തിപ്പെടുത്തുന്നത് സുകരമാക്കുന്നതിന്ന് പരമാവധി യത്നിക്കാൻ സി. പി. എസ്. യു. കേന്ദ്ര കമ്മിററിയോട് കോൺഗ്രസ്സ് നിർദ്ദേശിക്കുന്നു.

8. ലോകരംഗത്തിലെ ശാക്തിക ബലാബലത്തിൽ സമാധാനത്തിന്നും യുക്തിക്കും സൻമനോഭാവത്തിന്നും അനുകൂലമായി ഒരു മാററമുണ്ടാകുന്നതിലേക്കുള്ള പ്രവണത ഈടുനിൽക്കുന്നതും തത്വത്തിൽ പിന്തിരിപ്പിക്കാനാകാത്തതുമാണ്. എന്നാൽ, പുരോഗതിയും പിന്തിരിപ്പത്തവും തമ്മിലുള്ള രൂക്ഷവും ഊർജ്ജസ്വലവുമായ സമരത്തിന്റെ ഗതിയിലാണ് ഈ പരസ്പര ബന്ധം രൂപമെടുത്തുകൊണ്ടിരിക്കുന്നത്. അതിനാൽ, ദേശീയവിമോചനത്തിന്റെയും സാമൂഹ്യവിമോചനത്തിന്റെയും ശക്തികളുമായി സി. പി. എസ്. യു. വിന്നുള്ള അചഞ്ചലമായ സഹഭാവത്തെ കോൺഗ്രസ്സ് ആവർത്തിച്ചു സ്ഥിരീകരിക്കുന്നു. സോഷ്യലിസ്റ്റ് ചായ്‌വുള്ള രാജ്യങ്ങളുമായും, വിപ്ലവജനാധിപത്യപാർട്ടികളുമായും, ചേരിചേരാ പ്രസ്ഥാനവുമായും ഉററ പരസ്പര പ്രവർത്തനത്തിനുള്ള, യുദ്ധത്തിന്നെതിരെ, സാർവ്വദേശീയഭദ്രതയ്ക്കുവേണ്ടി പ്രവർത്തിക്കുന്ന എല്ലാവരുമായി ബന്ധങ്ങൾ വിപുലപ്പെടുത്തുന്നതിനുള്ള, അതിന്റെ കർമ്മസരണിയെയും കോൺഗ്രസ്സ് ആവർത്തിച്ച് സ്ഥിരീകരിക്കുന്നു.

9. കേന്ദ്രകമ്മിററിയുടെ രാഷ്ട്രീയ റിപ്പോർട്ടിൽ മുൻവെച്ച സർവ്വാശ്ലേഷിയായ ഒരു സാർവ്വദേശീയ സുരക്ഷിതത്വവിധാനം സൃഷ്ടിക്കുന്നതിനുള്ള മൗലികപ്രമാണങ്ങളുടെ പ്രത്യേകപ്രാധാന്യത്തെ കോൺഗ്രസ്സ് ചൂണ്ടിക്കാട്ടുന്നു. അവയെ മുൻനിർത്തി സമാധാനപരമായ സഹവർത്തിത്വത്തെ രാജ്യങ്ങൾ തമ്മിൽത്തമ്മിലുള്ള ബന്ധങ്ങളുടെ പരമോന്നത സാർവ്വത്രികപ്രമാണമാക്കിത്തീർക്കുക സാധിക്കും. യുദ്ധത്തിന്നെതിരായ സമരത്തിൽ വിജയം കൈവരിക്കുന്നതിന്നു വേണ്ടി — മനുഷ്യരാശിയുടെയാകെ, നമ്മുടെ ഗ്രഹത്തിലെ ഓരോ വ്യക്തിയുടെയും ഐതിഹാസികവിജയമായിരിക്കുമത് — കൂടു

തലുററ നിലയിലും ഫലപ്രദമായും സഹകരിക്കുവാൻ ലോകത്തിൽ സമാധാനത്തിൻെറ ഭാവിയെപ്പററി യഥാർത്ഥത്തിൽ ഉൽക്കണ്ഠയുള്ള എല്ലാ ഗവർമ്മെണ്ടുകളെയും പാർട്ടികളെയും ബഹുജനസംഘടനകളെയും പ്രസ്ഥാനങ്ങളെയും സി. പി. എസ്. യു. വിന്നുവേണ്ടി കോൺഗ്രസ്സ് ആഹ്വാനം ചെയ്യുന്നു.

V

1. സമുദായത്തിൻെറ ഗുണപരമായ പരിവർത്തനത്തിൻേറതായ ഈ ഘട്ടത്തിൽ, പാർട്ടിക്കും അതിൻെറ എല്ലാ സംഘടനകൾക്കും പുതിയ യത്നങ്ങളും തങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്നതിൽ, തത്വാധിഷ്ഠിതമായ ഒരു നിലപാടും കാര്യമാത്രപ്രസക്തമായ ഒരു സമീപനവും അർപ്പണബോധവും ആവശ്യമാണ്. സി. പി. എസ്. യു. പരിപാടിയുടെ പുതിയ പതിപ്പിൻെറ വ്യവസ്ഥകളുടെയും പാർട്ടിനിയമങ്ങളുടെയും സുസ്ഥിരമായ പ്രാവർത്തികരണംകൊണ്ട് പാർട്ടിയുടെ നേതൃപങ്കിൻെറയും സോഷ്യലിസ്റ്റ് സമുദായത്തിൻെറ എല്ലാ ഘടകങ്ങളുടെയും മേൽ അതിന്നുള്ള സ്വാധീനത്തിൻെറയും അധികതരവർദ്ധനവിനെ പ്രോൽസാഹിപ്പിക്കുന്നതാണ്. ലെനിൻ ആവിഷ്കരിക്കുകയും പരീക്ഷിച്ചറിയുകയും ചെയ്ത, പാർട്ടി കെട്ടിപ്പടുക്കുന്നതിൻെറ ബോൾഷെവിക്ക് പ്രമാണങ്ങളേയും പാർട്ടി പ്രവർത്തനത്തിൻെറ ശൈലിയേയും സമ്പ്രദായങ്ങളേയും കമ്യൂണിസ്റ്റുകളുടെ പെരുമാററത്തിൻെറ പ്രത്യയശാസ്ത്രപരവും ധാർമ്മികവുമായ ചട്ടങ്ങളേയും ഇവ രണ്ടും മൂർത്തീകരിക്കുകയും വിപുലീകരിക്കുകയും ചെയ്യുന്നു. ഉൾപ്പാർട്ടിജീവിതം എത്രത്തോളം വൈവിദ്ധ്യപൂർണ്ണവും അർത്ഥപൂർണ്ണവുമായിത്തീരുന്നുവോ, ജനാധിപത്യകേന്ദ്രീകരണമെന്ന ലെനിനിസ്റ്റ് പ്രമാണത്തോടുള്ള വിധേയത്വം എത്രത്തോളം കണിശമായിത്തീരുന്നുവോ സാമൂഹ്യപ്രതിഭാസങ്ങളിൽ പാർട്ടിക്കുള്ള സ്വാധീനം അത്രത്തോളം ദൃഢതരവും കൂടുതൽ ഫലപ്രദവുമായിത്തീരുന്നതാണ് എന്ന ധാരണയോടെയായിരിക്കണം പാർട്ടിഘടകങ്ങൾ അവയുടെ പ്രായോഗികപ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകേണ്ടത്.

2. കൈകാര്യം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന കടമകളുടെ വ്യാപ്തിയും നൂതനത്വവും സങ്കീർണ്ണതയും പാർട്ടിയുടെ എല്ലാ രാഷ്ട്രീയ-പ്രത്യയശാസ്ത്ര-സംഘടനാ പ്രവർത്തനത്തിലും ഉന്നതമായ നിബന്ധനകൾ മുൻവെയ്ക്കുന്ന ഇന്നു പാർട്ടി പ്രവർത്തനത്തിൻെറ അടിസ്ഥാനപരമായ ഒരു പുനഃക്രമീകരണം ഉറപ്പേകുകയും, ഓരോ പാർട്ടി ഘടകത്തിലും സൃഷ്ടിപരതയുടെതും തത്വാധിഷ്ഠിതമായ കണിശതയുടെതും സ്വയംവിമർശനത്തിൻെറതുമായ ഒരന്തരീക്ഷം സ്ഥാപിക്കുകയും സാമൂഹ്യ-സാമ്പത്തിക-ശാസ്ത്രീയ-സാങ്കേതിക-പ്രത്യയശാസ്ത്ര-വിദ്യാഭ്യാസപ്രശ്നങ്ങൾക്ക് പുതിയതും ഫലപ്രദവുമായ പരിഹാരങ്ങൾ തേടുകയും ചെയ്യേണ്ടത് പരമപ്രധാനമാണ്.

സി. പി. എസ്. യു. കേന്ദ്രകമ്മിററിയുടെ 1985 ഏപ്രിലിൽ ചേർന്ന പ്ലീനറി യോഗം മുൻവെച്ച കടമകൾ പൂർത്തീകരിക്കുന്നതിന്നുള്ള സമീപനത്തിലെ പുതുമയുടെയും മുൻകയ്യിൻെറയും സ്പിരിററിനെ വിധായകമായി വിലയിരുത്തവെ, പുനഃക്രമീകരണത്തിന്നുള്ള ആവശ്യത്തെ എപ്പോഴും എല്ലായിടത്തും എല്ലാവരും മനസ്സിലാക്കുന്നില്ലെന്ന് കോൺഗ്രസ്സ് ചൂണ്ടിക്കാട്ടുന്നു. പല സംഘട

നകളും ജാഡ്യത്തെയും ഔപചാരികത്വത്തെയും ആവർത്തിതവിരസങ്ങളായ പ്രവർത്തനങ്ങളെയും സാവധാനത്തിൽ മറികടന്നുകൊണ്ടിരിക്കുകയാണ്. സ്വാഭിപ്രായഭ്രാന്തിന്റെയും യാഥാസ്ഥികത്വത്തിന്റെയും ഏതു ലാഞ്ഛനയേയും സമൂലം പിഴുതെറിയുന്നതിലും കാര്യങ്ങളുടെ യഥാർത്ഥ സ്ഥിതിയെ മോടിപിടിപ്പിക്കുവാനുള്ള യത്നത്തെയും അതിസംഘാടനത്തിലേക്കുള്ള കടുത്ത ചായ്വിനെയും പ്രയോജനരഹിതമായ സമ്മേളനങ്ങളോടുള്ള പ്രിയത്തെയും കടലാസുപണിയെയും തരണം ചെയ്യുന്നതിൽ യൂണിയൻ റിപ്പബ്ലിക്കുകളിലെ കമ്യൂണിസ്റ്റ് പാർട്ടി കേന്ദ്രകമ്മിററികളും ടെറിട്ടോറിയൽ, റീജ്യണൽ, ഏറിയ, ടൗൺ, ഡിസ്ട്രിക്ട് പാർട്ടി കമ്മിററികളും കൂടുതൽ ദൃഢചിത്തരാകണം. കാര്യങ്ങൾ ഉള്ളതുപോലെ പറയുകയും അസന്ദിഗ്ദ്ധമായ വിലയിരുത്തലുകൾ നടത്തുകയും ഉന്നത പാർട്ടി ഘടകങ്ങൾക്കും പാർട്ടി അണികൾക്കും വസ്തുനിഷ്ഠമായ വിവരം നൽകുകയും എല്ലാത്തിലും എല്ലായ്പോഴും കൃത്യതയും സത്യസന്ധതയും പ്രദർശിപ്പിക്കുകയും ചെയ്ക — പാർട്ടി പ്രവർത്തനത്തിന്റെ അചഞ്ചലമായ ഒരു നിയമമായിരിക്കണമത്.

എല്ലായിടത്തും കാര്യമാത്രപ്രസക്തമായ, ക്രിയാത്മകമായ, ഒരു ശൈലി ഊട്ടിയുറപ്പിക്കുന്നതിൽ പ്രാഥമിക പാർട്ടി ഘടകങ്ങൾക്ക് ഉത്തരവാദിത്വപൂർണ്ണമായ ഒരു പങ്ക് വഹിക്കാനുണ്ട്. പാർട്ടി കമ്മിററികൾ ഈ ഘടകങ്ങളെ നിരന്തരം ആശ്രയിക്കണം. പ്രവൃത്തിയിലെ സ്വതന്ത്രതയെ പ്രോൽസാഹിപ്പിക്കുകയും പരസ്യസ്വഭാവം, പദ്ധതികളുടെയും തീരുമാനങ്ങളുടെയും പ്രസിദ്ധീകരണം, മനുഷ്യസ്നേഹപരത, കമ്യൂണിസ്റ്റുകളുടെ പരസ്പരകണിശത, പൊതുലക്ഷ്യത്തിൽ അവർക്കുള്ള അക്ഷീണവ്യഗ്രത എന്നിവയാൽ സവിശേഷമായ സമ്പൂർണ്ണമായ ഒരു ചൈതന്യം ഓരോ പാർട്ടിഘടകത്തിനും ഉറപ്പേകുന്നതിന്ന് കിണഞ്ഞുശ്രമിക്കുകയും വേണം. ഭരണവിധാനത്തിന്റെയും സമ്പദ്വിധാനത്തിന്റെ ശാഖകളുടെയാകെയും പ്രവർത്തനത്തിൽ മന്ത്രാലയങ്ങളുടേയും വകുപ്പുകളുടേയും പാർട്ടിഘടകങ്ങൾക്കുള്ള സ്വാധീനം ഗണ്യമായി വർദ്ധിപ്പിക്കണം.

3. ഉൾപ്പാർട്ടി ജനാധിപത്യവും കൂട്ടുനേതൃത്വപ്രമാണവും കണിശമായി പാലിക്കാതെ ഓരോ പാർട്ടിഘടകത്തിന്റെയും ആരോഗ്യകരമായ ഒരു സാധാരണ ജീവിതം അചിന്ത്യമാണെന്ന വിശ്വാസത്തെ അടിസ്ഥാനമാക്കി മുന്നോട്ടുപോകുന്ന കോൺഗ്രസ് സുചിന്തിതവും സുസ്ഥാപിതവുമായ തീരുമാനങ്ങൾ ആവിഷ്കരിക്കുന്നതിലും, നേതൃകാഡറുകളുടെ കാര്യനിർവ്വഹണത്തിലും പ്രവർത്തനത്തിലും മേൽനോട്ടം ചെലുത്തുന്നതിലും പാർട്ടി കമ്മിററികളുടെ പ്ലീനറിസമ്മേളനങ്ങൾ ബ്യൂറോയോഗങ്ങൾ പാർട്ടിയോഗങ്ങൾ എന്നിവപോലുള്ള ഘടകങ്ങൾക്ക് വലിയ പങ്ക് നൽകേണ്ടത് അത്യന്താപേക്ഷിതമാണെന്ന് കരുതുന്നു.

നമ്മുടെ ജീവിതത്തിൽ ആരോഗ്യകരമായ പ്രമാണങ്ങൾ ഊട്ടിയുറപ്പിക്കുവാനും കാഡറുകൾക്ക് പുതിയൊരു രീതിയിൽ പ്രവർത്തിക്കുന്നതിന്നുള്ള ആഗ്രഹവും കഴിവും ഉണ്ടാക്കുവാനും പാർട്ടിഘടകങ്ങൾ വിമർശനത്തെയും സ്വയംവിമർശനത്തെയും പ്രോൽസിപ്പിക്കുവാൻ കഴിവിന്റെ പരമാവധി യത്നിക്കുകയും പൊങ്ങച്ചത്തെ നിർമ്മൂലനം ചെയ്യുന്നതിന്നുള്ള യത്നങ്ങൾ വർദ്ധിപ്പിക്കുകയും, പുനഃക്രമീകരണത്തെ വാചാ

അനുകൂലിക്കുമെങ്കിലും കാലഹരണപ്പെട്ട രീതിയിൽ ചിന്തിക്കുന്നവരും പ്രവർത്തിക്കുന്നവരും തങ്ങൾക്കുനേരെയുള്ള വിമർശനങ്ങൾ പൊറുക്കാത്തവരുമായ പ്രവർത്തകരെ തിരുത്തുകയും ചെയ്യേണ്ടത് ആവശ്യമാണ്. വിമർശനത്തെ കടിഞ്ഞാണിടുകയും വിമർശനത്തിന്റെപേരിൽ ജനങ്ങളെ പീഡിപ്പിക്കുകയും ചെയ്യുന്നതിന്നുള്ള ഏതുശ്രമത്തെയും അവസാനിപ്പിക്കുന്നതിന്ന് നിശ്ചയദാർഢ്യത്തോടുകൂടിയ നടപടികൾ കൈക്കൊള്ളപ്പെടണം. വിമർശനവും സ്വയംവിമർശനവും എവിടെ കെട്ടടങ്ങുന്നുവോ, അവിടെ പാർട്ടി പ്രവർത്തനം വികലമായിത്തീരുന്നു, ജോലിയിലെ സ്തംഭനത്തിന്നും പ്രവർത്തകരുടെ അധഃപതനത്തിന്നും ഇടയാക്കുന്ന അലംഭാവത്തിന്റെയും ശിക്ഷാരീതിയില്ലായ്മയുടേയും ഒരു സ്ഥിതിവിശേഷം തലപൊക്കുകയും ചെയ്യുന്നു. വിമർശനത്തിന്റെ പരിധിക്ക് പുറത്താകുന്ന, വിമർശനത്തിന്ന് വിധേയമല്ലാത്ത, ഒരു സംഘടനയും പാർട്ടിയിൽ ഉണ്ടാകരുത്. തന്റെ നടപടികളും ചെയ്തികളും സംബന്ധിച്ച ഉത്തരവാദിത്വത്തിൽനിന്ന്, സർവ്വോപരിയായി പ്രാഥമിക പാർട്ടി ഘടകങ്ങളോടുള്ള ഉത്തരവാദിത്വത്തിൽനിന്ന്, ഒരൊറ്റ നേതാവിനെയും ഒഴിവാക്കി നിർത്തരുത്.

4. മുൻവെയ്ക്കപ്പെട്ട കടമകളുടെ വിജയകരമായ പൂർത്തീകരണത്തിന്റെ, നമ്മുടെ പരിപാടിലക്ഷ്യങ്ങളുടെ സാക്ഷാത്ക്കരണത്തിന്റെ, മുന്നുറപ്പ് പാർട്ടിയുടെ അഭംഗുരമായ വികസനത്തിലും, അതിന്റെ അണികളുടെ അഭേദ്യമായ ഐക്യത്തിലും, പാർട്ടി അംഗത്തിന്റെ ശുദ്ധിയും ആർജ്ജവവും നിലനിർത്തുന്നതിന്നുള്ള അക്ഷീണയത്നങ്ങളിലുമാണ് കുടികൊള്ളുന്നത്. കഴിഞ്ഞ ഏതാനും വർഷങ്ങളിൽ സി. പി. എസ്. യു. വിന്റെ ക്രിയാത്മകശേഷി വർദ്ധിക്കുകയും തൊഴിലാളിവർഗ്ഗത്തിലും സമുദായത്തിന്റെ എല്ലാ പാളികളിലും അതിന്റെ വേരുകൾ ശക്തിപ്പെടുകയും ചെയ്തിട്ടുണ്ട്. കമ്യൂണിസ്റ്റ് ലക്ഷ്യത്തെ നിസ്വാർത്ഥമായി സേവിക്കാൻ തയ്യാറുള്ള പുതിയ ശക്തികളെക്കൊണ്ട് പാർട്ടി അണികൾ പരിപോഷിപ്പിക്കപ്പെട്ടിരിക്കുന്നു. ഭാഗ്യാന്വേഷണ പരിഗണനകളോടെ, ജീവിതത്തിൽ ചില നേട്ടങ്ങളും നിയമത്തിന്റെ മുമ്പാകെ ആനുകൂല്യങ്ങളും ലഭിക്കുമെന്ന് കരുതിവരുന്നവർക്ക് അംഗത്വം നൽകുന്നതിലൂടെ പാർട്ടി അംഗത്വം നൽകുന്നതിലെ കണിശതയിൽ അയവുവരുത്തുന്ന സംഭവങ്ങളാണ് ഏറെ അക്ഷന്തവ്യം. ഈ കാര്യം പരിഹരിക്കേണ്ടിയിരിക്കുന്നു.

ഒരു പാർട്ടിയംഗത്തിന്ന് യാതൊരു പ്രത്യേകാവകാശങ്ങളുമില്ല. കൂടുതൽ ചുമതലകൾ മാത്രമേയുള്ളു. പാർട്ടിയംഗത്വത്തിന്ന് ആളുകളെ തിരഞ്ഞെടുക്കുന്നതിലും ബഹുജനങ്ങളുടെ രാഷ്ട്രീയ യോദ്ധാക്കളും സംഘാടകരുമായി, പാർട്ടിയുടെ സാമാന്യകർമ്മസരണിയുടെയും മാർഗ്ഗനിർദ്ദേശങ്ങളുടെയും സജീവപ്രചാരകരായി, കമ്യൂണിസ്റ്റുകളെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിലും ഓരോ പാർട്ടിഘടകത്തിന്റെയും പ്രവർത്തനത്തിന്റെ ആരംഭബിന്ദു ഈ ലെനിനിസ്റ്റ് പ്രമാണമായിരിക്കണം. വിട്ടുവീഴ്ചയില്ലാത്ത പരസ്പരകണിശതയും സുചിന്തിതമായ പ്രത്യയശാസ്ത്ര-വിദ്യാഭ്യാസ പ്രവർത്തനവും ഉൾപ്പാർട്ടിജനാധിപത്യത്തിന്റെ മുഴുവൻ സംഘാടനവും വ്യക്തിപരമായ ഒരു മാതൃക പ്രദർശിപ്പിക്കുന്നതിന്ന് പാർട്ടി അംഗങ്ങൾക്ക് സാദ്ധ്യമാകുന്ന ഒരന്തരീക്ഷം സൃഷ്ടിക്കണം. മൂർത്തമായ കൃത്യങ്ങളിൽ, പ്രയോഗികപ്രവർത്തനത്തിൽ, സമുദായത്തോടുള്ള കർത്തവ്യം നിർവ്വിഘ്നം നിറവേറ്റുന്നതിൽ, ആണ് കമ്മ്യൂണിസ്റ്റുകളുടെ മുന്നണിപ്പടപ്പങ്ക് പ്രകടമായിട്ടുള്ളത് പൊതുവിൽ അത്തരമൊരു പങ്ക് ഇല്ല എന്നതായിരിക്കണം ഇതിൽ മാർഗ്ഗദർശകമായിരിക്കേണ്ടത്.

മഹത്തായ ബോൾഷെവിക്ക് പാരമ്പര്യങ്ങളുടേയും യഥാർത്ഥ സഖിത്വത്തിന്റെയും സ്പിരിട്ടിൽ കമ്യൂണിസ്റ്റുകളെ വിദ്യാഭ്യാസം ചെയ്യിക്കുക, മുഖസ്തുതിയും ദാസ്യഭാവവും പാദസേവയും പാർട്ടിയിൽനിന്നും നമ്മുടെ സമുദായത്തിലാകെനിന്നും

നിർമ്മൂലനം ചെയ്യുകയെന്നത് പാർട്ടിഘടകങ്ങളുടെ ഒരു സുപ്രധാന കടമയാണ്. പ്രമാണങ്ങളോടുള്ള പ്രതിബദ്ധത, വിനയം, സ്വയംവിമർശനപരമായ സമീപനം എന്നിവ കമ്യൂണിസ്റ്റിന്റെ മറ്റൊരു ഗുണമായിരിക്കണം. പരിപാടിയുടെയും നിയമങ്ങളുടേയും വ്യവസ്ഥകളോടുള്ള പ്രതിബദ്ധതയുടെയും പാർട്ടിജീവിതത്തിന്റെ മാനകങ്ങളുടെ കണിശമായ പാലനത്തിന്റെയും കാര്യത്തിൽ കമ്മ്യൂണിസ്റ്റുകളിൽനിന്നും പാർട്ടിഘടകങ്ങളിൽനിന്നും കൂടുതൽ കണിശമായ നിബന്ധനകൾ ആവശ്യപ്പെടണം. സി. പി. എസ്. യു. അംഗം എന്ന് വിളിക്കാൻ യോഗ്യരല്ലാത്ത എല്ലാവരെയും പാർട്ടി അണികളിൽനിന്ന് പുറത്താക്കണം.

5. ഊർജ്ജസ്വലരും സുശിക്ഷിതരുമായ കാഡറുകളെ നിയമിച്ചുകൊണ്ടും തന്നത്താൻ വിട്ടുവീഴ്ച ചെയ്തവരോ അല്ലെങ്കിൽ കാലഘട്ടത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിൽ പിന്നിലായിപ്പോയവരോ ആയ കാഡറുകളെ മാററിക്കൊണ്ടും പല പാർട്ടി ഗവൺമെൻറ് — സാമ്പത്തിക മേഖലകളെയും ശക്തിപ്പെടുത്തുന്നതിന്ന് കേന്ദ്രകമ്മിററി കൈക്കൊണ്ട നടപടികളേയും ഒട്ടേറെ സംഘടനകളിൽ ഉണ്ടായിട്ടുള്ള പാർട്ടി പ്രമാണലംഘനം നിശ്ചയദാർഢ്യത്തോടെ മറികടക്കുക ലാക്കാക്കിയുള്ള നടപടികളേയും കോൺഗ്രസ്സ് ഏകകണ്ഠമായി അംഗീകരിക്കുന്നു.

പാർട്ടിയുടെ ഇപ്പോഴത്തെ ആവശ്യങ്ങൾക്കും കടമകൾക്കും അനുസൃതമായ, തത്വാധിഷ്ഠിതമായ കാഡർനയം സുസ്ഥിരം, അക്ഷീണം, തുടരാൻ സി. പി. എസ്. യു. കേന്ദ്രകമ്മിററിയും പ്രാദേശികപാർട്ടി സമിതികളും എല്ലാ പാർട്ടിഘടകങ്ങളും ബാദ്ധ്യസ്ഥങ്ങളാണ്. കാഡറുകളെ തിരഞ്ഞെടുക്കുകയും നിയോഗിക്കുകയും വിദ്യാഭ്യാസം ചെയ്യിക്കുന്നതിൽ ലെനിന്റെ പ്രമാണങ്ങളിൽനിന്ന് യാതൊരു വ്യതിചലനവും ഉണ്ടാവരുത്. നിരുത്തരവാദിത്വവും താന്തോന്നിത്തവും ശീലമാക്കിയിട്ടുള്ളവർക്കെതിരെയും ഒട്ടേറ സംഘടനകളിൽ ആഴത്തിൽ വേരോടിയിട്ടുള്ള, പാർട്ടി-ഭരണ അച്ചടക്കലംഘനം, ധാർമ്മിക, സദാചാരലംഘനം എന്നിവയ്ക്കെതിരെയും കൂടുതൽ ഊർജ്ജസ്വലമായ സമരം ഉണ്ടാകണം. കാഡറുകളുടെ കാര്യത്തിൽ ചില പാർട്ടി ഘടകങ്ങൾ വരുത്തിയ അബദ്ധങ്ങളിൽനിന്നും പാഠങ്ങൾ ഉൾക്കൊള്ളണം. പാർട്ടി, അതിന്ന് അന്യമായ സംരക്ഷണവാദത്തോട്, കാഡറുകളുടെ വ്യക്തിപരമായ കൂറ് കാരണം അല്ലെങ്കിൽ അവരും തങ്ങളും ഒരേ നഗരത്തിൽനിന്നോ പ്രദേശത്തുനിന്നോ ഉള്ളവരാണ് എന്നതിനാൽ അവർക്ക് സ്ഥാനക്കയററം നൽകുന്നതിനോട്, പൊരുത്തപ്പെടുകയില്ല.

പ്രത്യയശാസ്ത്രപരവും ധാർമ്മികവുമായ ഗുണങ്ങളും, പ്രവൃത്തി നിർവ്വഹണവും, പാർട്ടിയുടെ രാഷ്ട്രീയകർമ്മസരണി ഫലപ്രദമായി നടപ്പാക്കുന്നതിന്നുള്ള ഒരു കഴിവും ആയിരിക്കണം കാഡർനിയമനത്തിന്റെ നിർണ്ണായക മാനദണ്ഡങ്ങൾ. പ്രത്യയശാസ്ത്രസ്ഥൈര്യവും ഉന്നതനിലവാരത്തിലുള്ള രാഷ്ട്രീയ ചിന്തയും പ്രാപ്തിയും കൂട്ടായ പ്രവർത്തനം സംഘടിപ്പിക്കുന്നതിന്നും സ്വന്തം ദൃഷ്ടാന്തത്തിലൂടെ ജനങ്ങളെ സംഘടിപ്പിക്കുന്നതിന്നുമുള്ള കഴിവും, പ്രമാണങ്ങളോടുള്ള പ്രതിജ്ഞാബദ്ധതയും ദൃഢമായ ധാർമ്മികവിശ്വാസങ്ങളും ജനങ്ങളുമായി സമ്പർക്കം പുലർത്തുന്നതിന്നുള്ളം മററുള്ളവരുടെ താൽപര്യങ്ങളും ആവശ്യങ്ങളും പങ്കുവെയ്ക്കുന്നതിന്നുള്ള നിരന്തരമായ വാഞ്ഛയും ഉന്നത പദവിയിലുള്ള ഓരോ ഭരണനിർവ്വാഹകന്റെയും സവിശേഷതയായിരിക്കണം, പാർട്ടിഘടകങ്ങളുടെ നേതൃത്വം വഹിക്കാൻ നിയോഗിക്കപ്പെട്ട കമ്മ്യൂണിസ്റ്റുകൾക്ക് പ്രത്യേക നിബന്ധനകൾ വെയ്ക്കണം.

പരിചയസമ്പന്നരായ ആളുകളെയും ചെറുപ്പക്കാരെയും നേതൃത്വത്തിൽ സംയോജിപ്പിക്കുകയെന്ന, കാഡർമാരുടെ പ്രവർത്തനത്തിന്റെ സംഘാടനം മെച്ചപ്പെടുത്തുകയെന്ന നയം, സ്ഥാനക്കയററം നൽകുന്നതിന്നുവേണ്ടി വിശ്വാസനീയമായ ഒരു കരുതൽ നിരയെ പരിശീലിപ്പിക്കൽ, പാർട്ടി-രാഷ്ട്രീയ വിദ്യാഭ്യാസവ്യ

വസ്ഥ എന്നിവ പാർട്ടി തുടർന്നും പിൻപററുന്നതാണ്. കാഡർമാരെ സംബന്ധിച്ച പ്രശ്നം പരിഹരിക്കുന്നതിന്ന് വിപുലതരമായ പ്രസിദ്ധീകരണം നൽകുന്നതാണ്. ജോലിയിലെ സ്തംഭനം തടയുന്നതിന്ന്, വിപുലമായ അനുഭവമുള്ളവരും പുതിയതും പുരോഗമനപരവുമായ സകലതിനേയും കൈക്കൊള്ളാൻ തയ്യാറുള്ളവരുമായ കാഡർമാരെ വാർത്തെടുക്കുന്നതിന്ന്, ദീർഘകാലമായി ഒരിടത്തുതന്നെ നിൽക്കുന്ന പ്രവർത്തകരെ മററു ഘടകങ്ങളിലേക്കും റീജ്യണുകളിലേക്കും മാററുന്നതും കേന്ദ്രത്തിനും പ്രാദേശിക മേഖലകൾക്കുമിടയിൽ കാഡർമാരെ മാററുന്നതും നന്നായിരിക്കും. കൂടുതൽ വനിതകളെ കൂടുതൽ ഊർജ്ജസ്വലമായി നേതൃപദവികളിലേക്ക് ഉയർത്തണം.

6. നമ്മുടെ മുന്നേററത്തെ ത്വരിപ്പിക്കുന്നതിന്ന് കാര്യക്ഷമത പ്രത്യേകിച്ചും ആവശ്യമാണ്. പല പ്രവർത്തകരിലും ഇപ്പോഴും ഈ ഗുണമില്ല. യഥാർത്ഥ പ്രവർത്തനത്തെ ഫലശൂന്യമായ ചർച്ചകൾകൊണ്ടും അടിസ്ഥാനരഹിതങ്ങളായ ഉറപ്പുകളും വാഗ്ദാനങ്ങളുംകൊണ്ടും പകരം വെയ്ക്കാനാണ് അവർക്ക് താൽപര്യം. കൂടുതലുയർന്ന ഒരു കാര്യക്ഷമതാനിലവാരം പ്രാപിക്കുന്നതിന്ന് പാർട്ടിഘടകങ്ങൾ കാഡർമാരെ സഹായിക്കണം. പറയുന്നതും ചെയ്യുന്നതും തമ്മിലുള്ള ഏതു പൊരുത്തക്കേടും പ്രധാനപ്പെട്ട കാര്യത്തെ, പാർട്ടിയുടെ നയത്തിന്റെ അന്തസ്സിനെ, ബാധിക്കുമെന്ന് നാം എപ്പോഴും ഓർക്കണം. ഇതിനെ യാതൊരുവിധത്തിലും പൊറുപ്പിച്ചുകൂട. സാമ്പത്തിക യന്ത്രവിധാനത്തിന്റെ സമൂലമായ പുനഃസംഘാടനത്തിന്ന് ഇന്ന് വലിയൊരു പ്രതിബന്ധമായ, പ്രയോജനപ്രദമായ എല്ലാ പ്രവർത്തനത്തിന്നും ഒരു തടസ്സമായ, ചുവപ്പുനാടയ്ക്കെതിരെ നിർണ്ണായകമായ ഒരു പോരാട്ടം ഉണ്ടായേതീരൂ.

പാർട്ടി കമ്മിററികൾ നമ്മുടെ വികസനത്തിന്റെ മുഖ്യ പ്രശ്നങ്ങളിൽ ശ്രദ്ധയും യത്നങ്ങളും കേന്ദ്രീകരിക്കണം, ജീവിതത്തിന്റെ എല്ലാ തുറകളിലും പുതിയ, പുരോഗമനപരങ്ങളായ സമ്പ്രദായങ്ങൾ ഏർപ്പെടുത്തുകയും സംഘടനയെ ഉയർന്നൊരു നിലവാരത്തിൽ എത്തിക്കുകയും വേണം. ഇങ്ങിനെ ചെയ്യുമ്പോൾ അവ പാർട്ടിയുടെയും മററു സമിതികളുടെയും ചുമതലകളെ കൂട്ടിക്കുഴക്കുകയോ, അല്ലെങ്കിൽ ഭരണനിർവ്വഹണ-സാമ്പത്തിക സംഘടനകൾക്ക് പകരം നിൽക്കുകയോ അതുമല്ലെങ്കിൽ അവയുടെമേൽ ക്ഷുദ്രമായ രക്ഷാകർത്തൃത്വമേർപ്പെടുത്തുകയോ ചെയ്യരുത്. തങ്ങളെ ഏൽപിച്ചിട്ടുള്ള മേഖലകളിൽ ഓരോരുത്തരും നല്ലപോലെ ജോലിചെയ്യുന്ന, തൊഴിൽപരമായ വൈദഗ്ദ്ധ്യത്തോടെ ഊർജ്ജസ്വലമായി പ്രവർത്തിക്കുന്ന, ഉത്തരവാദിത്വത്തെ ഭയപ്പെടാത്തരീതിയിൽ കാര്യങ്ങൾ സംഘടിപ്പിക്കണമെന്നത് പ്രധാനപ്പെട്ടതാണ്.

കൈക്കൊള്ളപ്പെട്ട തീരുമാനങ്ങളുടെയും പദ്ധതികളുടെയും പ്രായോഗിക നിർവ്വഹണത്തിൽ മേൽനോട്ടം കർശനമാക്കേണ്ടതിന്റെ ആവശ്യത്തിലേക്ക് കോൺഗ്രസ്സ് ശ്രദ്ധ ക്ഷണിക്കുന്നു. നാം മുന്നോട്ടുപോകുന്തോറും മേൽനോട്ടം നമ്മുടെ പ്രവർത്തനത്തിൽ വർദ്ധിതമായി ഒരു വലിയ പങ്ക്വഹിക്കണം. പാർട്ടി നേതൃത്വത്തിന്റെ ശൈലിയും സമ്പ്രദായങ്ങളും തികവുററതാക്കേണ്ടതിന്റെ മാർഗ്ഗങ്ങൾ ഇപ്രകാരമാണ്: കാര്യങ്ങളുടെ സ്ഥിതിയെപ്പററി വസ്തുനിഷ്ഠമായ ഒരു വിശകലനം നടത്തുക, സ്ഥിതിയെപ്പററിയും പ്രവർത്തകരുടെ പ്രവർത്തനത്തെപ്പററിയും യാഥാർത്ഥ്യോചിതമായി വിലയിരുത്തുക, എല്ലാ കാര്യങ്ങളിലും സമഗ്രമായ നടപടികൾ കൈക്കൊള്ളുക. എല്ലാ സംഘാടന പ്രവർത്തനത്തേയും രാഷ്ട്രീയ കടമകൾക്ക് നിരക്കുന്ന ഒരു നിലവാരത്തിലേക്കുയർത്തുക.

7. മാർക്സിസ്റ്റ്-ലെനിനിസ്റ്റ് പ്രത്യയശാസ്ത്രത്തിന്റെ വമ്പിച്ച പരിവർത്തനശേഷിയെ രാജ്യത്തിന്റെ സാമൂഹ്യ-സാമ്പത്തിക വികസനം ത്വരിപ്പിക്കുന്നതിലേക്ക്, മനുഷ്യഘടകത്തിന്റെ പങ്ക് വർദ്ധിപ്പിക്കുന്നതിലേക്ക്, സ്വയം കാലഹരണപ്പെട്ട

പതിവുസമീപനങ്ങളെ മറികടക്കുന്നതിലേക്ക്, തിരിച്ചുവിടുകയെന്ന സി. പി. എസ്. യു. കേന്ദ്രകമ്മിററിയുടെ കർമ്മസരണിയെ കോൺഗ്രസ്സ് പിന്തുണയ്ക്കുന്നു. പാർട്ടിയുടെ ഇപ്പോഴത്തെ രാഷ്ട്രീയ കർമ്മസരണി പ്രത്യയശാസ്ത്ര പ്രവർത്തനത്തിന്റെ ഫലദായിതയെ ഗണ്യമായി ഉയർത്തുന്നതിന്ന് അത്യധികം അനുകൂലമായ സാദ്ധ്യതകൾ, ഇപ്പോഴും വളരെ കുറഞ്ഞതോതിൽ മാത്രം ഉപയോഗിക്കപ്പെടുന്നവയാണാ സാദ്ധ്യതകൾ, സൃഷ്ടിക്കുന്നു. പ്രത്യയശാസ്ത്ര മണ്ഡലത്തിൽ പ്രധാനപ്പെട്ട പോരായ്മകൾ ഇപ്പോഴുമുണ്ട്: ഊർജ്ജസ്വലമെങ്കിലും അൽപായുസ്സോടുകൂടിയ നീക്കങ്ങൾ, ജീവിത യാഥാർത്ഥ്യങ്ങളിൽനിന്ന് വേറിട്ട വിദ്യാഭ്യാസ പ്രവർത്തനം, പ്രത്യക്ഷപ്പെട്ടിരിക്കുന്ന രൂക്ഷമായ പ്രശ്നങ്ങളെ കുറച്ചുമതിക്കൽ, പണ്ഡിതംമന്യതയുടെയും അലസചിന്തയുടെയും അംശങ്ങൾ, ദൃഷ്ടാന്തങ്ങൾകൊണ്ടുള്ള വിദ്യാഭ്യാസവുമായോ അല്ലെങ്കിൽ, ബഹുജനങ്ങളുടെ സാമൂഹ്യ-രാഷ്ട്രീയ അനുഭവവുമായോ പലപ്പോഴും ബന്ധമില്ലാത്ത, വാക്കുകൾകൊണ്ടുള്ള വിദ്യാഭ്യാസം എന്നിവ.

ജനങ്ങളുടെ പ്രത്യയശാസ്ത്ര-രാഷ്ട്രീയ വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കം, രൂപങ്ങൾ, സമ്പ്രദായങ്ങൾ എന്നിവയെ ആഭ്യന്തര-വിദേശകാര്യങ്ങളിലെ യാഥാർത്ഥ്യങ്ങൾക്ക് അനുരൂപമാക്കണം, സംഘടനാപരവും സാമ്പത്തികവുമായ വ്യവഹാരങ്ങളുമായി ബന്ധിപ്പിക്കുകയും വേണം. സോഷ്യലിസ്റ്റ് സമുദായത്തിന്റെ പക്വത വർദ്ധിപ്പിക്കുകയും കമ്യൂണിസം കെട്ടിപ്പടുക്കുകയും ചെയ്കയെന്നാൽ ജനങ്ങളുടെ അവബോധം ക്രമപ്രവൃദ്ധമായി ഉയർത്തുകയെന്നും അവരുടെ ആന്തരികലോകത്തെ സമ്പുഷ്ടമാക്കുകയും അവരുടെ ക്രിയാത്മകശേഷിയെ പ്രവർത്തനക്ഷമമാക്കുകയെന്നുമാണർത്ഥം.

8. സാമൂഹ്യവികാസത്തെ ഭരിക്കുന്ന വസ്തുനിഷ്ഠനിയമങ്ങളെ നയത്തിൽ എത്രത്തോളം കൃത്യമായി പരിഗണിക്കുന്നുവോ, നിലവിലുള്ള നടത്തയെ വ്യാഖ്യാനിക്കുന്നതിൽ മാർക്സിസ്റ്റ്-ലെനിനിസ്റ്റ് സിദ്ധാന്തം എത്രത്തോളം സജീവമായ പങ്ക് വഹിക്കുന്നുവോ, സോഷ്യലിസത്തെ തികവുററതാക്കുന്നത് അത്രത്തോളം വിജയകരമായി മുന്നോട്ടുപോകും. സ്തംഭനാവസ്ഥയുടെയും വരട്ടുതത്വത്തിന്റെയും പ്രത്യയശാസ്ത്ര-സൈദ്ധാന്തികപ്രവർത്തനത്തിൽ ബദ്ധപ്പാടിന്റെയും ലാഞ്ഛനകളെ സുസ്ഥിരം മറികടക്കണം; പാർട്ടിയുടെ കൂട്ടായ ചിന്തനം വർദ്ധിപ്പിക്കണം; സിദ്ധാന്തത്തെപ്പററി ഒരു ധാരണയും സാമൂഹ്യപ്രക്രിയകളുടെ വിശകലനം സംബന്ധിച്ച ലെനിനിസ്റ്റ് രീതികൾ പ്രയോഗിക്കുന്നതിന്നുള്ള ഒരു കഴിവും ഉണ്ടാക്കുന്നതിന്ന് കാഡർമാരെ പരിശീലിപ്പിക്കണം.

നമ്മുടെ സമുദായത്തിന്റെ പുരോഗതിയെ ത്വരിപ്പിക്കുകയും സമുദായത്തെ ഗുണപരമായി പുതിയൊരു നിലവാരത്തിലേക്കുയർത്തുകയും ചെയ്യുന്നതിന്റെ അടിസ്ഥാനപ്രശ്നങ്ങൾ സാമൂഹ്യശാസ്ത്രങ്ങളിലെ അന്വേഷണങ്ങളിൽ കേന്ദ്രസ്ഥാനം വഹിക്കണം. സാമൂഹ്യശാസ്ത്രങ്ങൾ ജീവിതത്തിന്റെ ആവശ്യങ്ങളോട് വേഗത്തിൽ പ്രതികരിക്കണം; അവ പ്രായോഗികപ്രവർത്തനത്തിന്നു വേണ്ട സുസ്ഥാപിതവും ക്രിയാത്മകവുമായ ശുപാർശകൾ ആവിഷ്കരിക്കണം.

സമഗ്രമായ ഒരു മാർക്സിസ്റ്റ്-ലെനിനിസ്റ്റ് ലോകവീക്ഷണം രൂപപ്പെടുത്തുന്നതിൽ, സോവിയററ് ജനങ്ങളുടെ രാഷ്ട്രീയാവബോധവും അദ്ധ്വാനവ്യവഹാരവും സമുദായജീവിതത്തിലെ ഭാഗഭാഗിത്വവും ഉയർത്തുന്നതിൽ, പാർട്ടി കമ്മിററികളും സംഘടനകളും പ്രത്യയശാസ്ത്രസ്ഥാപനങ്ങളും പാർട്ടിപരിപാടിയുടെയും സി. പി. എസ്. യു. കേന്ദ്രകമ്മിററിയുടെ രാഷ്ട്രീയ റിപ്പോർട്ടിന്റെയും 27-ാം പാർട്ടി കോൺഗ്രസ്സിന്റെയും പ്രത്യയശാസ്ത്രസമ്പത്തിനെ പൂർണ്ണമായി ഉപയോഗിക്കണം. കമ്മ്യൂണിസ്റ്റുകളെയും അദ്ധ്വാനിക്കുന്ന എല്ലാ ജനങ്ങളെയും രാഷ്ട്രീയമായ പക്വതയോ

തെ ചിന്തിക്കുന്നതിന്നും പ്രവർത്തിക്കുന്നതിന്നുമുള്ള, ജോലിയും ഉൽപാദനവും സംഘടിപ്പിക്കുന്നതിന്റെ മെച്ചപ്പെട്ട രൂപങ്ങളുടെ വ്യാപനത്തെയും ദൃഢീകരണത്തെയും പ്രോൽസാഹിപ്പിക്കുന്നതിന്നുള്ള കഴിവുകൊണ്ടു് സജ്ജരാക്കുക ലാക്കാക്കി അവർ രാഷ്ട്രീയ - സാമ്പത്തികപഠനങ്ങളുടെ വിധാനത്തെ പുനഃസംഘടിപ്പിക്കണം.

9. പ്രത്യയശാസ്ത്രപ്രവർത്തനത്തിലെ മുഖ്യ ഊന്നൽ കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്ര പ്രതിബദ്ധതയുടെയും സോവിയറ്റ് മാതൃഭൂമിയോടുള്ള കൂറിന്റെയും സ്പിരിട്ടിൽ, തൊഴിലാളിവർഗ്ഗ, സോഷ്യലിസ്റ്റ് സാർവ്വദേശീയവാദത്തിന്റെ സ്പിരിട്ടിൽ തൊഴിലാളിവർഗ്ഗത്തിന്നുള്ള വിദ്യാഭ്യാസം തൊഴിലിനോടും പൊതുസ്വത്തിനോടും ആത്മാർത്ഥമായ ഒരു സമീപനം, സോഷ്യലിസത്തിന്നും നമ്മുടെ സംസ്കാരത്തിന്നും നമ്മുടെ സമഷ്ടിവാദപരമായ സദാചാരത്തിന്നും അന്യമായ സകലതിനോടും അസഹിഷ്ണുത എന്നിവയിലായിരിക്കണമെന്നു് കോൺഗ്രസ്സ് കരുതുന്നു.

ശ്രേഷ്ഠമായ പ്രവർത്തനത്തിന്നു് മുൻകയ്യോടെ പ്രവർത്തിക്കുകയും വിഭവങ്ങൾ സാദ്ധ്യമായത്ര കുറച്ചു ചിലവു ചെയ്തുകൊണ്ടു് ഉയർന്ന അദ്ധ്വാനോൽപാദനക്ഷമത കൈവരിക്കുകയും ചെയ്യുന്നതിന്നുള്ള നൈസർഗ്ഗികമായ ആവശ്യം ഓരോ സോവിയറ്റ് വ്യക്തിയിലും ഉയർത്തുക ലാക്കാക്കിയുള്ളതായിരിക്കണം തൊഴിലധിഷ്ഠിതവിദ്യാഭ്യാസം. സോവിയറ്റ് തൊഴിലാളിവർഗ്ഗത്തിന്റെ മഹത്തായ പാരമ്പര്യങ്ങളുടെ വികസനത്തിന്നും, ഉൽപാദനത്തിന്റെ നവീകർത്താക്കളുടെ, തങ്ങളുടെ തൊഴിലിൽ പ്രാവീണ്യമുള്ളവരുടെ, രാഷ്ട്രീയ-ധാർമ്മിക അന്തസ്സ് സകലവിധേനയും ഉയർത്തുന്നതിന്നും നിരന്തരശ്രദ്ധ പതിപ്പിക്കണം.

കമ്മ്യൂണിസത്തിന്റെ നിർമ്മാതാക്കളുടെ പ്രത്യയശാസ്ത്ര പ്രതിബദ്ധത ആർജ്ജവവുമായും ആത്മാർത്ഥതയുമായും അന്തസ്സുമായും അവിഭേദ്യമാംവിധം വിളക്കിച്ചേർത്തിരിക്കുന്നു. സോഷ്യലിസത്തിന്റെ ധാർമ്മികസ്തംഭങ്ങളെ ദൃഢീകരിക്കുകയും പെറ്റിബൂർഷ്വാ മനഃശാസ്ത്രത്തിന്റെ എല്ലാ ലക്ഷണങ്ങളുടെയും നിർമ്മൂലനത്തിനുവേണ്ടി, കൂട്ടായ്മയുടെയും സാമൂഹ്യനീതിയുടെയും പ്രമാണങ്ങളുടെ ദൃഢീകരണത്തിനുവേണ്ടി സജീവം പ്രവർത്തിക്കുകയും ചെയ്ക കമ്മ്യൂണിസ്റ്റുകളുടെ ബാദ്ധ്യതയാണ്. നമ്മുടെ ലക്ഷ്യത്തിന്റെ ചരിത്രപരമായ ന്യായത സമർത്ഥമായി കാത്തുസൂക്ഷിക്കുക, സോഷ്യലിസ്റ്റ് ആശയങ്ങളുടെ ആകർഷണീയത പ്രകടിപ്പിക്കുക, സോവിയറ്റ് യൂണിയന്റെ സമാധാനസ്നേഹവിദേശനയം വിവിധ തരത്തിൽ പ്രചരിപ്പിക്കുക, ബൂർഷ്വാ പ്രത്യയശാസ്ത്രത്തെയും ധാർമ്മികനീതിയെയും സോവിയറ്റ്‌വിരുദ്ധ പ്രകോപനങ്ങളെയും പ്രത്യയശാസ്ത്ര അട്ടിമറിക്കുള്ള സാമ്രാജ്യത്വത്തിന്റെ ചെയ്തികളെയും മതത്തെ സോഷ്യലിസ്റ്റ്‌വിരുദ്ധ ഉദ്ദേശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിന്നുള്ള ശ്രമങ്ങളെയും സസൂക്ഷ്മം മനസ്സിലാക്കുക അവരുടെ കടമയാണ്.

10. പാർട്ടിയുടെ സാമ്പത്തികതന്ത്രം, അതിന്റെ സാമൂഹ്യനയം, വളർത്തുന്നതിലും സോഷ്യലിസ്റ്റ് അവബോധം വളർത്തിയെടുക്കുന്നതിലും ബഹുജന-പ്രചാരണ മാദ്ധ്യമങ്ങളുടെ വർദ്ധിച്ചുകൊണ്ടിരിക്കുന്ന പങ്കിനെ കോൺഗ്രസ്സ് കണക്കിലെടുക്കുന്നു; ടെലിവിഷനെയും റേഡിയോവിനെയും പത്രങ്ങളെയും ശക്തമായ പ്രസിദ്ധീകരണവാഹനങ്ങളായും പൊതുജന മേൽനോട്ടത്തിന്റെ ഉപകരണങ്ങളായും അതു് പരിഗണിക്കുന്നു. ടെലിവിഷന്റെ വമ്പിച്ച പ്രത്യയശാസ്ത്രശേഷിയെ നാം കൂടുതൽ ഫലപ്രദമായി ഉപയോഗിക്കണം, പ്രചാരണ-വാർത്താവിതരണ സാകല്യത്തിന്റെയാകെ ഫലത്തെ വർദ്ധിപ്പിക്കുകയും വേണം; അതിന്റെ ഭൗതികസൗകര്യങ്ങളെ വിപുലപ്പെടുത്തണം. വാർത്താ മാദ്ധ്യമങ്ങളുടെ പ്രവർത്തനം എത്രത്തോളം ആലോചനാപൂർണ്ണവും കൃത്യവുമായി

ത്തീരുന്നോ, അവ അപ്രധാനങ്ങളും സംഭ്രമജനകങ്ങളുമായ കാര്യങ്ങളുടെ പിന്നാലെ എത്രത്തോളം കുറച്ചു മാത്രം പോകുന്നോ അവയുടെ പ്രവർത്തനം അത്രത്തോളം ഫലപ്രദമായിത്തീരും.

11. സാംസ്കാരികവികസനരംഗത്തിൽ പാർട്ടിസംഘടനകളുടെ പ്രവർത്തനത്തെ ജനങ്ങളുടെ ബൌദ്ധികാവശ്യങ്ങളും താൽപര്യങ്ങളും പൂർണ്ണതരമായി നിറവേററുകയും തങ്ങളുടെ ശേഷികൾ വികസിപ്പിക്കുന്നതിന്നും ഒഴിവുസമയം സഫലമായി വിനിയോഗിക്കുന്നതിന്നും അവർക്ക് സാഹചര്യങ്ങളേകുകയും ചെയ്യുക ലാക്കാക്കി കോൺഗ്രസ്സ് തിരിച്ചുവിടുന്നു. സർഗ്ഗാത്മകപ്രവർത്തകരുടെ സംഘടനകളും സാംസ്കാരികസ്ഥാപനങ്ങളും പ്രയോഗിക്കുന്ന സമ്പ്രദായങ്ങളെ നിശ്ചയദാർഢ്യത്തോടെ കാലാനുസൃതമാക്കുകയും, അഗാധമായ പ്രത്യയശാസ്ത്ര ഉള്ളടക്കത്തോടെ അതിനെ നിറയ്ക്കുകയും ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണ്.

പാർട്ടിയുടെ മഹത്വത്തിന്നും ജനങ്ങളുടെ നൂതനങ്ങളായ ഉത്തരവാദിത്വങ്ങൾക്കും അനുയോജ്യമായ, സോവിയററ് ജനങ്ങളുടെ ജീവിതത്തെ അതിന്റെ നാനാത്വത്തിൽ യഥാർത്ഥമായി പ്രതിഫലിപ്പിക്കുകയും ഉയർന്ന കലാസുഭഗതയോടെ ചലിക്കുകയും ചെയ്യുന്ന, കൃതികൾ രചിക്കുവാൻ സാഹിത്യകാരരേയും കലാകാരരെയും കോൺഗ്രസ്സ് ആഹ്വാനം ചെയ്യുന്നു. സാഹിത്യ-കലാവിമർശകർ നിർവ്വികാരതയും പ്രസിദ്ധരുടെ കൃതികളോടുള്ള ആരാധനാമനോഭാവവും ഉപേക്ഷിക്കണം. തങ്ങളുടെ വിലയിരുത്തലുകളിൽ അവർ സ്പഷ്ടമായ സൌന്ദര്യശാസ്ത്ര-വർഗ്ഗ മാനദണ്ഡങ്ങളെ മാർഗ്ഗദർശകമാക്കണം. അവ്യക്തതയ്ക്കും വാചാടോപത്തിന്നുമെതിരെ, ജനങ്ങളുടെ ജീവിതങ്ങളിൽ കൈകടത്തുന്നതിന്നും അവസരസേവയ്ക്കും സങ്കുചിതമായ പ്രായോഗികവാദത്തിന്നുമെതിരെ കൂടുതൽ സജീവമായി രംഗത്തു വരികയും വേണം.

പാർട്ടിയുടെ ആദർശങ്ങളോട് പ്രതിജ്ഞാബദ്ധമായ, ജനങ്ങളോട് അഗാധമായ വികാരവായ്പുള്ള, സാഹിത്യത്തിലെയും കലയിലെയും, എല്ലാ പ്രതിഭാപ്രവർത്തനത്തേയും പാർട്ടി പിന്തുണയ്ക്കുന്നു, എല്ലായ്പോഴും പിന്തുണയ്ക്കുകയും ചെയ്യുന്ന. ഉന്നതമായ പ്രത്യയശാസ്ത്ര-കലാമാനകങ്ങൾ, പ്രതിഭയോടുള്ള ആദരവ്, നയചാതുരി എന്നിവയാണ് പാർട്ടിസംഘടനകൾ സർഗ്ഗാത്മക ബുദ്ധിജീവിവിഭാഗവുമായുള്ള പ്രവർത്തനത്തിൽ പിന്തുടരുന്ന മാനദണ്ഡങ്ങൾ.

12 പ്രത്യയശാസ്ത്രപ്രവർത്തനത്തിന്റെ സംഘാടനത്തെ തികവുററതാക്കുകയും നേതൃനിരയിലുള്ള എല്ലാ കാഡർമാരും അതിൽ പങ്കെടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും വിദ്യാഭ്യാസത്തോട് സമഗ്രമായ ഒരു സമീപനം ആവശ്യമാക്കുകയും എല്ലാ പ്രവർത്തനത്തിന്റേയും കേന്ദ്രത്തിൽ മൂർത്തമായ വ്യക്തിയെ നിലിർത്തുകയും ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണ്. ജോലിസ്ഥലത്തെയും പഠനസ്ഥലത്തെയും താമസസ്ഥലത്തെയും വിദ്യാഭ്യാസത്തിന്ന് ഐകരൂപ്യം ഉണ്ടാക്കണം.

പുതിയ മനുഷ്യനെ വാർത്തെടുക്കുകയെന്ന പാർട്ടിലക്ഷ്യത്തിന്നുള്ള പ്രത്യയശാസ്ത്ര പ്രവർത്തകരുടെ, പ്രചാരകരുടെ, സംഭാവന വർദ്ധിച്ചുകൊണ്ടിരിക്കണം. പറയുന്നത് പ്രവൃത്തിയിൽ വരുത്തുന്നവരും വിമർശനപരമായി ചിന്തിക്കുന്നവരും സിദ്ധാന്തത്തോട് താൽപര്യമുള്ളവരും സുശിക്ഷിതരും നമ്മുടെ പുതിയ കാലഘട്ടത്തിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്ന് ശേഷിയുള്ളവരുമായ പ്രത്യയശാസ്ത്രപ്രവർത്തകരുടെ അന്തസ്സ് പാർട്ടി തുടർന്നും ഉയർത്തുന്നതാണ്.

* * *

കമ്മ്യൂണിസ്റ്റാദർശങ്ങളുടെ, സമാധാനത്തിന്റെയും പുരോഗതിയുടെയും, വിജയത്തിന്നുവേണ്ടിയുള്ള പോരാട്ടത്തിൽ ലെനിൻശൈലിയിലുള്ള ധീരവും യാഥാർത്ഥ്യോചിതവും ശക്തി ജനിപ്പിക്കുന്നതും പ്രചോദി

# സി. പി. എസ്. യു. സെൻട്രൽ കമ്മിററി പ്ലീനം സംബന്ധിച്ച കമ്യൂണിക്കെ

സോവിയററു കമ്യൂണിസ്റ്റു പാർട്ടിയുടെ 27-ാം കോൺഗ്രസ്സിൽവെച്ച് തെരഞ്ഞെടുക്കപ്പെട്ട സി. പി. എസ്. യു. സെൻട്രൽ കമ്മിററിയുടെ പ്ലീനം 1986 മാർച്ച് 6-ാം തിയ്യതി യോഗം ചേർന്നു.

പ്ലീനം മിഖയിൽ ഗോർബച്ചേവിനെ സി. പി. എസ്. യു. സെൻട്രൽ കമ്മിററിയുടെ ജനറൽ സിക്രട്ടറിയായി ഐകകണ്ഠ്യേന തെരഞ്ഞെടുത്തു.

താഴെ പറയുന്നവരടങ്ങിയ സി. പി. എസ്. യു. സെൻട്രൽകമ്മിററിയുടെ പൊളിററിക്കൽ ബ്യൂറോവിനെയും പ്ലീനം തെരഞ്ഞെടുത്തു.

പൊളിററിക്കൽ ബ്യൂറോ അംഗങ്ങൾ — മിഖയിൽ ഗോർബച്ചേവ്, ഹൈദർ അലീയേവ്, വിതാലി വൊറോത്നിക്കോവ്, ആന്ദ്രീ ഗ്രോമിക്കോ. ലേവ് സയിക്കോവ്, ദീൻ മുഹമ്മദ് കുനായേവ്, യെഗോർ ലിഗാച്ച്യോവ്, നിക്കോളായി റിഷ്കോവ്, മിഖയിൽ സോളമൻറ്സേവ്, വിക്തർ ചെബ്രിക്കോവ്, എഡ്വാർഡ് ഷെവർദ്നാജെ, വ്ളദീമിർ ഷെർബിററ്സ്കി.

പൊളിററിക്കൽ ബ്യൂറോവിലെ ബദലംഗങ്ങൾ — പ്യോത്ര് ദെമിച്ചേവ്, വ്ളദീമിർ ദോൾഗീഹ്, ബോറിസ് യെൽററ്സിൻ, നിക്കോളായി സ്ല്യുൻകോവ്, സെർഗീ സൊക്കോളോവ്, യൂരീ സൊളോവ്യോവ്, നിക്കോളായി തലിസീൻ.

താഴെ പറയുന്നവർ സി. പി. എസ്. യു. സെൻട്രൽ കമ്മിററിയുടെ സിക്രട്ടറിമാരായി തെരഞ്ഞെടുക്കപ്പെട്ടു. മിഖയിൽ ഗോർബച്ചേവ്—ജനറൽ സിക്രട്ടറി, അലെക്സാണ്ട്റാ ബിര്യുക്കോവ, അനത്തോലി ദൊബ്രിനിൻ, വ്ളദീമിർ ദോൾഗീഹ്, ലേവ് സയിക്കോവ്, മിഖയിൽ സെമ്യാനിൻ, യെഗോർ ലിഗാച്ച്യോവ്, വദീം മെദ്വെദേവ്, വിക്തർ നിക്കോനോവ്, ഗ്യോർഗി രാസുമോവ്സ്കി, അലെക്സാണ്ടർ യാക്കോവ്ലേവ്.

മിഖയിൽ സോളമെൻറ്സേവിനെ സി. പി. എസ്. യു. സെൻട്രൽ കമ്മിററിയിലെ പാർട്ടി കൺട്രോൾ കമ്മിററി ചെയർമാനായി പ്ലീനം ശരിവെച്ചു. □

---

പ്പിക്കുന്നതുമായ ഒരു തന്ത്രം സ്വീകരിച്ചുകൊണ്ട് സി. പി. എസ്. യു. വിന്റെ 27-ാം കോൺഗ്രസ്സ് നമ്മുടെ മഹത്തായ പാത അഭിമാനപൂർവ്വം പിൻപററിക്കൊണ്ട് തൊഴിലാളിവർഗ്ഗത്തിന്റെയും കൂട്ടുകൃഷിക്കാരുടെയും ജനങ്ങളുടെ ബുദ്ധിജീവി വിഭാഗത്തിന്റെയും സർഗ്ഗശേഷിക്കും വിപ്ലവമുൻകൈക്കും പുതിയ വീഥികൾ തുറന്നുകൊടുക്കാനുള്ള പാർട്ടിയുടെ ദൃഢനിശ്ചയം പ്രകടിപ്പിക്കുന്നു.

സോവിയററ് യൂണിയനിലെ കമ്യൂണിസ്റ്റുകൾ എല്ലാ ക്രിയാത്മക പ്രവർത്തനങ്ങളുടെയും മുൻനിരയിലുണ്ടായിരിക്കുമെപ്പോഴും. ജനങ്ങളോടുള്ള ചുമതല, ഭാവിതലമുറകളോടുള്ള ഉയർന്ന ഉത്തരവാദിത്വം എന്നിവയോടുള്ള അർപ്പണബോധത്തിന്റെയും അവയുടെ വിശ്വസനീയമായ പൂർത്തീകരണത്തിന്റെയും ദൃഷ്ടാന്തങ്ങൾ പ്രകടിപ്പിക്കുകയും ചെയ്യും അവർ.

തങ്ങളുടെ മുഴുവൻ കരുത്തും അറിവും ശേഷിയും ക്രിയാത്മകമായ ഉത്സാഹവും കമ്യൂണിസ്റ്റ് നിർമ്മാണത്തിന്റെ മഹത്തായ ലക്ഷ്യങ്ങൾക്കായി അർപ്പിക്കുന്നതിനും ലെനിന്റെ വിജയശ്രീലാളിതമായ വിപ്ലവലക്ഷ്യം, ഒക്ടോബർ വിപ്ലവത്തിന്റെ ലക്ഷ്യം, അനുയോജ്യമാം വിധം പിന്തുടരുന്നതിന്നും കോൺഗ്രസ്സ് എല്ലാ സോവിയററ് ജനങ്ങളെയും ആഹ്വാനം ചെയ്യുന്നു! □

# 27-ാം സി. പി. എസ്. യു. കോൺഗ്രസ്സിൽ മിഖയിൽ ഗോർബച്ചേവ് ചെയ്ത ഉപസംഹാരപ്രസംഗം

പ്രിയപ്പെട്ട സഖാക്കളെ,

27-ാം കോൺഗ്രസ്സ് സമാപിക്കാൻ പോവുകയാണ്.

ഇതിന്റെ അർത്ഥപ്രാധാന്യത്തെ വസ്തുനിഷ്ഠമായി വിലയിരുത്തേണ്ടത് ചരിത്രമാണ്. പാർട്ടി പ്രമാണനിഷ്ഠയുടെയും ഐക്യത്തിന്റെയും അന്തരീക്ഷത്തിൽ, കൃത്യതയുടെയും ബോൾഷെവിക് അർത്ഥത്തിലുള്ള സത്യത്തിന്റെയും അന്തരീക്ഷത്തിൽ, പോരായ്മകളെയും പ്രമാദങ്ങളെയും പരസ്യമായി തുറന്നുകാട്ടുന്ന അന്തരീക്ഷത്തിൽ, നമ്മുടെ സാമുദായിക വികാസത്തിന്റെ ആഭ്യന്തര-ബാഹ്യസാഹചര്യങ്ങളെ ഗാഢമായി അപഗ്രഥിക്കുന്ന അന്തരീക്ഷത്തിൽ പാർട്ടികോൺഗ്രസ്സ് നടന്നു എന്ന് ഇപ്പോൾതന്നെ പറയുവാൻ കഴിയും. അതു പാർട്ടിയുടെ പ്രവർത്തനങ്ങൾക്ക്, രാജ്യത്തിന്റെയാകെ ജീവിതത്തിന്ന്. ധാർമ്മികവും ആത്മീയവുമായ ഒരു ഉയർന്ന മാനദണ്ഡം മുൻവെച്ചു. ഈ വേദിയിൽനിന്നു പ്രസംഗിച്ച പ്രതിനിധികൾ പ്രശ്നങ്ങളെ തുറന്ന മനസ്സോടെ ഉയർത്തിക്കാട്ടുകയും, നമ്മുടെ പൊതുലക്ഷ്യത്തെ വിഘാതപ്പെടുത്തുന്ന എല്ലാററിനെയും കാര്യങ്ങളെ പിന്നോക്കംവലിക്കുന്ന എല്ലാററിനെയും നിശിതമായി വെളിപ്പെടുത്തുകയും ചെയ്തു. പാർട്ടിയുടെയും സ്റ്റേററിന്റെയും സാമ്പത്തികസംഘടനകളുടെയും, കേന്ദ്രതലത്തിലും പ്രാദേശികതലത്തിലുമുള്ള എല്ലാ കണ്ണികളുടെയും കാര്യനിർവ്വഹണത്തെസംബന്ധിച്ച് വിമർശനപരമായ ധാരാളം അഭിപ്രായങ്ങൾ, പ്രകടിപ്പിക്കപ്പെട്ടു. വാസ്തവത്തിൽ, നമ്മുടെ ജീവിതത്തിന്റെ ഒരൊററ മണ്ഡലത്തെപോലും വിമർശനപരമായ അപഗ്രഥനംകൂടാതെ വിട്ടിട്ടില്ല. സഖാക്കളേ, ഇതെല്ലാം ഉത്തമമായ പാർട്ടി പാരമ്പര്യങ്ങളുടെ സ്പിരിററനുസരിച്ചുള്ളതാണ്, ബോൾഷെവിസത്തിന്റെ സ്പിരിററനുസരിച്ചുള്ളതാണ്.

ആറു ദശകങ്ങൾക്ക് മുമ്പ് വ്ളദീമിർ ഇലിച്ച് ലെനിൻ, ആർ. സി. പി. (ബി) യുടെ 11-ാം കോൺഗ്രസ്സിന്നുള്ള സെൻട്രൽക്കമ്മിററിയുടെ രാഷ്ട്രീയ റിപ്പോർട്ടിനെ സംബന്ധിച്ചു നടന്ന ചർച്ചയെ ക്രോഡീകരിച്ചുകൊണ്ട് തത്വനിഷ്ഠപ്രാധാന്യമുള്ള ഒരാശയം പ്രകടിപ്പിച്ചു: "ഇതിനകം നശിച്ചുപോയിട്ടുള്ള എല്ലാ വിപ്ലവപ്പാർട്ടികളും നശിച്ചുപോയത്, അവ ഗർവ്വിഷ്ഠങ്ങളായിത്തീർന്നതുകൊണ്ടാണ്, തങ്ങളുടെ ശക്തിയുടെ ഉറവിടം കാണാൻ കഴിയാത്തതുകൊണ്ടാണ്. തങ്ങളുടെ ദൗർബ്ബല്യങ്ങളെപ്പററി ചർച്ചചെയ്യാൻ ഭയപ്പെട്ടതുകൊണ്ടാണ്. എങ്കിലും നമ്മൾ നശിക്കുകയില്ല; എന്തുകൊണ്ടെന്നാൽ, ദൗർബ്ബല്യങ്ങളെപ്പററി ചർച്ചചെയ്യുവാൻ നമ്മൾ ഭയപ്പെടുന്നില്ല; ആ ദൗർബ്ബല്യങ്ങളെ ദൂരീകരിക്കുവാൻ നമ്മൾ പഠിക്കുന്നതായിരിക്കും."

ഇതേവിധത്തിലാണ്, ലെനിന്റെ സ്പിരിററിലാണ്, കോൺഗ്രസ്സിൽ നമ്മൾ പെരുമാറിയത്. ഇതേവിധത്തിലാണ് ഭാവിയിലും നമ്മൾ പ്രവർത്തിക്കുവാൻ പോകുന്നത്.

പാർട്ടിയുടെ മുമ്പാകെ, സമുദായത്തിന്റെ മുമ്പാകെ, ജീവിതമുയർത്തിയ ജീവൽപ്രധാനങ്ങളായ പ്രശ്നങ്ങൾക്ക് കോൺഗ്രസ്സ് ഉത്തരം നൽകി; കടമകൾ നിർവ്വഹിക്കുന്നതിന്നുള്ള സ്പഷ്ടമായ വീക്ഷണംകൊണ്ട് ഓരോ കമ്യൂണിസ്റ്റിനെയും ഓരോ സോവിയററ് പൗരനെയും കോൺഗ്രസ്സ് ആയുധമണിയിച്ചു. സാമൂഹ്യ-സാമ്പത്തിക ത്വരണമെന്ന സങ്കൽപം ഏപ്രിൽ പ്ലീനത്തിൽ നമ്മൾ ഉന്നയിച്ചത് ശരിയാണെന്ന് അതു തെ

ളിയിച്ചു കാട്ടി. കോൺഗ്രസ്സിന്നു മുമ്പത്തെ നമ്മുടെ എല്ലാ പ്രവർത്തനങ്ങളിലും ത്വരണത്തിന്റേതായ ആശയം നിറഞ്ഞുനിന്നു; അത് കോൺഗ്രസ്സിന്റെ ശ്രദ്ധാകേന്ദ്രമായിരുന്നു; സെൻട്രൽ കമ്മിററിയുടെ രാഷ്ട്രീയറിപ്പോർട്ടിലും, പാർട്ടി പരിപാടിയുടെ പുതിയ പതിപ്പിലും, പാർട്ടിയുടെ നിയമാവലിക്കുള്ള ഭേദഗതികളിലും, 12-ാം പഞ്ചവൽസര പദ്ധതിഘട്ടത്തിലേക്കും 2000-ാമാണ്ടുവരെയ്ക്കുമുള്ള രാജ്യത്തിന്റെ സമ്പത്തിക-സാമൂഹ്യവികസനത്തിന്നുള്ള മാർഗ്ഗരേഖകളിലും അത് മൂർത്തീകരിക്കപ്പെട്ടിരിക്കുന്നു. ഈ രേഖകളെ കോൺഗ്രസ്സിൽ പങ്കെടുത്ത പ്രതിനിധികൾ പൂർണ്ണമായി പിന്താങ്ങുകയും ശരിവെയ്ക്കുകയും ചെയ്തിരിക്കുന്നു.

പാർട്ടിയുടെ ആഭ്യന്തര-വിദേശനയങ്ങൾ സംബന്ധിച്ച് അംഗീകരിക്കപ്പെട്ട പൊതുകർമ്മസരണിയാണ് — രാജ്യത്തിന്റെ സാമൂഹ്യ-സാമ്പത്തികവികസനം ത്വരിപ്പിക്കുകയും ലോകസമാധാനം ശക്തിപ്പെടുത്തുകയും ചെയ്കയെന്ന കർമ്മസരണിയാണ് — 27-ാം സി. പി എസ്. യു. കോൺഗ്രസ്സിന്റെ മുഖ്യ രാഷ്ട്രീയഫലം. അതിപ്പോൾ പാർട്ടിയുടെയും ഓരോ പാർട്ടി സംഘടനയുടെയും ജീവിതത്തിലെ നിയമമായിത്തീരുന്നു; കമ്യൂണിസ്റ്റുകൾക്കും അദ്ധ്വാനിക്കുന്നവരായ എല്ലാ ജനങ്ങൾക്കും പ്രവർത്തനത്തിന്നുള്ള ഒരു വഴികാട്ടിയായിത്തീരുന്നു.

ത്വരണത്തിന്റേതായ ദീർഘകാലതന്ത്രം മുൻവെയ്ക്കുകവഴി സി. പി. എസ്. യു. എത്ര ഉയർന്ന ഉത്തരവാദിത്തമാണ് ചരിത്രത്തിന്റെ മുമ്പാകെ വെച്ചിട്ടുള്ളതെന്ന്, എത്ര വമ്പിച്ച ഭാരമാണ് അതു സ്വയം ഏറെറടുത്തിട്ടുള്ളതെന്ന്, നമ്മൾ മനസ്സിലാക്കുന്നു. എന്നാൽ, കൃത്യമായും അത്തരമൊരു ദീർഘകാലതന്ത്രത്തിന്റെ അടിയന്തിരാവശ്യകതയെപ്പററി നമുക്ക് ബോദ്ധ്യമുണ്ട്. അതു യാഥാർത്ഥ്യയുക്തമാണെന്ന് നമുക്ക് ബോദ്ധ്യമുണ്ട്. സോഷ്യലിസത്തിന്റെ നിസ്സീമമായ അന്തർഹിതശേഷികളെയും ഔൽകൃഷ്ട്യത്തെയും, ജനങ്ങളുടെ സൃഷ്ടിപരമായ ദൈനംദിന പ്രവർത്തനങ്ങളെയും ആധാരമാക്കിക്കൊണ്ട് നമ്മുടെ എല്ലാ പദ്ധതികളും നടപ്പാക്കാൻ നമുക്കു കഴിയും.

രാജ്യത്തിന്റെ സാമൂഹ്യ-സാമ്പത്തിക വികസനത്തിന്റെ ത്വരണം സാധിക്കുകയെന്നു വെച്ചാൽ ഉൽപാദകശക്തികളുടെ വളർച്ചയ്ക്കും ശാസ്ത്രീയ-സാങ്കേതിക പുരോഗതിക്കും ശക്തിമത്തായ പുതിയൊരു ഉത്തേജനം നൽകുകയെന്നാണർത്ഥം; സോഷ്യലിസത്തിന്റെ സാമ്പത്തിക വിധാനത്തെ തികവുററതാക്കിത്തീർക്കുകവഴി നമ്മുടെ ദേശീയ സമ്പദ്വ്യവസ്ഥയുടെ ബൃഹത്തായ കരുതലുകളെ ക്രിയാത്മകമാക്കുകയെന്നാണർത്ഥം.

ത്വരണം സാധിക്കുകയെന്നുവെച്ചാൽ, അദ്ധ്വാനിക്കുന്ന ജനങ്ങളുടെ ജീവിതനിലവാരങ്ങൾ അഭിവൃദ്ധിപ്പെടുത്തുവാനുള്ള യത്നത്തെ, പ്രവർത്തനത്തിലെ കാര്യക്ഷമതയുമായി ഉററുബന്ധപ്പെടുത്തുകയും, മനുഷ്യന്റെ സുസ്ഥിതിയിലുള്ള സമഗ്രമായ ശ്രദ്ധയെ, സാമൂഹ്യനീതിയുടെ പ്രമാണങ്ങളുടെ സുസ്ഥിരമായ പ്രായോഗിക നിർവ്വഹണവുമായി സംയോജിപ്പിക്കുകയും ചെയ്കവഴി ഊർജ്ജസ്വലവും ശക്തിമത്തുമായ ഒരു സാമൂഹ്യനയം പ്രാവർത്തികമാക്കുകയെന്നാണർത്ഥം.

ത്വരണം സാധിക്കുകയെന്നുവെച്ചാൽ, ജനാധിപത്യത്തെ വിപുലപ്പെടുത്തുകയും, ജനങ്ങളുടെ സോഷ്യലിസ്റ്റ് സ്വയംഭരണത്തെ അനുക്രമം വികസിപ്പിക്കുകയും, പാർട്ടിയുടെയും സമുദായത്തിന്റെയും ജീവിതത്തിൽ, എല്ലാററിനെപ്പററിയും പരസ്യമായും സ്വതന്ത്രമായും വാദപ്രതിവാദം ചെയ്യുന്ന സ്ഥിതി വളർത്തുകയും ചെയ്കവഴി ഓരോ തൊഴിലാളിക്കും ഓരോ തൊഴിൽ കൂട്ടായ്മയ്ക്കും, മുൻകൈയ്യെടുക്കുവാനും സ്വച്ഛന്ദമായി പ്രവർത്തിക്കുവാനും സൗകര്യമുണ്ടാക്കുകയെന്നാണർത്ഥം.

ത്വരണം സാധിക്കുകയെന്നുവെച്ചാൽ, പ്രത്യയശാസ്ത്രപരവും സംഘടനാപരവുമായ പ്രവർത്തനങ്ങളെ ജീവിതത്തിന്റെ യഥാർത്ഥ പ്രശ്ന

ങ്ങളുമായി കൂടുതൽ അടുത്തനിലയിൽ ബന്ധപ്പെടുത്തുകയും, പൊങ്ങച്ചവും വായാടിത്തവും നിർമ്മാർജ്ജനം ചെയ്കയും നിർവ്വഹിക്കേണ്ട കടമകളോടുള്ള ഉത്തരവാദിത്തം വർദ്ധിപ്പിക്കുകയും ചെയ്കവഴി, പ്രത്യയശാസ്ത്ര-സംഘടനാപ്രവർത്തനങ്ങളെ മനുഷ്യനുമായി കൂടുതൽ അടുപ്പിക്കുകയും, പ്രയാസങ്ങളെ ദൂരീകരിക്കുവാനായി ആ ദിശയിലേക്ക് പ്രസ്തുത പ്രവർത്തനങ്ങളെ തിരിച്ചുവിടുകയും, നമ്മളെ അഭിമുഖീകരിക്കുന്ന കടമകൾ പ്രയോഗത്തിൽ നിർവ്വഹിക്കുകയും ചെയ്കയെന്നാണർത്ഥം.

സഖാക്കളേ, നമുക്ക് ഇതു നിറവേററാൻ കഴിയും; നമ്മളിതു നിറവേററണം!

സി. പി. എസ്. യു., പൂർവ്വാധികം സംഘടിതവും സംശ്ലേഷിതവുമായി, കൂടുതൽ കാര്യക്ഷമതയോടും സുചിന്തിതമായ ഒരു ദീർഘകാലനയത്തോടും കൂടിയാണ്, കോൺഗ്രസ്സിനെതുടർന്നുള്ള കാലഘട്ടത്തിലേക്കു കടക്കുന്നത്. പ്രശ്നങ്ങളുടെയും കടമകളുടെയും സങ്കീർണ്ണതയാകെ കണ്ടുകൊണ്ട്, അഭിമുഖീകരിക്കുന്ന കടമകളുടെ വലിയ വൈപുല്യവും നൂതനത്വവും കണ്ടുകൊണ്ട്, പ്രയാസങ്ങളെയും പ്രതിബന്ധങ്ങളെയും ഭയപ്പെടാതെ സോദ്ദേശ്യമായി പ്രവർത്തിക്കുവാൻ പാർട്ടി ദൃഢനിശ്ചയം ചെയ്തിരിക്കുന്നു.

കോൺഗ്രസ് കൈക്കൊണ്ട തീരുമാനങ്ങളുടെ സത്തയും ചൈതന്യവും, ഓരോ സോവിയററ് വ്യക്തിയിലും നമ്മൾ എത്തിക്കേണ്ടതായിട്ടുണ്ട്; അവയുടെ അടിസ്ഥാനപരമായ വ്യവസ്ഥകൾ വിശദീകരിക്കുക മാത്രമല്ല, ഇന്നത്തെ ആവശ്യങ്ങൾക്ക് അനുരൂപമായ വിധത്തിൽ പ്രായോഗിക പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക കൂടി ചെയ്യേണ്ടതായിട്ടുണ്ട്.

നമ്മുടെ കോൺഗ്രസ്സിലും അതിന്ന് തൊട്ടുമുമ്പും താൽപര്യജനകങ്ങളായ പല പല നിർദ്ദേശങ്ങൾ ഉന്നയിക്കപ്പെടുകയും, കനപ്പെട്ട ചില ആശയങ്ങൾ മുൻവെക്കപ്പെടുകയുമുണ്ടായി. നമ്മൾ അവയെ ശ്രദ്ധാപൂർവ്വം പരിശോധിക്കുകയും, വിലപ്പെട്ടവയും യുക്തിയുക്തങ്ങളുമായവയെ ജീവിതത്തിലേക്ക് പകർത്തുകയും ചെയ്യണം.

പദ്ധതികളുടെ ഊർജ്ജത്തെ മൂർത്ത നടപടികളുടെ ഊർജ്ജമാക്കി മാററുകയെന്നതാണ് ഇന്നത്തെ ഏററവും പ്രധാനപ്പെട്ട കാര്യം. ബെൽഗറോദ് മേഖലയിലെ ഒരു കൂട്ടുകൃഷിക്കളത്തിൻെറ ചെയർമാനും, നമ്മുടെ കോൺഗ്രസ്സിലെ ഒരു പ്രതിനിധിയുമായ വാസിലി യക്കോവ്ലേവിച്ച് ഗോറിൻ ഇക്കാര്യം നന്നായി പറയുകയുണ്ടായി: ''രാജ്യത്തുടനീളം, ഓരോ തൊഴിൽ കൂട്ടായ്മയിലും, നവീകരണത്തിൻെറതും പുനർനിർമ്മാണത്തിൻെറതുമായ, പ്രയാസകരമെങ്കിലും പിന്തിരിക്കാനാവാത്ത ഒരു പ്രക്രിയ നടന്നുകൊണ്ടിരിക്കുകയാണ് അതു സോവിയററ് ജനങ്ങളുടെ ഹൃദയത്തിലും മനസ്സിലും നടന്നുകൊണ്ടിരിക്കുന്നു. അതിന്ന്, ഓരോരുത്തരിൽനിന്നും, സർവ്വപ്രഥമമായി പ്രവൃത്തിയിൽ, സമർപ്പണമാവശ്യമാണ്''.

അതെ സഖാക്കളേ, ത്വരണമാവശ്യമാണ്; നമ്മുടെ ജീവിതത്തിൻെറ എല്ലാ മണ്ഡലങ്ങളിലും അടിസ്ഥാനപരമായ രൂപാന്തരണമാവശ്യമാണ്; ഇതു വെറുമൊരു മുദ്രാവാക്യമല്ല; പ്രത്യുത, പാർട്ടി ചാഞ്ചാട്ടം കൂടാതെ, ദൃഢനിശ്ചയത്തോടെ സഞ്ചരിക്കാൻ പോകുന്ന കർമ്മസരണിയാണ്.

വകുപ്പുമനോഭാവവും പ്രാദേശികമനഃസ്ഥിതിയും ഉഴപ്പലും, ഉദ്യോഗസ്ഥമേധാവിത്തപരമായ മററു പ്രതിബന്ധങ്ങളും, പുരോഗമനപരമായ പുതിയ കാര്യങ്ങളുടെ പാതയിൽ ഗൗരവാവഹമായ തടസ്ഥമായി തീർന്നിട്ടുണ്ടെന്ന് പല പ്രതിനിധികളും ചൂണ്ടിക്കാട്ടുകയുണ്ടായി. സഖാക്കളേ, സാമൂഹ്യ-സാമ്പത്തികപുരോഗതിയെ ത്വരിപ്പിക്കുന്നതിനും, അച്ചടക്കവും ക്രമവും ശക്തിപ്പെടുത്തുന്നതിന്നും, സൃഷ്ടിപരപ്രവർത്തനങ്ങളും ധീരമായ അന്വേഷണവും സോഷ്യലിസ്റ്റ് കർമ്മധീരതയും സർവ്വതോമുഖമായി വർദ്ധിപ്പിക്കുന്നതിന്നുവേണ്ട സംഘടനാപരവും

ധാർമ്മികവും ഭൗതികവുമായ പൂർവ്വോപാധികൾ സൃഷ്ടിക്കുന്നതിന്നും പ്രതിബന്ധമായിട്ടുള്ള എല്ലാററിനെയും സെൻട്രൽക്കമ്മിററി നിശ്ചയദാർഢ്യത്തോടുകൂടി തുടച്ചുനീക്കുന്നതാണെന്ന് നിങ്ങൾക്ക് ഉറപ്പുതരുവാൻ ഞാനാഗ്രഹിക്കുന്നു. ഇതിന്ന് പാർട്ടിയുടെയാകെയും അദ്ധ്വാനിക്കുന്നവരായ എല്ലാ ജനങ്ങളുടെയും വിപുലവും ഊർജ്ജസ്വലവുമായ പിന്തുണയുണ്ടാവുമെന്ന് എനിക്ക് ഉറപ്പുണ്ട്.

കോൺഗ്രസ്സ് മുൻവെച്ചിട്ടുള്ള കടമകൾ നിർവ്വഹിക്കുന്നതിന്നുവേണ്ടിയുള്ള പ്രവർത്തനം സംഘടിപ്പിക്കുന്നത്, മേൽത്തലം മുതൽ കീഴ്ത്തലം വരെയുള്ള പാർട്ടിക്കമ്മിററികളാണ്. മൂർത്തത, കാര്യക്ഷമത, സുസ്ഥിരത, വാക്കിൻെറയും പ്രവൃത്തിയുടെയും ഐക്യം, ഏററവും ഫലപ്രദമായ മാർഗ്ഗങ്ങളും ഉപാധികളും തിരഞ്ഞെടുക്കൽ, ജനങ്ങളുടെ അഭിപ്രായങ്ങളെക്കുറിച്ചുള്ള ശ്രദ്ധാപൂർവ്വകമായ പരിഗണനം, എല്ലാ പൊതുജനശക്തികളുടെയും പരിശ്രമങ്ങളുടെ സമർത്ഥമായ ഏകോപനം—ഇതാണ് ഇന്നു ആവശ്യമായിട്ടുള്ള പ്രവർത്തനശൈലി. അലസത, അമിതമായ ഉപചാരപരത, ഉദാസീനത, ജീവത്തായ ഒരു ആശയത്തെ നിരർത്ഥകവും അറുതിയില്ലാത്തതുമായ, ചുററിവളഞ്ഞുള്ള ചർച്ചകളിൽ മുക്കിക്കളയുവാനുള്ള വാസന, "എങ്ങിനെയെങ്കിലും ഒപ്പിച്ചുമാറുവാനുള്ള" ശ്രമങ്ങൾ—ഇതൊക്കെ നമ്മൾ പൂർണ്ണമായി തുടച്ചുനീക്കണം.

എല്ലാ പാർട്ടിക്കമ്മിററികളും രാഷ്ട്രീയ നേതൃത്വത്തിൻെറ യഥാർത്ഥ ഘടകങ്ങളായി പ്രവർത്തിക്കണമെന്നത്, കോൺഗ്രസ്സിൻെറ മുഖ്യ നിഗമനങ്ങളിലൊന്നാണ്. അവസാനവിശകലനത്തിൽ, 27-ാം പാർട്ടി കോൺഗ്രസ്സിൻെറ സാമാന്യകർമ്മസരണി പ്രാവർത്തികമാക്കുവാൻ നമ്മൾ നടത്തുന്ന എല്ലാ പരിശ്രമങ്ങളുടെയും വിജയത്തെ നിർണ്ണയിക്കുന്നതു, കമ്യൂണിസനിർമ്മാണത്തിൽ ബഹുജനങ്ങളുടെ, ബോധപൂർവ്വകമായ, ഏററവും വിപുലമായ ഭാഗഭാഗിത്വമാണ്. സഖാക്കളേ, എല്ലാം നമ്മളെആശ്രയിച്ചിരിക്കുന്നു. ഊർജ്ജസ്വലവും ഏകോപിതവുമായ പ്രവർത്തനത്തിന്നുള്ള സമയം സമാഗതമായിരിക്കുന്നു. നമ്മുടെ പദ്ധതികൾ നടപ്പിൽവരുത്തുവാനും, സോവിയററ് സമുദായത്തെ തികവുററതാക്കുവാനും, നമ്മുടെ സോഷ്യലിസ്റ്റ് ജൻമഗൃഹത്തെ നവീകരിക്കുവാനുമുള്ള, വൻതോതിലുള്ള പരിശ്രമത്തിൽ സജീവമായി പങ്കെടുക്കുവാൻ ഓരോ കമ്മ്യൂണിസ്റ്റിനെയും ഓരോ സോവിയററ് പൗരനെയും പാർട്ടി ഉദ്ബോധിപ്പിക്കുന്നു.

സഖാക്കളേ, സോഷ്യലിസത്തെയും സമാധാനത്തെയും, സമാധാനത്തെയും നിർമ്മാണപ്രവർത്തനത്തെയും അന്യോന്യം വേർപെടുത്താൻ കഴിയുകയില്ലെന്ന് കോൺഗ്രസ് ബോധനീയമാംവിധം വീണ്ടും തെളിയിച്ചുകാട്ടിയിരിക്കുന്നു. സോഷ്യലിസം, യുദ്ധഭീതിയുടെയും അക്രമത്തിൻെറയും ഭാരത്തിൽനിന്ന് മാനവരാശിയെ മോചിപ്പിക്കുവാൻ വേണ്ടിയുള്ള പോരാട്ടത്തെ നയിച്ചിരുന്നില്ലെങ്കിൽ അതിന്ന് അതിൻെറ ചരിത്രപരമായ ദൗത്യം നിർവ്വഹിക്കുവാൻ കഴിയുമായിരുന്നില്ല. എല്ലാ ജനതകൾക്കും ഭദ്രവും നീതിയുക്തവുമായ സമാധാനത്തിന്ന് ഉറപ്പുവരുത്തുകയെന്നതാണ് സോവിയററ് നയത്തിൻെറ മുഖ്യ ലക്ഷ്യം. യുദ്ധത്തിന്നും സൈനികസന്നാഹങ്ങൾക്കുമെതിരായ, വിദ്വേഷപ്രചാരണത്തിന്നും അക്രമത്തിന്നുമെതിരായ പോരാട്ടം, സാർവ്വദേശീയബന്ധങ്ങളുടെ ജനാധിപത്യവൽക്കരണത്തിൻെറയും, ഭൂമിയിൽ രാഷ്ട്രീയ കാലാവസ്ഥ മെച്ചപ്പെടുത്തുവാനുള്ള യത്നത്തിൻെറയും ഒരു അവിഭാജ്യഭാഗമാണെന്ന് നമ്മൾ കരുതുന്നു.

നൂക്ലിയർ ഭീഷണി, ഒരു കാര്യത്തിൽ സ്റേററുകളെ തുല്യനിലയിലാക്കിയിരിക്കുന്നു—വൻതോതിലുള്ള ഒരു യുദ്ധത്തിൽ ആർക്കും സുരക്ഷിതത്വമായി ഒതുങ്ങിക്കഴിയുവാനോ മറുപക്ഷത്തിൻെറ കെടുകാലത്തിൽനിന്ന് മുതലെടുക്കുവാനോ സാധിക്കുകയില്ലെന്നതാണത്. തുല്യസുരക്ഷിതത്വമെന്നത് കാലഘട്ടത്തിൻെറ ഒരു അനുപേക്ഷണീയാവശ്യമാണ്. അതിന്ന് ഉറപ്പുവരുത്തുവാൻ വേണ്ടിയുള്ള പരിശ്രമങ്ങൾ, രാഷ്ട്രീ

യോപാധികൾമുഖേന മാത്രം നിർവ്വഹിക്കുവാൻ കഴിയുന്ന ഒരു രാഷ്ട്രീയകടമയായിത്തീർന്നുകൊണ്ടിരിക്കുകയാണ്. സ്റ്റേററുകൾ തമ്മിലുള്ള ബന്ധങ്ങളെ, ആയുധങ്ങൾക്കു നൽകാൻ കഴിയുന്നതിനേക്കാൾ കൂടുതൽ വിശ്വസനീയമായ ഒരു അടിത്തറയിൽ കെട്ടിപ്പടുക്കേണ്ട സമയമായിരിക്കുന്നു. നമ്മൾ ഒരു ബദൽ കാണുന്നില്ല; അതിനുവേണ്ടി ശ്രമിക്കുന്നില്ല.

ഖേദകരമെന്നു പറയട്ടെ, തങ്ങൾക്കു മാത്രം അനുഗുണമായ പ്രത്യേക സുരക്ഷിതത്വത്തിന്നുവേണ്ടി ശ്രമിക്കുന്ന ചിലർ ഇപ്പോഴും സാർവ്വദേശീയസമുച്ചയത്തിലുണ്ട്. വാഷിങ്ടനിലെ ചിന്തനത്തിന്റെ പോക്കിൽ ഇതു പ്രകടമാവുന്നുണ്ട്. കൈയ്യൂക്കിന്നുവേണ്ടിയുള്ള ആഹ്വാനം ഇപ്പോഴും അവിടെ ഫാഷനാണ്; കൈയ്യൂക്ക്, ലോകരാഷ്ട്രീയത്തിലെ ഏററവും ബോധനീയമായ വാദമുഖമായി ഇപ്പോഴും അവിടെ കരുതപ്പെടുന്നു. സോവിയററ്-അമേരിക്കൻ ബന്ധങ്ങളും മൊത്തത്തിൽ സാർവ്വദേശീയ സ്ഥിതിയാകെയും, ദീർഘകാലാടിസ്ഥാനത്തിൽ സാരമായി മെച്ചപ്പെടുവാനുള്ള സാദ്ധ്യതയെ ചിലർ ഭയപ്പെടുന്നതായി തോന്നുന്നു.

ഇത്തരമൊരു സ്ഥിതിയെ നമ്മൾ അഭിമുഖീകരിക്കുന്നത് ഇതാദ്യമായിട്ടല്ല. ഇന്നും ആക്രമണവ്യഗ്രങ്ങളായ മിലിട്ടറിസ്റ്റ് ശക്തികൾ, അഭിമുഖീകരണം എന്നെന്നും തുടരുവാൻ ആഗ്രഹിക്കുന്നുവെന്നത് വാസ്തവമാണ്. സഖാക്കളേ, നമ്മൾ എന്താണ് ചെയ്യേണ്ടത്? വാതിൽ കൊട്ടിയടയ്ക്കുകയാണോ വേണ്ടത്? അത്തരമൊരവസ്ഥയിലേക്കാണ് നമ്മളെ തള്ളിവിടാൻ അവർ ശ്രമിക്കുന്നതെന്ന കാര്യം അവഗണിച്ചുകൂടാ. എന്നാൽ, രാജ്യത്തിന്റെ ഭാഗധേയത്തെയും സമാധാനത്തിന്റെ ഭാഗധേയത്തെയും സംബന്ധിച്ചേടത്തോളം നമുക്കുള്ള ഉത്തരവാദിത്തത്തെപ്പററി നമുക്കു നല്ല ബോധമുണ്ട്. അതിനാൽ നുക്ലിയർ ഭീഷണിയുമായും ആയുധപ്പന്തയവുമായും ഒത്തിണങ്ങിപ്പോകുന്നതിന്ന് മനുഷ്യരാശിയെ നിർബ്ബന്ധിക്കുവാൻ ആഗ്രഹിക്കുന്നവരുടെ കൈയിലെ കരുക്കളായിത്തീരുവാൻ നമുക്കുദ്ദേശമില്ല

സോവിയററ് വിദേശനയം, പരസ്പരധാരണയ്ക്കുവേണ്ടിയുള്ള അന്വേഷണത്തെയും സംവാദത്തെയും, സ്റ്റേററുകൾ തമ്മിലുള്ള ബന്ധങ്ങളിലെ സാർവ്വത്രികമാനകമെന്ന നിലയിൽ സമാധാനപരമായ സഹവർത്തത്വത്തിന്റെ സമർത്ഥനത്തെയും ഉൻമുഖമാക്കിയുള്ളതാണ്. ഇതെങ്ങിനെ കൈവരിക്കണമെന്നതിനെപ്പററിയ വ്യക്തമായ ഒരാശയവും സമാധാനം നിലനിർത്തുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നതിന്നുള്ള മൂർത്തമായ ഒരു കർമ്മപരിപാടിയും നമുക്കുണ്ട്.

സോവിയററ് യൂണിയൻ ലോകരംഗത്ത്, ഒളിച്ചുകളിയൊന്നുമില്ലാതെ, ഉത്തരവാദിത്തപൂർണ്ണമായ ഒരു രീതിയിൽ, ഊർജ്ജസ്വലമായും ആത്മാർത്ഥമായും പ്രവർത്തിക്കുന്നു; തുടർന്നും അങ്ങിനെ പ്രവർത്തിക്കുന്നതാണ്. നൂക്ലിയറായുധങ്ങളെ നിർമ്മാർജ്ജനം ചെയ്യുന്നതിന്നും ആയുധപ്പന്തയത്തെ സാരമായി പരിമിതിപ്പെടുത്തുന്നതിന്നും എല്ലാ രാജ്യങ്ങൾക്കും തുല്യമായിട്ടുള്ള, വിശ്വസനീയമായ ഒരു സാർവ്വദേശീയ സുരക്ഷിതത്വവ്യവസ്ഥ കെട്ടിപ്പടുക്കുന്നതിന്നുംവേണ്ടി സ്ഥിരോൽസാഹത്തോടെയും പ്രത്യുൽപന്നമതിത്വത്തോടെയും പ്രവർത്തിക്കുവാൻ നമ്മൾ ഉദ്ദേശിക്കുന്നു സമാധാനത്തെ പരിരക്ഷിക്കുവാനും ആയുധപ്പന്തയത്തിന്ന് കടിഞ്ഞാണിടുവാനുമുള്ള ഒരു നിയോഗം, ഈ കോൺഗ്രസ്സിലെ പ്രതിനിധികളുടെ പ്രസംഗങ്ങളിൽ ശക്തിയുക്തമായും ആവേശകരമായും പ്രതിധ്വനിച്ചു. പാർട്ടി നീക്കുപോക്കില്ലാതെ ഈ നിയോഗമനുസരിച്ച് പ്രവർത്തിക്കുന്നതാണ്.

ഇന്നത്തെ ലോകരാഷ്ട്രീയത്തിന്റെ മർമ്മപ്രധാനമായ പ്രശ്നത്തെ — യുദ്ധത്തിന്റെയും സമാധാനത്തിന്റെയും പ്രശ്നത്തെ — ഉത്തരവാദിത്തബോധത്തോടുകൂടി സമീപിക്കുവാൻ, മറേറ സാമൂഹ്യവ്യവസ്ഥിതിയിൽപെട്ട രാജ്യങ്ങളുടെ നേതാക്കളെ നമ്മൾ ഉദ്ബോധിപ്പിക്കുന്നു.

നമ്മുടെ ജനങ്ങൾക്ക്, സ്ഥായിയായ സമാധാനത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും സാഹചര്യങ്ങളിൽ പ്രവർത്തിക്കുവാനുള്ള സൗകര്യത്തിന്നു ഉറപ്പുവരുത്തുവാൻവേണ്ടി സി. പി. എസ്. യു. വിന്റെയും സോവിയററ് സ്റ്റേററിന്റെയും നേതൃത്വം പരമാവധി പ്രവർത്തിക്കുന്നതാണ്. കോൺഗ്രസ്സ് പുനഃസ്ഥിരീകരിച്ചതുപോലെ, സമാധാനത്തിന്നും സ്വാതന്ത്ര്യത്തിന്നും മാനവരാശിയുടെ പുരോഗതിക്കുംവേണ്ടിയുള്ള സമരത്തിൽ നമ്മുടെ പാർട്ടിക്കും സോവിയററ് നാടിന്നും വിദേശങ്ങളിൽ ധാരാളം ബന്ധുക്കളും അനുകൂലികളും പങ്കാളികളുമുണ്ട്.

സോഷ്യലിസ്റ്റ് രാജ്യങ്ങളുടെ നേതാക്കളെ ഇവിടെ കാണുന്നതിൽ നമുക്കു ആത്മാർത്ഥമായ സന്തോഷമുണ്ട്. ഈ രാജ്യങ്ങളിലെ കമ്യൂണിസ്റ്റ് പാർട്ടികളും ജനതകളും സി. പി. എസ്. യു. വിനോടും സോവിയററ് യൂണിയനോടും പുലർത്തുന്ന സഹഭാവത്തിന്ന്, അവരോട് കോൺഗ്രസ്സിന്റെ പേരിൽ ആത്മാർത്ഥമായ കൃതജ്ഞത പ്രകടിപ്പിക്കുവാൻ എന്നെ അനുവദിച്ചാലും.

സോഷ്യലിസ്റ്റ് രാജ്യങ്ങളിലെ പല സഹോദരപ്പാർട്ടികളെ സംബന്ധിച്ചേടത്തോളവും ഇത് കോൺഗ്രസ്സിന്റെ ഒരു വർഷമാണ്. രാജ്യഭരണം നടത്തുന്ന കമ്യൂണിസ്റ്റ് പാർട്ടികളുടെ മുമ്പാകെ ചരിത്രഗതി ഉന്നയിച്ചിട്ടുള്ള പ്രശ്നങ്ങൾക്കും കടമകൾക്കും പൊതുവായി പലതുമുണ്ട്. അവയോട് യഥോചിതം പ്രതികരിക്കുന്ന ഓരോ പാർട്ടിയും ലോകസോഷ്യലിസത്തിന്റെ സഞ്ചിതാനുഭവങ്ങളുടെ ഭണ്ഡാഗാരത്തിലേക്ക് സ്വന്തം സംഭാവനനൽകുന്നു. പ്രിയസുഹൃത്തുക്കളെ, ഞങ്ങൾ നിങ്ങൾക്ക്വിജയമാശംസിക്കുന്നു.

കമ്യൂണിസ്റ്റ് പാർട്ടികളുടെയും വിപ്ലവ ജനാധിപത്യപ്പാർട്ടികളുടെയും സോഷ്യലിസ്റ്റ് പാർട്ടികളുടെയും സോഷ്യൽ ഡെമോക്രാററിക് പാർട്ടികളുടെയും പ്രതിനിധികളും, ജനാധിപത്യ-വിമോചന-യുദ്ധവിരുദ്ധ ശക്തികളുടെയും പ്രസ്ഥാനങ്ങളുടെയും പ്രതിനിധികളും കോൺഗ്രസ്സിന്ന് ഉഷ്മളാഭിവാദ്യങ്ങൾ അർപ്പിച്ചതിൽ സി. പി. എസ്. യു.വിന്ന് അവരോടു കൃതജ്ഞതയുണ്ട്. സാർവ്വദേശീയ സുരക്ഷിതത്വത്തിന്റെ സമഗ്രമായ ഒരു വിധാനം സ്ഥാപിക്കുന്നത് സംബന്ധിച്ച് കോൺഗ്രസ്സ് മുൻവെച്ച ആശയത്തോടും, ഈ നൂററാണ്ട് അവസാനിക്കുന്നതിന്നു മുമ്പായി നുക്ലിയറായുധങ്ങൾ നിർമ്മാർജ്ജനംചെയ്യുന്നതിന്നുള്ള പദ്ധതിയോടും അവർ പ്രകടിപ്പിച്ച ധാരണയെയും പിന്തുണയെയും നമ്മൾ അതിയായി വിലമതിക്കുന്നു. അവ എല്ലാ ജനതകളുടെയും എല്ലാ രാജ്യങ്ങളുടെയും മാനവരാശിയുടെയാകെയും യഥാർത്ഥ താല്പര്യങ്ങൾക്ക് അനുരൂപമാണെന്ന് സി. പി. എസ്. യു വിന്ന് ബോദ്ധ്യമുണ്ട്

സഖാക്കളേ, സാമൂഹ്യവികാസത്തിലെ ഒരു വഴിത്തിരിവായ ഇന്നത്തെ ഘട്ടത്തിൽ ലെനിനിസ്റ്റ് പാർട്ടി അതിന്റെ ചരിത്രപരമായ കടമകൾ നിർവ്വഹിക്കുവാൻ പ്രാപ്തിയുള്ളതാണെന്ന് നമ്മുടെ കോൺഗ്രസ്സ് തെളിയിച്ചിരിക്കന്നു. തൊഴിലാളിവർഗ്ഗവും കർഷകജനതയും ബുദ്ധിജീവിവിഭാഗവും സമസ്ത സോവിയററ് ജനങ്ങളും നമ്മിൽ അർപ്പിച്ചിട്ടുള്ള വിശ്വാസത്തെ നമ്മൾ അമൂല്യമായി കരുതുന്നു എന്ന്, പാർട്ടിയെയാകെ പ്രതിനിധാനംചെയ്യുന്ന പ്രതിനിധികളുടെപേരിൽ ഈ വേദിയിൽ നിന്നുകൊണ്ട് പ്രസ്താവിക്കുവാൻ ഞാനാഗ്രഹിക്കുന്നു. നമ്മുടെ ജനങ്ങളുടെയും, മാതൃഭൂമിയുടെയും, സോഷ്യലിസത്തിന്റെയും സമാധാനത്തിന്റെയും താല്പര്യങ്ങളെ, മറെറല്ലാററിനേക്കാളും വിലപ്പെട്ടതായി നമ്മൾ കണക്കാക്കുന്നു. സോവിയററ് യൂണിയനിലെ കമ്യൂണിസ്റ്റ് പാർട്ടിയുടെ 27-ാം കോൺഗ്രസ്സ് കൈക്കൊണ്ട തീരുമാനങ്ങൾ ജീവിതത്തിലേക്കു പകർത്തുന്നതിന്നായി നമ്മൾ എല്ലാ ശക്തിയും ഊർജ്ജവുമുപയോഗിച്ച് പ്രവർത്തിക്കുന്നതായിരിക്കും. □

# ഇന്ത്യൻ അതിഥികൾ സി. പി. എസ്. യു. കോൺഗ്രസ്സിനെ അഭിവാദ്യം ചെയ്യുന്നു


## സി. രാജേശ്വരറാവു

*(ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടി നേഷനൽ കൗൺസിൽ ജനറൽ സെക്രട്ടറി)*


പ്രസീഡിയത്തിലെ സഖാക്കളേ, ബഹുമാന്യാതിഥികളേ, പ്രിയപ്പെട്ട പ്രതിനിധികളേ,

നിങ്ങളുടെ ഈ സുപ്രധാനമായ പാർട്ടി കോൺഗ്രസ്സിൽ സംബന്ധിക്കാൻ ഞങ്ങളെ ക്ഷണിച്ചതിന്ന് ഞങ്ങളുടെ പ്രതിനിധിസംഘത്തിന്റെ പേരിൽ സോവിയറ്റ് യൂണിയനിലെ കമ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തോട് ആത്മാർത്ഥമായ നന്ദി പ്രകാശിപ്പിക്കാൻ എന്നെ അനുവദിച്ചാലും.

ഈ അവിസ്മരണീയമായ അവസരത്തിൽ എല്ലാ സോവിയറ്റ് കമ്യൂണിസ്റ്റുകാർക്കും മഹത്തായ സോവിയറ്റ് ജനതയ്ക്കും ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടിയുടെ ഊഷ്മളമായ അഭിവാദനങ്ങൾ ഞാൻ അർപ്പിച്ചുകൊള്ളുന്നു.

ലോകമിന്ന് വളരെ ഗുരുതരമായ ഒരു സ്ഥിതിവിശേഷത്തിലൂടെയാണ് കടന്നുപോകുന്നത്. ആണവയുദ്ധസർവ്വനാശത്തിന്റെ ഭീഷണി മാനവരാശിയുടെ തലയ്ക്കു മുകളിൽ ഡമോക്ലിസ്സിന്റെ വാൾപോലെ തൂങ്ങിനിൽക്കുന്നു. ആണവയുദ്ധത്തെ തടയുക എന്നതും സർവ്വനാശത്തിൽനിന്നു മാനവനാഗരികതയെ സംരക്ഷിക്കുക എന്നതും കമ്യൂണിസ്റ്റുകാരുടെ മാത്രമല്ല, പ്രത്യുത എല്ലാ സമാധാനപ്രേമികളുടെയും സദുദ്ദേശഭരിതരായ ആളുകളുടേയും കേന്ദ്രകടമയാണ്. ഈ ഗ്രഹം നമ്മുടെ പൊതുവായ വീടാണ്; ആരിഷ്ടപ്പെട്ടാലുമില്ലെങ്കിലും, പരിഷ്കൃതമായ ഒരു രീതിയിൽ നമുക്കിവിടെ ഒന്നിച്ചു ജീവിക്കേണ്ടതുണ്ട്.

അണുവായുധപ്പന്തയം അവസാനിപ്പിക്കുന്നതിന്നും നൂക്ലിയർ സർവ്വനാശത്തിൽനിന്നു മനുഷ്യരാശിയെ രക്ഷിക്കുന്നതിന്നും വേണ്ടി സോവിയറ്റ് യൂണിയനും സോഷ്യലിസ്റ്റ് സമൂഹവും പ്രായോഗികനിർദ്ദേശങ്ങൾ സുസ്ഥിരമായി ഉന്നയിച്ചുകൊണ്ടിരിക്കുന്നു. ജനീവയിൽ നടന്ന സോവിയറ്റ്-അമേരിക്കൻ ഉച്ചകോടി തകരാതെ വിജയിപ്പിച്ചത് മിഖയിൽ ഗോർബച്ചേവ് അത് സമർത്ഥമായി കൈകാര്യം ചെയ്തതുകൊണ്ടാണ്; അങ്ങിനെ, സമാധാനശക്തികൾക്ക് അവരുടെ യുദ്ധവിരുദ്ധക്യാമ്പെയിൻ ശക്തിപ്പെടുത്താൻ അവസരവും മാനവരാശിക്കു പുതിയൊരു പ്രത്യാശയും ലഭിച്ചു. "ഒരാണവയുദ്ധം ജയിക്കാവതല്ലെന്നും" ഒരിക്കലും അത്തരമൊരു യുദ്ധം ചെയ്തുകൂടെന്നും പ്രസിഡണ്ട് റീഗൻ ജനീവാ ഉച്ചകോടിയിൽ സമ്മതിച്ചു. സോവിയറ്റ് യൂണിയനും അമേരിക്കയും തമ്മിലുളള ഏതൊരു യുദ്ധവും സർവ്വനാശകാരിയായേയ്ക്കാമെന്നും അദ്ദേഹം സമ്മതിച്ചു. ഇതിന്നു റീഗനെ നിർബ്ബന്ധിതനാക്കിയത് ലോകപൊതുജനാഭിപ്രായമാണ്.

അണുവായുധങ്ങളെയാകെ നിർമ്മൂലനം ചെയ്യുവാനും അങ്ങിനെ മനുഷ്യരാശിക്കുവേണ്ടി ഈ ഗ്രഹത്തെ സുരക്ഷിതമാക്കുവാനും വേണ്ടി സഖാവ് ഗോർബച്ചേവ് മുൻവെച്ച ഏറ്റവും ഒടുവിലത്തെ ത്രിഘട്ടപദ്ധതി ലോകവ്യാപകമായി സ്വാഗതം ചെയ്യപ്പെട്ടിരിക്കുന്നു. സോവിയറ്റ് യൂണിയനും സോഷ്യലിസ്റ്റ് സമൂഹത്തിലെ ഇതരരാജ്യങ്ങളും മുൻവെച്ച വിവിധ സമാധാന മുൻകൈനിർദ്ദേശങ്ങളെ സർവ്വാത്മനാ പിന്താങ്ങിവന്നിട്ടുണ്ട് ഞങ്ങളുടെ പാർട്ടി. ഇരുപതാം നൂറ്റാണ്ടോടെ ആണവായുധങ്ങൾ പൂർണ്ണമായും തുടച്ചുനീ

ക്കാനുള്ള ഈ ഏററവും ഒടുവിലത്തെ നിർദ്ദേശങ്ങളെയും ഞങ്ങളുടെ പാർട്ടി പൂർണ്ണമായി പിൻതാങ്ങുന്നു.

സി. പി. എസ്. യു. ജനറൽ സിക്രട്ടറി സഖാവ് ഗോർബച്ചേവും പ്രസിഡണ്ട് റീഗനും തമ്മിലുള്ള സമാധാനസംഭാഷണത്തിൻെറ വിജയത്തിന്ന് 1986 ഒരു നിർണ്ണായകവർഷമാണ്. യുദ്ധക്കൊതിയരുടെ കൈകൾ വരിഞ്ഞുകെട്ടാനുള്ള ക്യാമ്പെയിൻ ശക്തമാക്കുന്നതിന്നായി രാഷ്ട്രീയാഭിപ്രായവ്യത്യാസ പരിഗണനയെന്യേ മുഴുവൻ സമാധാനശക്തികളും ഒന്നിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

മാനവരാശി സ്വയം നശിപ്പിക്കപ്പെടാൻ അനുവദിക്കുകയില്ലെന്ന് എനിക്കുറപ്പുണ്ട്. ഈ പ്രകൃതത്തിൽ, നൂക്ലിയറായുധപ്പന്തയം അവസാനിപ്പിക്കാൻ നോബെൽ സമ്മാനവിജയികൾ പുറപ്പെടുവിച്ചിട്ടുള്ള ആഹ്വാനവും, നൂക്ലിയറായുധങ്ങൾക്കെതിരായ ഭിഷഗ്വരരുടെ ലോകസംഘടനയ്ക്ക് നോബെൽ സമാധാനസമ്മാനം നൽകപ്പെട്ടതും എത്രയും അർത്ഥപ്രധാനമാണ്.

ലോകയുദ്ധത്തെ തടയുന്നത് മാനവരാശിയെ രക്ഷിക്കുക മാത്രമല്ല ചെയ്യുക; പ്രത്യുത, സാമൂഹ്യപുരോഗതിയെ സഹായിക്കുകയും അദ്ധ്വാനിക്കുന്ന ജനങ്ങളുടെ കഷ്ടപ്പാടുകൾ ദൂരീകരിക്കുകയും ചെയ്യും അത്. തൊഴിലില്ലായ്മ, നാണയപ്പെരുപ്പം, ദാരിദ്ര്യം എന്നിങ്ങിനെ വികസിതമുതലാളിത്തരാജ്യങ്ങളെപ്പോലും ബാധിച്ചിരിക്കുന്ന പ്രശ്നങ്ങൾക്കു പരിഹാരമായി സാമ്രാജ്യത്വത്തിന്നു യാതൊന്നും നിർദ്ദേശിക്കാനില്ല. അതുകൊണ്ടാണത് ചരിത്രത്തിൻെറ ചക്രങ്ങൾ പുറകോട്ടു തിരിക്കാനായി ആണവായുധപ്പന്തയമെന്ന സാഹസത്തിന്നു മുതിർന്നുകൊണ്ടിരിക്കുന്നത്. നേരെ മറിച്ചാണ് സോഷ്യലിസ്റ്റ് ലോകത്തിൻെറ സ്ഥിതി. മുതലാളിത്തത്തിൻെറ ദൂഷ്യങ്ങളൊന്നുംകൂടാതെ വിജയകരമായി മുന്നേറിക്കൊണ്ടിരിക്കുകയും, അത്യാധുനിക സാങ്കേതികവിദ്യ വികസിപ്പിച്ചുകൊണ്ട് ജനങ്ങളുടെ ജീവിതനിലവാരങ്ങൾ അഭിവൃദ്ധിപ്പെടുത്തിക്കൊണ്ടിരിക്കുകയുമാണ് സോഷ്യലിസ്റ്റ് ലോകം. ഇതു മാത്രമല്ല പരിസ്ഥിതിമലിനീകരണം, തെർമോ-നൂക്ലിയർ ഊർജ്ജവികസനം, സമാധാനപരമായ ആവശ്യങ്ങൾക്കായുള്ള ബഹിരാകാശപര്യവേക്ഷണം, നവസ്വതന്ത്രരാജ്യങ്ങളുടെ പിന്നോക്കാവസ്ഥ പരിഹരിക്കൽ, മാരകവ്യാധികളെ നിർമ്മാർജ്ജനം ചെയ്യൽ എന്നിങ്ങിനെ മാനവരാശിയുടെ ഭാവിയെസ്സംബന്ധിക്കുന്ന മർമ്മപ്രധാനങ്ങളായ ആഗോളപ്രശ്നങ്ങളുടെ പരിഹാരത്തിന്നു മുതലാളിത്തരാജ്യങ്ങളുമായി സഹകരിക്കാൻ സോവിയററ് യൂണിയൻ നിർദ്ദേശങ്ങൾ മുൻവെച്ചിരിക്കുന്നു.

ലോകത്തിൽ കോടിക്കണക്കിനാളുകൾ അടിസ്ഥാനപരമായ സൌകര്യങ്ങൾപോലും ലഭിക്കാതെ പട്ടിണി കിടക്കുമ്പോൾ കോടിക്കണക്കിൽ ഡോളർ നൂക്ലിയർ ആയുധങ്ങൾക്കു വേണ്ടി പാഴ്ചെലവു ചെയ്യുന്നത് അധാർമ്മികമാണ്.

അമേരിക്കൻ സാമ്രാജ്യവാദികളും അവരുടെ *നാറ്റോ* സഖ്യശക്തികളും മനുഷ്യരാശിയ്ക്ക് നൂക്ലിയർ ആയുധപ്പന്തയംകൊണ്ടു ആപത്തുളവാക്കുക മാത്രമല്ല. വികസ്വരരാജ്യങ്ങൾക്കെതിരായുള്ള തങ്ങളുടെ ആക്രമണപരമായ പ്രവർത്തനങ്ങൾക്കു ഊക്കു കൂട്ടുകയും ചെയ്തുവരുന്നുണ്ട്.

സാമ്രാജ്യത്വാക്രമണ നടപടികൾക്കെതിരായി പോരാടിക്കൊണ്ടിരിക്കുന്ന എല്ലാവർക്കും ഈ കോൺഗ്രസ്സിൻെറ വേദിയിൽനിന്നുകൊണ്ട് ഞാൻ ഞങ്ങളുടെ പാർട്ടിയുടെ പരിപൂർണ്ണ പിൻതുണ പ്രഖ്യാപിക്കുന്നു. അമേരിക്കയുടെ നഗ്നമായ ഇടപെടൽഭീഷണിയെ നേരിടുന്ന, നിക്കരാഗ്വയിലെ ധീരരായ ജനങ്ങളോടു ഞങ്ങൾ ഐക്യദാർഢ്യം പ്രകടിപ്പിക്കുന്നു. ദക്ഷിണാഫ്രിക്കയിലും നമീബിയയിലും വർണ്ണവെറിയൻ ഭരണകൂടത്തിന്നെതിരെ പൊരുതുന്ന അജയ്യരായ ജനങ്ങളോടു ഞങ്ങൾ ഹാർദ്ദമായ സഹഭാവം പ്രകടിപ്പിക്കുന്നു. സ്വതന്ത്ര പാലസ്റ്റീൻ രാഷ്ട്രത്തിന്നുവേണ്ടി ധീരോദാത്തമായി പടവെട്ടുന്ന നമ്മുടെ പാലസ്തീൻ സഹോദരരുടെ സമരത്തെ ഞങ്ങൾ പിൻതുണയ്ക്കുന്നു.

മനവരാശിയെ സംബന്ധിച്ചേടത്തോളം നിർണ്ണായകമായ ഈ സ്ഥിതിവിശേഷത്തിൽ സാർവ്വദേശീയ കമ്മ്യൂണിസ്റ്റുപ്രസ്ഥാനത്തിന്നു വമ്പിച്ച ഉത്തരവാദിത്വമാണുള്ളത്. മററു കാര്യങ്ങളിൽ എന്തുതന്നെ അഭിപ്രായവ്യത്യാസങ്ങളുണ്ടായിരുന്നാലും, ലോകസമാധാനത്തെ പരിരക്ഷിക്കുന്ന കാര്യത്തിലും സാമ്രാജ്യവാദികളുടെ ആക്രമണോദ്യുക്ത നടപടികൾക്കെതിരായി പോരാടുന്ന കാര്യത്തിലും യാതൊരഭിപ്രായവ്യത്യാസവും ഉണ്ടാകാൻ നിവൃത്തിയില്ല എന്നാണ് ഞങ്ങളുടെ ഉറച്ച അഭിപ്രായം. ലോകസമാധാന സംരക്ഷണത്തിന്നുവേണ്ടി സർവ്വവിധേനയും, എല്ലാ കഴിവുമുപയോഗിച്ചു പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സോവിയററുയൂണിയനേയും, ലോകസമാധാനത്തെ അപകടപ്പെടുത്താൻ കച്ചകെട്ടിയിറങ്ങിയിരിക്കുന്ന അമേരിക്കൻ സാമ്രാജ്യത്വത്തേയും ഒരുപോലെ ചിത്രീകരിക്കുന്ന പ്രവണതയ്ക്കു ഞങ്ങളുടെ പാർട്ടി എതിരാണെന്ന് വ്യക്തമാക്കാൻ ഞാനാഗ്രക്കുന്നു. അതുപോലെതന്നെ, ആക്രമണോത്സുക സൈനിക സഖ്യമായ *നാറേറാ*വിനേയും പ്രതിരോധ സഖ്യമായ വാഴ്സാ ഉടമ്പടിയേയും തുല്യപ്പെടുത്തുന്നതിനേയും ഞങ്ങൾ എതിർക്കുന്നു.

രണ്ടാം ലോകയുദ്ധകാലത്ത് ഫാസിസ്റ്റുഭീഷണിയ്ക്കെതിരായ പോരാട്ടത്തിൽ സാർവ്വദേശീയ കമ്മ്യൂണിസ്റ്റുപ്രസ്ഥാനം ചെയ്തതുപോലെ ഇപ്പോൾ ലോകസമാധാനത്തെ കാത്തുരക്ഷിക്കുന്നതിന്നു ഉറച്ച ഒരു മുന്നണി പ്രദാനംചെയ്യാൻ ഒന്നിക്കണമെന്നു ഞാൻ സഹോദരപ്പാർട്ടികളോടു ഈ കോൺഗ്രസ്സിൻെറ വേദിയിൽനിന്നു അഭ്യർത്ഥിക്കുന്നു.

ഇന്ത്യയും സോവിയററുയൂണിയനും തമ്മിൽ പല വർഷങ്ങൾക്കിടയിൽ പടുത്തുയർത്തിയിട്ടുള്ള കാലപരീക്ഷിതവും ബഹുമുഖവുമായ സൌഹൃദ-സഹകരണത്തെ ഞങ്ങൾ വിലമതിക്കുന്നു. ലോകസമാധാന സംരക്ഷണത്തിലും, ഇന്ത്യയുടെ സ്വതന്ത്ര സാമ്പത്തികവികസനവും ദേശീയഭദ്രതയും ഭൂപരമായ അപരിഹരിന്നതയും കാത്തുരക്ഷിക്കുന്നതിലും ഈ സൌഹൃദ-സഹകരണബന്ധത്തിന്ന് ഇന്നത്തെ സാർവ്വദേശീയ സ്ഥിതിയിൽ സവിശേഷ പ്രാധാന്യമുണ്ട്.

പരേതനായ പണ്ഡിററ് ജവഹർലാൽ നെഹ്റുവിൻെറ കാലംതൊട്ടേ ഞങ്ങളുടെ രാജ്യം ലോകസമാധാനത്തിൻെറതും വംശീയവാദവിരോധത്തിൻെറതും, സോവിയററുയൂണിയനുമായും മററു സോഷ്യലിസ്റ്റു രാജ്യങ്ങളുമായും സമാധാനപ്രേമികളായ രാജ്യങ്ങളുമായുമുള്ള സൌഹൃദത്തിൻെറതുമായ ഒരു നയമാണ് പിൻതുടർന്നുവരുന്നത് എന്നതിൽ ഞങ്ങൾ അഭിമാനംകൊള്ളുന്നു. ഇന്നത്തെ രാജീവ് ഗാന്ധി ഗവർമ്മേണ്ടും ഞങ്ങളുടെ രാജ്യത്തിൻെറ ഈ പുരോഗമനപരമായ വിദേശനയമാണ് പിൻതുടർന്നുവരുന്നത് എന്നത് ചാരിതാർത്ഥ്യജനകമായ ഒരു സംഗതിയാണ്. അഭ്യന്തരകാര്യങ്ങളിൽ ഞങ്ങൾക്ക് അഭിപ്രായഭിന്നതകളുണ്ടാവാം. എന്നാൽ, രാജ്യത്തിലെ എല്ലാ സമാധാനപ്രേമികളുടേയും ഐക്യത്തെ സഹായിക്കുന്നതിനും സാർവ്വദേശീയരംഗത്തു, സമാധാനത്തിൻെറയും സാമ്രാജ്യത്വവിരോധത്തിൻെറയും പക്ഷത്ത് ഞങ്ങളുടെ രാജ്യം കൂടുതൽ ഫലപ്രദമായ ഒരു പങ്കുവഹിച്ചുകാണുന്നതിന്നും ഞങ്ങളുടെ പാർട്ടി കഴിവതെല്ലാം ചെയ്യും. മഹത്തായ സോവിയററു കമ്യൂണിസ്റ്റു പാർട്ടി നീണാൾ വാഴട്ടെ! ലോകസമധാനം നീണാൾ വാഴട്ടെ! സോവിയററുയൂണിയനും ഇന്ത്യയും തമ്മിലുള്ള സൌഹൃദം നീണാൾ വാഴട്ടെ! □

# എം. ബസവ പുന്നയ്യ

*ഇന്ത്യൻ കമ്യൂണിസ്ററുപാർട്ടി (മാർക്സിററ്) പൊളിററിക്കൽ ബ്യൂറോ മെംബർ*

പ്രിയപ്പെട്ട സഖാക്കളേ,

ഇന്ത്യൻ കമ്യൂണിസ്റ്റുപാർട്ടി (മാർക്സിസ്റ്റ്)യുടെ സെൻട്രൽ കമ്മിററിയും അതിന്റെ ജനറൽ സിക്രട്ടറി ഇ. എം. എസ്. നമ്പൂതിരിപ്പാടും സോവിയററു കമ്യൂണിസ്റ്റുപാർട്ടിയുടെ 27-ാം കോൺഗ്രസ്സിനെ ഊഷ്മളമായി അഭിവാദ്യം ചെയ്യുന്നു. അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ യുദ്ധക്കൊതിനയം മൂലം ലോകം നൂക്ലിയർ യുദ്ധത്തിന്റെ ഭീഷണിക്ക് പാത്രമായിത്തീർന്ന ഒരു സന്ദിഗ്ദ്ധഘട്ടത്തിലാണ് ഈ കോൺഗ്രസ് നടക്കുന്നത്. സോവിയററു യൂണിയൻ ഇന്ന് ലോകസമാധാനത്തിന്നുവേണ്ടിയുള്ള സമരത്തിന്റെ മുന്നിരയിൽ നിലയുറപ്പിച്ചിരിക്കുന്നു.

മോസ്കോവിൽ ഇപ്പോൾ ചർച്ച ചെയ്യപ്പെടുന്ന വിഷയങ്ങൾ സോവിയററുയൂണിയനിലെ കമ്യൂണിസ്റ്റുകളെ സംബന്ധിച്ചേടത്തോളം മാത്രമല്ല, ലോകമെങ്ങുമുള്ള കമ്യൂണിസ്റ്റുകളെയും അദ്ധ്വാനിക്കുന്ന ജനങ്ങളെയും സംബന്ധിച്ചേടത്തോളം കൂടി, സമാധാനം കാംക്ഷിക്കുന്ന മനുഷ്യവിഭാഗത്തെയാകെ സംബന്ധിച്ചേടത്തോളംകൂടി, പ്രാധാന്യമുള്ളവയാണ്. അതുകൊണ്ടാണ്, യുദ്ധവും സമാധാനവുമെന്ന ജീവൽപ്രശ്നത്തെയും നവവിമോചിതരാജ്യങ്ങളുടെ സ്വാതന്ത്ര്യത്തിന്റെ രക്ഷയെയും സാമൂഹ്യപുരോഗതിയിലേക്ക് മുന്നോട്ടുള്ള പ്രയാണത്തെയും സംബന്ധിച്ചേടത്തോളം വമ്പിച്ച അർത്ഥപ്രാധാന്യമുള്ളതെന്ന നിലയ്ക്ക് നിങ്ങളുടെ നടപടികളെ ലോകമാകെ ഉററുനോക്കുന്നത്.

സി. പി. എസ്. യു. ലോകത്തിലെ ഒന്നാമത്തെ സോഷ്യലിസ്റ്റു വിപ്ലവം നടത്തുകയും പാർട്ടിയുടെയും അദ്ധ്വാനിക്കുന്ന ജനങ്ങളുടെയും ധീരോദാത്തവും ആത്മാർപ്പിതവുമായ യത്നങ്ങൾ മുഖേന വികസിത സോഷ്യലിസത്തിന്റെ ദശയിൽ എത്തിച്ചേരുകയും ചെയ്തു വഴികാട്ടിയിരിക്കുന്നു. ഈ പ്രക്രിയയിലൂടെ നിങ്ങൾ സോഷ്യലിസ്റ്റുവ്യവസ്ഥിതിയുടെ അജയ്യമായ ഔൽകൃഷ്ട്യം സർവ്വർക്കും കാണത്തക്കവിധം സ്ഥാപിച്ചിരിക്കുന്നു.

സി. പി. എസ്. യു. പരിപാടിയുടെ മൂന്നാം പതിപ്പിന്ന് അന്തിമരൂപം നൽകുക എന്ന സുപ്രധാന കടമ ഏറെറടുത്തിരിക്കുകയാണല്ലോ കോൺഗ്രസ്. കഴിഞ്ഞ ഏഴുദശകങ്ങളിലെ, 1961-ൽ ഇന്നത്തെ മൂന്നാം പരിപാടി അംഗീകരിച്ചശേഷമുള്ള കഴിഞ്ഞ രണ്ടു ദശകങ്ങളിലെ വിശേഷിച്ചും, സോഷ്യലിസ്റ്റു വികാസത്തിന്റെ സമ്പന്നാനുഭവങ്ങളെ സമാഹരിക്കുമത്. വികസിത സോഷ്യലിസത്തിന്റെ ദശയിൽ സമുദായത്തിലുണ്ടായ മാററങ്ങളെ അത് വിശകലനം ചെയ്യും; നിലവിലുള്ള സോഷ്യലിസത്തിന്റെ നിലവാരം ഉയർത്തുകയും ശ്രേഷ്ഠതരമാക്കുകയും ചെയ്യുവാനുള്ള നടപടികൾ കൈക്കൊള്ളും അത്; കമ്യൂണിസത്തിന്റെ അന്തിമലക്ഷ്യം പ്രാപിക്കുന്നതിന്നുള്ള കാഴ്ചപ്പാട് അത് മുൻവെക്കും. നിങ്ങളുടെ അന്തിമരൂപം നൽകപ്പെട്ട പരിപാടിയും അതിലെ വ്യവസ്ഥകളും അങ്ങിനെ ലോകത്തിലെ മുഴുവൻ കമ്യൂണിസ്റ്റുകൾക്കും ഉൽപതിഷ്ണുക്കൾക്കും വമ്പിച്ച പ്രാധാന്യമുള്ളതാകും.

1986—1990 കാലത്തേക്കുള്ള സാമ്പത്തികവും സാമൂഹ്യവുമായ വികസനത്തിന്റെ സുനിശ്ചിതമായ പദ്ധതിയും 2000-ാം ആണ്ടുവരെയുള്ള കാലഘട്ടത്തിലേക്ക് വേണ്ട മാർഗ്ഗരേഖകളും കോൺഗ്രസ് ആവിഷ്കരിക്കുന്നതാണ്. സമ്പദ്വിധാനത്തെ അഴിച്ചുപണിത് ജനങ്ങളുടെ ജീവിതനിലവാരം ഇനിയും ഉയർത്തുകയും ഒരു വികസിത സോഷ്യലിസ്റ്റു സമുദായത്തിന്റെ വർദ്ധമാനമായ ഭൗതിക-സാംസ്കാരികാവ

ശ്യങ്ങൾ തൃപ്തിപ്പെടുത്തുകയും ചെയ്യത്തക്കവിധം അതിനെ പ്രവർത്തനക്ഷമമാക്കുവാൻ നിർദ്ദേശിക്കപ്പെട്ട നടപടികൾ ലോകത്തിലെ തൊഴിലാളിവർഗ്ഗത്തിനിടയിൽ പുതിയ ആത്മവിശ്വാസം ജനിപ്പിക്കുകയും മുന്നേറുവാനുള്ള അതിന്റെ നിശ്ചയത്തെ ശക്തിപ്പെടുത്തുകയും ചെയ്യും.

ലോകസമാധാനത്തെ കാത്തുസൂക്ഷിക്കുക എന്ന വിഷയത്തെപ്പററി നിങ്ങളുടെ കോൺഗ്രസ് ഗൗരവബുദ്ധ്യാ ചർച്ചചെയ്യും. അമേരിക്കയുടെ നേതൃത്വത്തിലുള്ള സാമ്രാജ്യത്വം സമാധാനത്തെ തകർക്കുവാനും സോവിയററുയൂണിയനെ ആക്രമണത്തിന്ന് ശരവ്യമാക്കുവാനും ഒരുങ്ങിപ്പുറപ്പെട്ടിരിക്കുകയാണ്. "തന്ത്രപ്രധാന പ്രതിരോധ മുൻകൈ" (നക്ഷത്രയുദ്ധം) അവലംബിച്ചിരിക്കുകയാണ് അതിപ്പോൾ. ഇത് ലോകത്തെ അപകടത്തിലാക്കുന്നു. സാമ്രാജ്യവാദികളുടെ ഈ പ്രകോപനങ്ങൾക്ക് മുമ്പിൽ സോവിയററു യൂണിയൻ, ആപൽസ്ഥിതിയെപ്പററി തികച്ചും ബോധവത്തായിക്കൊണ്ട്, വിവേകം പുനഃസ്ഥാപിക്കുന്നതിന്ന് ഒന്നിനുപിറകെ ഒന്നായി മുൻകൈകളെടുത്തുവന്നു. സി. പി. എസ്. യു. അതിന്റെ ജനറൽ സിക്രട്ടറി സഖാവ് ഗോർബച്ചേവ് മുഖേന എടുത്ത ഊർജ്ജസ്വലവും ഭാവനാസമ്പന്നവുമായ മുൻകൈകളെ ഞങ്ങൾ അഭിനന്ദിക്കുന്നു. അദ്ദേഹത്തിന്റെ, 1986 ജനുവരി 15-ാം തിയ്യതിയിലെ പ്രസ്താവനയിൽ വിശദീകരിക്കപ്പെട്ട ഇയ്യിടത്തെ നിർദ്ദേശങ്ങളിൽ മാനവവംശത്തെ ന്യൂക്ലിയർ യുദ്ധഭീഷണിയിൽനിന്ന് രക്ഷിക്കുവാൻ ഉദ്ദേശിക്കപ്പെട്ട ഒരു ത്രിദശപരിപാടി അടങ്ങിയിരിക്കുന്നു. ഇത്തരുണത്തിൽ, ഞങ്ങളുടെ സെൻട്രൽകമ്മിററി സി. പി. എസ്. യു. വിന്റെയും വാർസാ ഉടമ്പടിരാജ്യങ്ങളുടേയും ഇതര സോഷ്യലിസ്റ്റുരാജ്യങ്ങളുടേയും സമാധാന നിർദ്ദേശങ്ങൾക്ക് ഉറച്ച പിന്തുണ ആവർത്തിച്ചുപ്രഖ്യാപിക്കുന്നു. നിങ്ങളുടെ കോൺഗ്രസ്സിന്റെ വേദിയിൽനിന്ന് യുദ്ധക്കൊതിയൻമാർക്കെതിരായും സമാധാനത്തിന്ന്വേണ്ടിയുമുള്ള സോവിയററു സോഷ്യലിസ്റ്റു വ്യവസ്ഥയുടെ ശക്തിമത്തായ ശബ്ദം ഉയർത്തപ്പെടും.

സാമ്രാജ്യത്വം അതും സോഷ്യലിസ്റ്റു പാളയവും തമ്മിലുള്ള സൈനികശക്തികളുടെ സമാനത മാററിമറിക്കുവാനും ഔത്കൃഷ്ട്യം സ്ഥാപിക്കുവാനും കൊണ്ടുപിടിച്ച ശ്രമം നടത്തിവരികയാണ്. ബലത്തിലെ ഈ സമാനത മാററിമറിക്കുവാൻ അനുവദിക്കുകയില്ലെന്ന് നിങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. സോവിയററു യൂണിയന്റെയും മററു സോഷ്യലിസ്റ്റു രാജ്യങ്ങളുടേയും പ്രതിരോധസന്നദ്ധത സമാധാനം നിലനിർത്തപ്പെടുമെന്നതിന്നുള്ള മുന്നുറപ്പാണ്. കഴിഞ്ഞ നാല് ദശകങ്ങളായി ഈ ജാഗരൂകതയാണ് മറെറാരു യുദ്ധം അഴിച്ചുവിടുന്നതിൽനിന്ന് സാമ്രാജ്യത്വത്തെ തടഞ്ഞുനിർത്തിയത്.

അമേരിക്കൻ സാമ്രാജ്യത്വം സോവിയററ് യൂണിയന്നെതിരായ യുദ്ധസന്നാഹങ്ങൾകൊണ്ട് ആഗോളനിലവാരത്തിൽ യുദ്ധത്തിന്ന് ആസൂത്രണം ചെയ്യുക മാത്രമല്ല ചെയ്യുന്നുള്ളൂ; നവവിമോചിതരാജ്യങ്ങളുടെ സ്വാതന്ത്ര്യത്തെ ധ്വംസിക്കുവാനും വിമോചനപ്രസ്ഥാനങ്ങളെ അടിച്ചമർത്തുവാനും സജീവമായി ഇടങ്കോലിടൽ നടത്തുകകൂടി ചെയ്തുവരുന്നു അത്. ഇതേ സാമ്രാജ്യത്വമാണ് ദക്ഷിണാഫ്രിക്കൻ വംശീയവാദിഭരണത്തിന്ന് പിൻബലം നൽകുകയും വിപ്ലവ നിക്കരാഗ്വായെ ഭീഷണിപ്പെടുത്തുകയും അംഗോളയെ അസ്ഥിരീകരിക്കുന്നതിന്ന് ഗൂഢാലോചന നടത്തുകയും പലസ്തീനിയൻ സമരത്തേയും പുരോഗമന അറബ്ശക്തികളേയും ആക്രമിക്കുന്നതിന്ന്ഇസ്രായേലിനെ ഉപയോഗപ്പെടുത്തുകയും ചെയ്യുന്നത്. ഇത്തരം ഭീഷണികളെ തിരിച്ചടിക്കുകയും, സാമ്രാജ്യത്വത്തിന്നും പുത്തൻകൊളോണിയലിസത്തിന്നും വംശീയവാദത്തിന്നും സിയോണിസത്തിന്നുമെതിരായി പൊരുതുവാൻ വികസ്വരരാജ്യങ്ങളിലെ ജനതകളെ പ്രാപ്തരാക്കുകയും ചെയ്യുന്നതിൽ സുപ്രധാനമായൊരു ഘടകമാണ് നിങ്ങളുടെ അചഞ്ചലമായ പിന്തുണയും സഹഭാവവും.

ഞങ്ങളുടെ രാജ്യം സ്വാതന്ത്ര്യം പ്രാപിച്ച അന്നുതൊട്ട് സോവിയററ്യൂണിയനുമായി ഊട്ടിയുണ്ടാക്കിയ സൗഹൃദത്തിന്റെ ബന്ധങ്ങളെ ഇന്ത്യൻ ജനങ്ങൾ പരിലാളിക്കുന്നു. ഇന്ത്യാ സോവിയററ് സൗഹൃദ-സമാധാന-സഹകരണ ഉടമ്പടിയിൽ മൂർത്തീഭവിച്ച ചിരന്തനമായ ഈ സ്നേഹബന്ധവും മററനവധി സാമ്പത്തിക കരാറുകളും സാമ്രാജ്യത്തസമ്മർദ്ദങ്ങളെ ചെറുക്കുവാനും ഞങ്ങളുടെ രാഷ്ട്രീയവും സാമ്പത്തികവുമായ പരമാധികാരത്തെ ശക്തിപ്പെടുത്തുവാനും ഞങ്ങളുടെ ജനങ്ങൾക്ക് സഹായകമായി വർത്തിച്ചു. അമേരിക്കൻ സാമ്രാജ്യത്വം പാക്കിസ്താനെ ആയുധമണിയിക്കുകയും അസ്ഥിരീകരണ നടപടികൾ സംഘടിപ്പിക്കുകയും ചെയ്തുകൊണ്ട് ശത്രുസർക്കാറുകളാൽ ഇന്ത്യയെ വലയം ചെയ്തിരിക്കുന്ന ഒരു സ്ഥിതിവിശേഷത്തിൽ ഉപഭൂഖണ്ഡത്തിൽ ഒരു സ്ഥിരീകരണഘടകമായി ഈ ബന്ധങ്ങൾ പ്രവർത്തിക്കുന്നു.

സോഷ്യലിസ്റ്റ് നിർമ്മാണത്തിൽ കൈവരിക്കപ്പെട്ട പുരോഗതിയെ ഇന്ത്യയിലെ ജനങ്ങൾ സസൂക്ഷ്മം വീക്ഷിച്ചുകൊണ്ടിരിക്കുന്നു. ഈ പുരോഗതിയെ ഊട്ടിയുറപ്പിക്കുകയും മുന്നോട്ടു കൊണ്ടുപോവുകയും ചെയ്യുന്നു മാർഗ്ഗരേഖകൾ. ഇത് സോവിയററ് യൂണിയനും ഇന്ത്യയും തമ്മിലുള്ള പരസ്പരസഹകരണത്തെ, മററു വികസ്വരരാജ്യങ്ങളുമായുള്ള സഹകരണത്തെ എന്ന പോലെ തന്നെ, പൂർവ്വാധികം ബലപ്പെടുത്തും. കഴിഞ്ഞ മൂന്ന് ദശകങ്ങളായി, രാഷ്ട്രാന്തരബന്ധങ്ങൾ ഈടുററതായി തുടരുകയും, ജനതകൾ തമ്മിലുള്ള മൈത്രി നിർവ്യാജബന്ധമായി ഗാഢതരമായിത്തീരുകയും ചെയ്തു കാണുന്നതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്.

ചേരിചേരാപ്രസ്ഥാനത്തിന്ന്, സമ്പദ്വിധാനത്തെ കാത്തുസൂക്ഷിക്കുവാനും പുതിയൊരു അന്തർദ്ദേശീയ സാമ്പത്തികക്രമം നിലവിൽകൊണ്ടുവരുകവഴി ചേരിചേരാരാജ്യങ്ങളുടെ സാമ്പത്തികസ്വാതന്ത്ര്യം ഉറപ്പു ചെയ്യുവാനുമുള്ള അതിന്റെ സമരത്തിൽ സോവിയററ് യൂണിയൻ അടിപതറാതെ പിന്തുണ നൽകിവന്നിട്ടുണ്ട്. സാമ്രാജ്യത്ത പിപ്പിടികാട്ടലിനെ ചെറുത്തുനിൽക്കുവാൻ ഇത് ചേരിചേരാരാജ്യങ്ങളെ സഹായിച്ചു.

ഇന്ത്യൻ സമുദായത്തിന്റെ മൗലികമായ പരിവർത്തനത്തിന്നുവേണ്ടി സമരം ചെയ്യവേ, നുക്ലിയർ യുദ്ധഭീഷണിക്കെതിരായുള്ള സമരത്തിൽ ഇന്ത്യൻ ജനതയെ അണിനിരത്തുകയും, ശക്തിമത്തായ ഒരു സമാധാനപ്രസ്ഥാനത്തെ വളർത്തുന്നതിന്ന് എല്ലാ പുരോഗമന-ജനാധിപത്യ ശക്തികളുമായി ഒത്തുപിടിക്കുകയും ചെയ്യുക എന്നത് അവിഭാജ്യവും അന്തർദ്ദേശീയവാദപരവുമായ കർത്തവ്യമായി ഞങ്ങളുടെ പാർട്ടി കണക്കാക്കുന്നു. സോവിയററ്സമാധാനമുൻകൈകളെ അത് സുസ്ഥിരം സുദൃഢം പിന്താങ്ങുന്നു. സാമ്രാജ്യവാദികളുടെ ആഗോളഭീഷണികൾക്ക് മുമ്പിൽ സാർവ്വദേശീയ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ അണിയടുപ്പത്തിന്ന് ഞങ്ങളുടെ പാർട്ടി വമ്പിച്ച പ്രാധാന്യം കൽപിക്കുകയും തത്വാനിഷ്ഠയോടുകൂടിയ ഐക്യത്തിന്ന് വേണ്ടി പരിശ്രമിക്കുക ഒരു അവശ്യ കർത്തവ്യമായി കണക്കാക്കുകയും ചെയ്യുന്നു.

ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടി (മാർക്സിസ്റ്റ്) യുടെ സെൻട്രൽ കമ്മിററി ഇവിടെ സമ്മേളിച്ച പ്രതിനിധികൾക്ക് ഹാർദ്ദമായ അനുമോദനം നേരുകയും കോൺഗ്രസ്സിന് സർവ്വവിജയവും ആശംസിക്കുകയും ചെയ്യുന്നു. നിങ്ങളുടെ ശ്രമങ്ങൾ സോഷ്യലിസവും ലോകസമാധാനവുമെന്ന ലക്ഷ്യത്തെ സംബന്ധിച്ചേടത്തോളം അർത്ഥപ്രധാനഫലങ്ങളിലേക്ക് നയിക്കുമെന്നതാണ് ഞങ്ങളുടെ ദൃഢവിശ്വാസം. □

# അർജ്ജുൻസിങ്ങ്

*(ഇന്ത്യൻ നേഷനൽ കോൺഗ്രസ്സ് (ഐ) ഉപാദ്ധ്യക്ഷനും കോൺഗ്രസ്സ് (ഐ) പ്രതിനിധിസംഘം നേതാവും)*

ബഹുമാനപ്പെട്ട അദ്ധ്യക്ഷരേ, ബഹുമാന്യരെ, മഹതികളേ, മഹാൻമാരേ,

സോവിയററു കമ്യൂണിസ്റ്റു പാർട്ടിയുടെ 27-ാം കോൺഗ്രസ്സു പ്രമാണിച്ചു സമ്മേളിച്ചിട്ടുള്ള ഈ വിശിഷ്ടസദസ്സിന്നു ഇന്ത്യൻ നേഷനൽ കോൺഗ്രസ്സിൻെറപേരിൽ ഞാൻ അഭിവാദനങ്ങളർപ്പിക്കുന്നു. ഈ കോൺഗ്രസ്സിൻെറ കൂടിയാലോചനകൾ വരാൻപോകുന്ന അനേക വർഷക്കാലത്തേക്കുള്ള സോവിയററു യൂണിയൻെറ സാമൂഹ്യ-സാമ്പത്തികവും രാഷ്ട്രീയവുമായ വികാസത്തെ വ്യക്തമായി വെളിപ്പെടുത്തുന്നതായിരിക്കും. അത്തരം ചരിത്രപ്രധാന സംഭവങ്ങളുടെ അനാവരണത്തിന്നു സാക്ഷ്യംവഹിക്കുന്നതിൽ എനിയ്ക്കഭിമാനമുണ്ട്.

നുക്ലിയർ ഭീഷണികളിൽനിന്നും ആയുധങ്ങളിൽനിന്നും വിമുക്തമായ ഒരു യുഗം ഉദ്ഘാടനം ചെയ്യുന്നതിന്ന് നിങ്ങളുടെ പാർട്ടിയുടെ ജനറൽ സിക്രട്ടരി മി: ഗോർബച്ചേവ് നൽകിയിട്ടുള്ള ധീരവും രാജ്യതന്ത്രജ്ഞോചിതവുമായ ആഹ്വാനത്തെയും ലോകസമാധാനത്തിന്നുറപ്പുവരുത്തുന്നതിന്നദ്ദേഹം നിർദ്ദേശിച്ചിട്ടുള്ള വിധായകനടപടികളെയും ഞങ്ങൾ ഗാഢമായി വിലമതിക്കുന്നു. മഹാത്മാഗാന്ധിയുടെ അനുയായികൾ എന്ന നിലയിൽ ഞങ്ങൾ അക്രമരാഹിത്യമെന്ന ലക്ഷ്യത്തിൽ വിശ്വസിക്കുന്നു; ഞങ്ങളുടെ ഭരണഘടനയാകട്ടെ, സാർവ്വദേശീയ സമാധാനവും ഭദ്രതയും വളർത്താനും, രാഷ്ട്രങ്ങൾതമ്മിൽ ന്യായവും മാന്യവുമായ ബന്ധങ്ങൾ പുലർത്താനും, സംഘടിതരായ ജനങ്ങൾ അന്യോന്യമുള്ള പെരുമാററങ്ങളിൽസാർവ്വദേശീയ നിയമത്തോടും ഉടമ്പടി ബാദ്ധ്യതകളോടും ബഹുമാനം വളർത്താനും സാർവ്വദേശീയ തർക്കങ്ങൾ അനുരഞ്ജന സംഭാഷണങ്ങളിലൂടെയും സമാധാനപരമായ കൂടിയാലോചനകളിലൂടെയും പരിഹരിക്കുന്നതിനെ പ്രോത്സാഹിപ്പിക്കാനും അനുശാസിക്കുകയും ചെയ്യുന്നു. ഞങ്ങൾ അതുകൊണ്ട്, സാർവ്വദേശീയ സംഘർഷങ്ങൾ ലഘൂകരിക്കുന്നതിലേയ്ക്കു നയിക്കുകയും സായുധ സംഘട്ടനങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിലേയ്ക്കു പുരോഗമിക്കാൻ സംഭാവനനൽകുകയും ചെയ്യുന്ന എല്ലാ നടപടികളെയും പിന്താങ്ങുന്നു.

മാനുഷിക ജീവിതത്തിൻെറ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന്നുവേണ്ടി ശാസ്ത്രം മനുഷ്യരാശിക്കു നൽകിയിട്ടുള്ള മഹത്തായ ശക്തിയെ ഉപയോഗപ്പെടുത്തുന്നതിനെപ്പററി ജവഹർലാൽ നെഹ്റു എപ്പോഴും സംസാരിച്ചിരുന്നു. തൻെറകാലത്തെ സൂക്ഷ്മവേദിയും ആർദ്രചിത്തനുമായ ഒരു രാജ്യതന്ത്രജ്ഞനെന്ന നിലയിൽ അദ്ദേഹം, കൂട്ടസംഹാരത്തിന്നു ശാസ്ത്രത്തിന്നുള്ള വിനാശകരമായ ശേഷിസാദ്ധ്യത ആദ്യമായി കണ്ടവരുടെ കൂട്ടത്തിൽപെടുന്നു. തൻെറ ജീവിതത്തിലുടനീളം അദ്ദേഹം സമാധാനലക്ഷ്യത്തിന്നുവേണ്ടി വാദിച്ചു; ലോകത്തിൽ ചേരിചേരാപ്രസ്ഥാനത്തിന്നടിത്തറ പാകാൻ സഹായിച്ചുകൊണ്ടദ്ദേഹം സംഘർഷശാന്തതയിലേയ്ക്കും നീതിയുക്തമായ ഒരു സാമൂഹ്യ ക്രമത്തിലേയ്ക്കും നീങ്ങുന്നതിന്നുള്ള ലോകസമൂഹത്തിൻെറ പരിശ്രമങ്ങൾക്കു സുപ്രധാനവും ഈടുററതുമായ ഒരു സംഭാവനനൽകി. ശ്രീമതി ഇന്ദിരാഗാന്ധിയും ശ്രീ: രാജീവ് ഗാന്ധിയും അതേ മാർഗ്ഗംതന്നെ അചഞ്ചലമായി പിൻതുടർന്നു. സോവിയററ് യൂണിയൻ ഒരു മഹാശക്തി എന്ന നിലയിലും മി. ഗോർബച്ചേവിൻെറ ഊർജ്ജസ്വല നേതൃത്വത്തിൻകീഴിലും, യഥാർത്ഥ നിരായുധീകരണം നിലവിൽ കൊണ്ടുവരാനും തദ്വാരാ ലോകസമാധാനത്തിന്നുറപ്പു

വരുത്താനും മൂർത്ത നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്നതിൽ ഞങ്ങൾ സന്തോഷിക്കുന്നു. അദ്ദേഹത്തിന്നു തന്റെ പരിശ്രമത്തിൽ എല്ലാവിധ വിജയങ്ങളും ഞങ്ങൾ ആശംസിക്കുന്നു; എന്തുകൊണ്ടെന്നാൽ, മാനവരാശിയുടെ നിലനില്പ്തന്നെയാണിവിടെ പണയപ്പെട്ടിരിക്കുന്നത്.

ജനറൽ സിക്രട്ടറി മി. ഗോർബച്ചേവ് 27-ാം കോൺഗ്രസ്സിന്നു സമർപ്പിച്ച രാഷ്ട്രീയ റിപ്പോർട്ട് ഞങ്ങളിൽ വളരെയേറെ മതിപ്പുളവാക്കിയിരിക്കുന്നു. വെട്ടിത്തുറന്നുപറയുന്ന സ്വഭാവംകൊണ്ടും ഉള്ളടക്കംകൊണ്ടും ഒരുപോലെ മഹത്തായ ഒരു പ്രസംഗമായിരുന്നു അത്. അദ്ദേഹം സാർവ്വദേശീയ സമാധാനത്തിന്നുവേണ്ടി മൂർത്തമായ നിർദ്ദേശങ്ങൾ മുൻവെച്ചിരിക്കുന്നു എന്നു മാത്രമല്ല, സോവിയററു സമുദായത്തിന്റെ ഭൗതികവും ആത്മീയവുമായ സാഹചര്യങ്ങളിൽ ഗുണാത്മകമായ മാററങ്ങൾ വരുത്തുന്നതിന്നുവേണ്ട പദ്ധതികളും മുൻവെച്ചിരിക്കുന്നു. മഹാനായ ഒരു നേതാവിൻകീഴിൽ ഒരു തലമുറയ്ക്ക് പതിവുവഴി വിട്ടുമാറി, സാധാരണ കാലത്തിന്റെ ആഹ്വാനത്തിന്നുമപ്പുറത്തെ ചുമതലകൾ ഏറെറടുക്കുകയും കടമകൾ നിറവേററുകയും ചെയ്യേണ്ടതായ ഒരു കാലം ഒരു രാഷ്ട്രത്തിന്റെ ജീവിതത്തിൽ വരാറുണ്ട്. മഹത്തായ സോവിയററു ജനത അതുതന്നെയാണ് സഖാവ് ഗോർബച്ചേവിന്റെ നേതൃത്വത്തിൽ ചെയ്തിട്ടുള്ളതെന്നു ഞാൻ ദൃഢമായി വിശ്വസിക്കുന്നു. ഈ ഗംഭീര പരിശ്രമത്തിൽ സോവിയററു ജനതയ്ക്കു എല്ലാവിധ വിജയങ്ങളും എന്റെ പാർട്ടിയുടെപേരിൽ ഞാൻ ആശംസിക്കുകയും, ഞങ്ങളുടെ ജനങ്ങൾ നിങ്ങളുടെ പ്രത്യാശകളിലും നേട്ടങ്ങളിലുള്ള ആവേശത്തിലും പങ്കുചേരുമെന്ന് ഉറപ്പുനൽകുകയും ചെയ്യുന്നു.

50 വർഷത്തിലും കുറഞ്ഞ കാലം മുമ്പ് ഞങ്ങളുടെ സ്വാതന്ത്ര്യലബ്ധിക്കുശേഷം, ഞങ്ങളുടെ ജനങ്ങളെ പിന്നോക്കാവസ്ഥയിൽനിന്നും ദാരിദ്ര്യത്തിൽനിന്നും അജ്ഞതയിൽനിന്നും രോഗങ്ങളിൽനിന്നും പട്ടിണിയിൽനിന്നും രക്ഷപ്പെടുത്താൻ എല്ലാവിധ പരിശ്രമങ്ങളും ഞങ്ങൾ നടത്തിയിട്ടുണ്ട്. ജവഹർലാൽ നെഹ്റുവിന്റെയും ഇന്ദിരാഗാന്ധിയുടെയും നേതൃത്വത്തിൽ ഞങ്ങൾ മുന്നോട്ടു വമ്പിച്ച കുതിച്ചുചാട്ടങ്ങൾ നടത്തിയിരിക്കുന്നു. നാടുവാഴിത്തത്തിന്റെയും അജ്ഞതയുടേയും സാമൂഹ്യ-രാഷ്ട്രീയാസമത്വങ്ങളുടേയും പഴയ പല അവശിഷ്ടങ്ങളും തുടച്ചുനീക്കപ്പെട്ടിരിക്കുന്നു. പ്രധാനപ്പെട്ട ഉൽപാദനോപകരണങ്ങളും ധനകാര്യസ്ഥാപനങ്ങളും സാധാരണ ജനങ്ങളുടെ സ്വത്തായിരിക്കുന്നു. ഊർജ്ജസ്വലമായ ഭൂപരിഷ്കാരങ്ങൾ കാർഷികോൽപാദനത്തെ, ഞങ്ങൾ ഭക്ഷ്യധാന്യങ്ങൾ കയററുമതി ചെയ്യുന്ന ഒരു രാജ്യമായിത്തീർന്നിരിക്കുന്ന ഒരു നിലവാരത്തിലേക്കുയർത്തിയിരിക്കുന്നു. ലോകത്തിലെ അത്യന്തം വ്യവസായവൽകൃതമായ രാജ്യങ്ങളിലൊന്നായിത്തീന്നിരിക്കുന്നു ഞങ്ങൾ. വിദ്യാഭ്യാസം വ്യാപകമായിത്തീർന്നിരിക്കുന്നു; ഏതാണ്ട് 11 കോടി 80 ലക്ഷം ബാലികാബാലൻമാർ ഇപ്പോൾ വിദ്യാഭ്യാസസംവിധാനത്തിലുണ്ട്. ആരോഗ്യസേവനങ്ങൾ ഗ്രാമത്തിലേയ്ക്കെത്തിയിരിക്കുന്നു; ആയുർദൈർഘ്യം വർദ്ധിച്ചിരിക്കുന്നു. ഇന്നു ഞങ്ങളുടെ രാജ്യത്ത് വളരെ വലിയ ഒരു സംഖ്യയോളം ശാസ്ത്രജ്ഞരും സാങ്കേതികവിദഗ്ദ്ധരും ഉയർന്ന നിലയിൽ പരിശീലനം ലഭിച്ച ആൾശക്തിയുമുണ്ട്. ഇതെല്ലാം തന്നെ സംഭവിച്ചിട്ടുള്ളത്, ഞങ്ങൾ സാമ്രാജ്യത്തനുകം വലിച്ചെറിഞ്ഞ് ഒരു സ്വതന്ത്രരാഷ്ട്രമായാവിർഭവിച്ച നാലു ദശാബ്ദത്തിലും കുറഞ്ഞ കാലത്തിനുള്ളിലാണെന്നു ഞാൻ നിങ്ങളെ അനുസ്മരിപ്പിച്ചുകൊള്ളട്ടെ.

രണ്ടുമാസംമുമ്പ്, ഇന്ത്യൻ നേഷനൽ കോൺഗ്രസ്സിന്റെ ശതാബ്ദിയാഘോഷിക്കാൻ ഞങ്ങൾ സമ്മേളിച്ചപ്പോൾ, സ്വാതന്ത്ര്യത്തിലേക്കും ദേശീയ പുനരുദ്ധാരണത്തിലേക്കുമുള്ള ഞങ്ങളുടെ രാഷ്ട്രത്തിന്റെ മുന്നേററത്തിന്റെ ഈ വിശാലദൃശ്യമാണ് ഞങ്ങളുടെ മനസ്സിൽ മുന്തിനിന്നിരുന്നത്. ഞങ്ങളുടെ ചെറുപ്പക്കാരനും ഊർജ്ജസ്വലനുമായ നേതാവായ ശ്രീ. രാജീവ് ഗാന്ധിയുടെ നേ

J651

തൃത്വത്തിൽ ഇന്നത്തെ തലമുറ പരമ്പരയായി ആർജ്ജിച്ചിട്ടുള്ള സമരത്തിന്റെയും ത്യാഗത്തിന്റെയും ഈ പൈതൃകത്തെക്കുറിച്ച് ബോധവാൻമാരായി ഞങ്ങൾ 1985 ഡിസംബർ 28-ാംനു- ഇങ്ങിനെ പ്രഖ്യാപിച്ചു:

''സോഷ്യലിസം തന്നെയാണ് നമ്മുടെ ലക്ഷ്യം; മതേതരത്വമാണ് നമ്മുടെ തത്വസംഹിത. ജനാധിപത്യമാണ് നമ്മുടെ വിശ്വാസം. ഭൂഗോളത്തിലെങ്ങുമുള്ള മാനുഷിക ബന്ധങ്ങളിൽ ചേരിചേരായ്മയാണ് നമ്മുടെ വിശ്വാസപ്രമാണം. മഹാത്മാഗാന്ധിയുടെയും ജവഹർലാൽ നെഹ്റുവിന്റെയും ഇന്ദിരാഗാന്ധിയുടെയും സ്വപ്നങ്ങളെ — ഇവയെല്ലാം കൂടിച്ചേർന്ന്, രാജീവ് ഗാന്ധിയുടെ പ്രവർത്തനോൻമുഖ സ്വപ്നമായിത്തീർന്നിരിക്കുന്നു — യാഥാർത്ഥ്യത്തിലേക്ക് വിവർത്തനം ചെയ്യാൻ നാം ധൈര്യപ്പെടുന്നു. കോൺഗ്രസ്സിന്റെ സുപരീക്ഷിത നയങ്ങളെ — അതായത് സാമ്പത്തിക സ്വാശ്രയത്വം, പൊതുമേഖലയ്ക്കു പ്രാഥമികസ്ഥാനം, നാട്ടിലെ ദരിദ്രരിൽവെച്ചേററവും ദരിദ്രരായവരുടെ ഉന്നമനത്തിനായി പുരോഗമിച്ച ശാസ്ത്രത്തിന്റെയും സാങ്കേതിക വിദ്യയുടെയും വിന്യസനം, ദാരിദ്ര്യത്തിന്നെതിരായി അതു നിർമ്മാർജ്ജനം ചെയ്യപ്പെടുന്നതുവരെ നേരിട്ടാക്രമണം നടത്തൽ, അദ്ധ്വാനിക്കുന്ന കർഷകരുടെയും തൊഴിലാളികളുടെയും ജീവിതനിലവാരമുയർത്താൻ അശ്രാന്തപരിശ്രമം നടത്തൽ, സാമൂഹ്യസമത്വം, ന്യൂനപക്ഷങ്ങളുടെയും സമുദായത്തിലെ ദുർബ്ബലവിഭാഗങ്ങളുടെയും അവകാശങ്ങളെ പരിപൂർണ്ണമായി കാത്തുരക്ഷിക്കൽ എന്നിവയാണ് ആ സുപരീക്ഷിത നയങ്ങൾ.''

ഞങ്ങളുടെ ചേരിചേരാനയം നിഷ്പക്ഷതയുടേതായ നയമല്ല. സാമ്രാജ്യത്വത്തിന്റെയും എല്ലാ രൂപങ്ങളിലുമുള്ള പുത്തൻ കൊളോണിയലിസത്തിന്റെയും നിർമ്മാർജ്ജനം, ദക്ഷിണാഫ്രിക്കയിലെ വെറുക്കപ്പെട്ട അപ്പാർത്തീഡ് വാഴ്ചയവസാനിപ്പിക്കൽ, പലസ്തീൻ ജനതയുടെ അവകാശങ്ങൾ പുനസ്ഥാപിക്കൽ, ഇന്ത്യാസമുദ്രത്തെ ഒരു സമാധാനമേഖലയാക്കിത്തീർക്കൽ, എന്നിവയെയും മാനവരാശിക്കു നീതി കൈവരുത്തുന്ന മറെറല്ലാ നടപടികളേയും പോലുള്ള മൂല്യങ്ങളെ ഞങ്ങൾ ശക്തിയുക്തം പിൻതാങ്ങുന്നു. വാസ്തവത്തിൽ, ഈ പ്രശ്നങ്ങളെയെല്ലാം കുറിച്ചുള്ള നമ്മുടെ നിലപാടുകൾ എത്രയും സദൃശങ്ങളാണ്; ഈ വീക്ഷണസാദൃശ്യമാകട്ടെ നമ്മുടെ പരസ്പരബന്ധങ്ങൾക്കു പുതിയൊരർത്ഥവും ആഴവും അണച്ചിട്ടുമുണ്ട്.

മി: ചെയർമാൻ, ഞങ്ങൾ സോവിയററു യൂണിയനുമായുള്ള ഞങ്ങളുടെ ബന്ധത്തെ അഗാധമായി വിലമതിക്കുന്നു. ഞങ്ങൾക്ക് നിങ്ങളുടെ പിൻതുണ ഏററവും ആവശ്യമായിരുന്ന സ്ഥലത്തും സമയത്തും അതു നൽകിയതിന്നു ഞങ്ങൾ നിങ്ങളോടു നന്ദിപറയുന്നു; നിങ്ങളുടെ സൗഹൃദത്തിന്റെ ഊഷ്മളതയ്ക്കു ഞങ്ങൾ നിങ്ങളോട് നന്ദി പറയുന്നു; അതേ സൗഹൃദം ഞങ്ങൾ അങ്ങോട്ടും പ്രകടിപ്പിക്കുന്നു. ഇന്ത്യൻ നേഷനൽ കോൺഗ്രസ്സും സോവിയററ് യൂണിയനിലെ കമ്യൂണിസ്റ്റ് പാർട്ടിയും തമ്മിൽ സ്ഥാപിച്ചിട്ടുള്ള സൗഹൃദബന്ധങ്ങൾ ഉത്തരോത്തരം ശക്തിപ്രാപിക്കുകയും ലോകത്തിലെ സമാധാനത്തിന്നുവേണ്ടിയുള്ള ഒരു നെടുംതൂണാണെന്നു തെളിയുകയും ചെയ്യുമെന്നതിൽ എനിക്കു സംശയമില്ല. ഞങ്ങളുടെ ശതാബ്ദിയാഘോഷവേളയിൽ ഒരു ഉന്നതാധികാരപ്രതിനിധിസംഘം മുഖേന നിങ്ങളുടെ പാർട്ടി അയച്ച ഊഷ്മള സന്ദേശവും, നിങ്ങളുടെ മഹത്തായ പാർട്ടിയുടെ 27-ാം കോൺഗ്രസ്സു പ്രമാണിച്ച് ഞാൻ കൊണ്ടുവരുന്ന അഭിവാദനങ്ങളും നമ്മുടെ സ്ഥായിയായ സൗഹൃദത്തിന്നും മനുഷ്യരാശിയുടെ അന്തിമഭാഗധേയത്തെക്കുറിച്ചുള്ള പൊതുധാരണയ്ക്കും മറെറാരു മാനം കൂട്ടിച്ചേർക്കുമെന്ന് എനിക്കുറപ്പുണ്ട്.

ഇന്ത്യാ-സോവിയററ് സൗഹൃദം നീണാൾ വാഴട്ടെ! □

**SOVIET SAMIKSHA** (MALAYALAM)

Vol. XXI No. 11
March 14, 1986

**CONTENTS**

**Message of Greetings of CPSU Central Committee to 13th Congress of CPI**

**Resolution of the 27th Congress of the CPSU on the Political Report of the CPSU Central Committee**

**Communique on Plenum of CPSU Central Committee**

**Closing Speech by Mikhail Gorbachev at the 27th CPSU Congress**

**Indian Guests Greet 27th Congress**

- **Speech by C. Rajeswara Rao**
- **Speech by M. Basavapunniah**
- **Speech by Arjun Singh**

| | | |
|---|---|---|
| എൽ. എ. അബ്രമോവ് | : | എഡിറ്റർ |
| വി. എൻ. സെരിബ്രിയാക്കോവ് | : | മാനേജിങ്ങ് എഡിറ്റർ |
| ജി. ആളവന്താർ | : | ജോയിന്റ് എഡിറ്റർ |
| കെ. പി. മുഹമ്മദ്കോയ | : | അസിസ്റ്റന്റ് എഡിറ്റർ |
| എ. എം. ദിയക്കോവ് | : | ആർട്ട് ഡയറക്ടർ |

11 ഇന്ത്യൻ ഭാഷകളിലും ഇംഗ്ലീഷിലും പ്രസിദ്ധീകരിക്കപ്പെടുന്നു.

ഫോട്ടോകൾക്കും ലേഖനങ്ങൾക്കും നൊവോസ്തി പ്രസ്സ് ഏജൻസിയോട് കടപ്പെട്ടിരിക്കുന്നു

ലേഖനങ്ങൾ പുനഃപ്രസിദ്ധീകരിക്കുന്നവർ *സോവിയറ്റ് സമീക്ഷ* എന്നു ചേർക്കുന്നത് സന്തോഷകരമാണ്.

Printed by Y. L. Frolov and Published by him at Soviet Nadu Office, 115, Theagaraya Road, Madras-600 017, for the Information Department of the USSR Embassy in India. Printed at the Janatha Press, Madras-600 014.

Regd. No. M. 8162

# സോ
# സോവിയറ്റ്
# സ
# സമീക്ഷ

XXVII

# സോവിയററ് കമ്യൂണിസ്റ്റ് പാർട്ടി 27-ാം കോൺഗ്രസ്സ്

## സി. പി. എസ്. യു. സെൻട്രൽ കമ്മിററിയുടെ രാഷ്ട്രീയ റിപ്പോർട്ടിനെപ്പററി 27-ാം കോൺഗ്രസ്സിൻെറ പ്രമേയം

•

## സി. പി. എസ്. യു. സെൻട്രൽ കമ്മിററി പ്ലീനം സംബന്ധിച്ച കമ്യൂണിക്കെ

•

## 27-ാം സി. പി. എസ്. യു. കോൺഗ്രസ്സിൽ മിഖയിൽ ഗോർബച്ചേവ് ചെയ്ത ഉപസംഹാരപ്രസംഗം

947.005
SOV

പുസ്തകം 21 സോസ മാർച്ച് 14
ലക്കം 11 സോവിയറ്റ് സമീക്ഷ 1986

Indic Digital Archive Foundation
gpura.org